

# ദിവ്യകാരുണ്യത്തിന്റെ കൂട്ടുകാരൻ



# ദിവ്യകാരുണ്യത്തിന്റെ കൂട്ടുകാരൻ

SERVANT OF GOD FR. CANISIUS THEKKEKKARA CMI


**EDITORIAL BOARD**



Fr Antony Mannummel CMI
**Cheif Editor**



Bro Remi Vadakan CMI
**Sub Editor**



Bro Linston Olakkengil CMI
**Sub Editor**



Fr Senjo Naduvilpeedika CMI
**Cover & Sketch**



Fr Aljo Komban CMI
**Sketch**



Bro Ditto Superath CMI
**Sketch**



*Design*: smritidesign.com
Printing: Anaswara, Kochi

*Published By*: Pastoral Department,
CMI Devamatha Province, Thrissur



ദൈവദാസൻ കനീസിയൂസ് തെക്കേകര സി.എം.ഐ.

# ഉള്ളടക്കം




ആമുഖം 6

ഫാ. സണ്ണി പുന്നേലിപറമ്പിൽ CMI
*വൈസ് പോസ്റ്റുലേറ്റർ ദൈവദാസൻ കനീസിയൂസച്ചൻ*

1. നാഴികക്കല്ലുകൾ 7
2. Family Details 8
3. Family Tree 10
4. ദൈവദാസനായ കനീസിയൂസച്ചൻ 12
   ഫാ. ഡോ. ഡേവിസ് പനയ്ക്കൽ CMI
   *പ്രൊവിൻഷ്യൽ, ദേവമാതാ പ്രോവിൻസ്, തൃശൂർ*
5. കുടുംബപ്രേഷിതൻ കനീസിയൂസച്ചൻ
   മാർ പോളി കണ്ണൂക്കാടൻ, *ഇരിങ്ങാലക്കുട രൂപതാമെത്രാൻ* 14
6. ജീവിതലാളിത്യത്തിൽ ശോഭയാർന്ന ജീവിതം
   മാർ ജേക്കബ് തൂങ്കുഴി, *തൃശൂർ അതിരൂപത, മുൻ മെത്രാപ്പോലീത്ത* 15
7. യേശുവിനെ കൂടെകൂട്ടിയ കനീസിയൂസച്ചൻ
   മാർ ടോണി നീലങ്കാവിൽ, *തൃശൂർ അതിരൂപത, സഹായമെത്രാൻ* 16
8. ദൈവസായൂജ്യത്തിൽ നിന്നും ശക്തി സംഭരിച്ച പുണ്യപിതാവ്
   മാർ ആന്റണി കരിയിൽ, 17
   *എറണാകുളം –അങ്കമാലി അതിരൂപത, മെത്രാപ്പോലീത്ത*
9. വിളിക്കുള്ളിലെ വിളിയെ തിരിച്ചറിഞ്ഞ വൈദികൻ
   മാർ വിജയാനന്ദ് നെടുമ്പുറം, *ഛാന്ദാ രൂപത, മുൻ മെത്രാൻ* 18
10. സഹനങ്ങളെ ദൈവസ്നേഹമാക്കി മാറ്റിയ കനീസിയൂസച്ചൻ
    മാർ പ്രിൻസ് പാണേങ്ങാടൻ, *അദിലാബാദ് രൂപത, മെത്രാൻ* 19
11. കുമ്പസാരത്തോടുള്ള സ്നേഹം വളർത്തിയ പുണ്യവര്യൻ
    മാർ സ്റ്റീഫൻ ചിറപ്പണത്ത്, *അപ്പസ്തോലിക് വിസിറ്റേറ്റർ, യൂറോപ്പ്* 20
12. എന്റെ മാർഗ്ഗദർശകൻ
    മാർ ജോസഫ് പാസ്റ്റർ നീലങ്കാവിൽ *സാഗർ രൂപത, മുൻമെത്രാൻ* 21
13. കത്തോലിക്കാസഭയുടെ അഭിമാനം
    ശ്രീ. കുര്യൻ ജോസഫ് *റിട്ട. സുപ്രീം കോർട്ട് ജഡ്ജ്* 22
14. My Fr. Canisius
    Christina Mohini Srinivasan OPL, *(Order of Preachers, Laity) Cine Artist* 24
15. കുടുംബങ്ങൾക്കു പ്രകാശമായി കനീസിയൂസച്ചൻ
    ഡോ. റോസ്മേരി വിൽസൻ, *കണ്ടംകുളത്തി വൈദ്യശാല* 26
16. പ്രാർത്ഥിക്കാൻ പഠിപ്പിച്ച കനീസിയൂസച്ചൻ
    ഫാ. ഡോ. പോൾ ആച്ചാണ്ടി CMI *റെക്ടർ, ധർമ്മാരാം കോളേജ്, ബാംഗ്ലൂർ* 27
17. വിശുദ്ധിയുള്ള, നന്മയുള്ള കനീസിയൂസച്ചൻ
    ഫാ. ഡോ. തോമസ് ഐക്കര CMI 28
18. 'ദൈവേഷ്ടം അതുമുഴുവൻ, അതുമാത്രം'
    ഫാ. ജോസ് പന്തപ്ലാംതോട്ടിയിൽ CMI 29
19. വചനോപാസകനായ കനീസിയൂസച്ചൻ
    ഫാ. ഡോ. തോമസ് മാമ്പ്ര CMI 30



20. ആ വിശുദ്ധൻ കനീസിയൂസച്ചനായിരുന്നു
ഫാ. പ്രോസ്പർ കൊമ്പൻ CMI 31
21. ദൈവത്തെ കണ്ട കനീസിയൂസച്ചൻ
ഫാ. ഡോ. ലൂഷ്യസ് നെരേപറമ്പിൽ CMI 32
22. അധീനരെ ആദരിക്കുന്ന കനീസിയൻ ശൈലി
ഫാ. ജോസ് ചുങ്കൻ CMI 33
23. കനീസിയൂസ് അച്ചനെക്കുറിച്ച്
ഫാ. ഡോ. ജോർജ്ജ് നെരേപറമ്പിൽ CMI 37
24. “പരമാവധി” പ്രമാണം
ഫാ. ഡോ. ജോസ് നന്തിക്കര CMI 39
25. ദൈവദാസനായ എന്റെ അപ്പാപ്പനച്ചൻ
വർഗ്ഗീസ് പോൾ തെക്കേകര, ആനന്ദപുരം 42
26. അഭിമുഖം: കനീസിയൂസച്ചൻ തൊട്ട ഷാജപ്പൻ 45
27. ദൈവത്തിന്റെ കൈകളും കാലുകളുമായ കനീസിയൂസച്ചൻ
കുമാരി ചിപ്പി ലൂക്ക, R J റേഡിയോ ആഞ്ചലോസ് 50
28. കനീസിയൂസച്ചൻ അന്ത്യദിനങ്ങളിലൂടെ
സി. ട്രീസ പറോക്കാരൻ CHF 51
29. അന്ന് മനുഷ്യദാസൻ, ഇന്ന് ദൈവദാസൻ
മോൺ. ജോസ് ഇരിമ്പൻ (Late) 52
*ഇരിങ്ങാലക്കുട രൂപത മുൻ വികാരി ജനറാൾ*
30. ജീവിക്കുന്ന വിശുദ്ധൻ
ഫാ. ആന്റണി പള്ളിപ്പാടൻ CMI (Late) 53
31. സ്നേഹധനനായ ഫാ. കനീസിയൂസ്
സി. ക്ലിയോപാട്ര CMC (Late) 54
32. അത്ഭുതസാക്ഷ്യങ്ങൾ 55
33. മൊഴിമുത്തുകൾ 60
34. പ്രസിദ്ധീകരണങ്ങൾ 62
35. യാത്രാമൊഴി 68
36. Online Portal 70

## INTRODUCTION



**ഫാ. സണ്ണി പുന്നേലിപറമ്പിൽ സി.എം.ഐ.**
*വൈസ് പോസ്റ്റുലേറ്റർ ദൈവദാസൻ കനീസിയൂസച്ചൻ*

പരി. അമ്മയുടെ മടിയിലിരുന്ന് ദിവ്യകാരുണ്യത്തെ, മാതാവിന്റെ കണ്ണിലൂടെ നോക്കികണ്ട, ആ കണ്ണുകളുടെ തിളക്കത്തിൽ ദിവ്യകാരുണ്യനാഥനെ അനുഭവിച്ചറിഞ്ഞ വ്യക്തിയാണ് കനീസിയൂസച്ചൻ. പരിശുദ്ധ മാതാവിന്റെ ജപമാല കയ്യിൽ പിടിച്ച് ദിവ്യകാരുണ്യനാഥന്റെ തിരുമുഖത്തെ ഇമവെട്ടാതെ കൺകുളിർക്കെ നോക്കി തിരുസന്നിധിയിൽ പാർത്തവനാണ് ദൈവദാസനായ കനീസിയൂസച്ചൻ. ദൈവഹിതമറിയാൻ സന്നിധിയിലെ ദിവ്യകാരുണ്യസ്രോതസ്സിലേക്ക് മിഴികൾ നട്ടും, കാതുകൾ ദൈവസ്വരത്തിനായി കൂർപ്പിച്ചുവച്ചും, ദൈവഹിതത്തെ നിറവേറ്റാൻ മനസ്സിനും, ഹൃത്തിനും ശക്തി സംഭരിച്ചും, ദൈവഹിതം നടപ്പായി എന്ന് ഉറപ്പുവരുത്താനുള്ള ഇച്ഛാശക്തിയിലൂടെ മുന്നോട്ടുനടന്നും ദൈവസന്നിധിയിൽ ലയിച്ച കനീസിയൂസച്ചൻ. ദിവ്യകാരുണ്യസന്നിധിയിൽ ഭജനയിരുന്നും, ദൈവഹിതം കേട്ടും, അവനോട് സംസാരിച്ചും, ജീവിതത്താരയിൽ ദൈവത്തോടൊപ്പം നടക്കുകയും ചെയ്ത കനീസിയൂസച്ചനെന്ന ദിവ്യകാരുണ്യത്തിന്റെ കൂട്ടുകാരനെ നമുക്ക് മാതൃകയാക്കാം. ദൈവദാസനായ കനീസിയൂസച്ചൻ നമ്മെ പഠിപ്പിക്കട്ടെ "എങ്ങനെയാണ് ദിവ്യകാരുണ്യമെന്ന ദൈവസജീവസാന്നിധ്യത്തെ 'കൂട്ടുകാരനായി', 'കൂടപ്പിറപ്പായി', 'കരുതലായി', 'കാവലായി, 'നിറസാന്നിധ്യമായി' അനുഭവിക്കുകയെന്ന്." മാതാവിലൂടെ ദൈവകാരുണ്യത്തിലേക്ക് നോക്കി ദൈവഹിതത്തിനായി ചെവി ചായ്ക്കാൻ മാതൃഭക്തനായ കനീസിയൂസച്ചൻ ദിവ്യകാരുണ്യത്തിന്റെ കൂട്ടുകാരനായതുപോലെ നമുക്ക് ദൈവനിവേശനത്തിനായി ആത്മാർത്ഥമായി പ്രാർത്ഥിക്കാം. കനീസിയൂസച്ചൻ നമുക്ക് മദ്ധ്യസ്ഥനാകട്ടെ.





## ദൈവദാസനായ കനീസിയൂസച്ചന്റെ ജീവിതത്തിലെ സുപ്രധാന **നാഴികക്കല്ലുകൾ**

| | |
|---|---|
| 1914 മെയ് 12 | : ജനനം; ആനന്ദപുരം |
| | : മാമ്മോദീസ; പറപ്പൂക്കര (മാമ്മോദീസ പേര് കൊച്ചൗസേപ്പ്) |
| 1927 - 1928 | : നാലര ക്ലാസ്; എൽത്തുരുത്ത് |
| 1931 - 1934 | : യോഗാർത്ഥി, ഹൈസ്ക്കൂൾ; പാവറട്ടി |
| 1935 നവംബർ 24 | : ആദ്യവ്രതം |
| 1936 - 1942 | : സെമിനാരി പഠനം; മംഗലാപുരം |
| 1942 ഡിസംബർ 21 | : പൗരോഹിത്യ സ്വീകരണം; മംഗലാപുരം |
| 1944 - 1945 | : ഡി.ഡി. പഠനം; കാൻഡി |
| 1948 - 1952 | : ഡി.എസ്.എസ്., ഗവേഷണപഠനം; റോം |
| 1957 - 1959 | : സെമിനാരി പ്രഫസർ; സ്പിരിചൽ മാസ്റ്റർ; ബാംഗ്ലൂർ |
| 1960 - 1966 | : റെക്ടർ, ബാംഗ്ലൂർ |
| 1966 - 1972 | : പ്രിയോർ ജനറാൾ, എറണാകുളം |
| 1972 - 1975 | : പ്രൊവിൻഷ്യാൾ; തൃശൂർ |
| 1978 - 1981 | : വികാർ ജനറാൾ; എറണാകുളം |
| 1981 - 1996 | : ആത്മീയഗുരു; പരിയാരം |
| 1996 - 1998 | : ആശ്രമാംഗം; അമ്പഴക്കാട് |
| 1998 ജനുവരി 29 | : മരണം; അമ്പഴക്കാട് |
| 2014 മാർച്ച് 29 | : ദൈവദാസ പദവി |

# FAMILY DETAILS

| | | |
|---|---|---|
| വീട് | : | ആനന്ദപുരം. |
| തറവാട് | : | തെക്കേകര പൊതപറമ്പിൽ |
| അപ്പൻ | : | ലോനപ്പൻ |
| അമ്മ | : | മറിയം |
| അമ്മയുടെ തറവാട് | : | കണ്ണാത്ത് (അഷ്ടമിച്ചിറ) |




ദൈവദാസൻ
കനീസിയൂസച്ചന്റെ ഭവനം



## FAMILY TREE



ലോനപ്പൻ (മരിച്ചു)
സി. എഗ്രേഷ്യ
ത്രേസ്യക്കുട്ടി
സി. നസത്രിയ
ഏല്യക്കുട്ടി
ഇട്ടൂപ്പ്
വെറോനിക്ക
പൗലോസ്
ഈനാശുവിന് 3
ആണും
1 പെണ്ണും
ഈനാശൂ
കൊച്ചൗസേപ്പ്
(മരിച്ചു)
ലോനപ്പന്
6 ആണും
2 പെണ്ണും
കൊച്ചുമറിയം
കൊച്ചുവർക്കി
9 മക്കൾ
കൊച്ചുമറിയം
കടുപ്പശ്ശേരിയിലെ
കണ്ടംകുളത്തി
വറീയ്ത് ആണ്
ഭർത്താവ്
(6 മക്കൾ)
സർസീലക്കുട്ടി
ലോനപ്പൻ
ലോനപ്പൻ
ലോനപ്പന്റെ
മക്കൾ 5 പേർ.
ത്രേസ്യക്കുട്ടി
തെക്കേകര
പൊതപറമ്പിൽ
ലോനപ്പൻ
വല്ല്യപ്പന്റെ മകന്റെ
മകൻ ബ്രദറാണ്.
ബ്രദർ ഫിയാത്ത്
റോസറി ഹിൽ ആശ്രമം
മോനാടി, കൊടുങ്ങ.


ലോനപ്പ ക്കുട്ടി
കൊച്ചുമറിയം (കല്ല്യാണം കഴിച്ചത് വരന്തരപ്പിള്ളി, വെട്ടിയാട്ടിൽ)
റോസ
സി. അവലീന (മംഗലാപുരം മഠത്തിൽ)
സി. എൽസി
ത്രേസ്യ (വിവാഹം കഴിച്ചിട്ടില്ല)
കൊച്ചുറോസ (സി.സർസീല)
കൊച്ചൗസേപ്പ് (ഫാ.കനീസി യൂസ്)
ഇട്ടൂപ്പ് *(നന്നേ ചെറുപ്പത്തിലേ മരിച്ചുപോയി)*
**കണ്ണാത്ത് മറിയം (അഷ്ടമിച്ചിറ)**
അന്തോണി *(നന്നേ ചെറുപ്പത്തിലേ മരിച്ചുപോയി)*
ഇളയപ്പന്റെ മകന്റെ മകൻ അച്ചനാണ്. ഫാ. ജെയ്ക്കബ് ലോനപ്പൻ തെക്കേകര
വല്ല്യപ്പന്റെ മകൾ – സി. ബർത്ത

**MESSAGE**

**ഫാ. ഡോ. ഡേവിസ് പനയ്ക്കൽ സി.എം.ഐ**
പ്രൊവിൻഷ്യൽ, ദേവമാതാ പ്രൊവിൻസ്, തൃശൂർ




# ദൈവദാസനായ കനീസിയൂസച്ചൻ

**വി**ശുദ്ധിയും വിജ്ഞാനവും സമഞ്ജസമായി സമ്മേളിച്ച ആചാര്യ ശ്രേഷ്ഠനായിരുന്നു ദൈവദാസനായ കനീസിയൂസച്ചൻ. 1914 മെയ് 12 ന് തൃശ്ശൂർ ജില്ലയിൽ ആനന്തപുരത്ത് തെക്കേക്കര പൊതപറമ്പിൽ ലോനപ്പന്റേയും ഭാര്യ മറിയത്തിന്റേയും മകനായി കനീസിയൂസച്ചൻ ജനിച്ചു. “ദൈവേഷ്ടം അത് മുഴുവൻ അത് മാത്രം” എന്നതായിരുന്നു മാതാപിതാക്കളുടെ ആദർശം. ഈ ജീവിതദർശനം തന്നെയായിരുന്നു കനീസിയൂസച്ചന്റെ ആപ്തവാക്യം. പ്രാഥമിക വിദ്യാഭ്യാസത്തിനു ശേഷം സി.എം.ഐ സഭയിൽ 1935 നവംബർ 24 –ാം തിയതി ആദ്യവ്രതം അനുഷ്ഠിച്ചു. കോട്ടയ്ക്കൽ (അമ്പഴക്കാട്) കൊവേന്തയിൽ പ്രാഥമിക സന്യാസ പരിശീലനവും പൂർത്തിയാക്കി. 1942 ഡിസംബർ 21–ാം തിയതി പൗരോഹിത്യം സ്വീകരിച്ചു.

ഉപരിപഠനം ശ്രീലങ്കയിലെ കാൻഡിയിലും റോമിലും നടത്തി. വിശുദ്ധ ഗ്രന്ഥ പഠനത്തിൽ 1952–ൽ ഡോക്ടറേറ്റ് കരസ്ഥമാക്കി. ഇന്ത്യയിൽ നിന്നും ആദ്യമായി ബൈബിൾ വിജ്ഞാനീയത്തിൽ ഡോക്ടറേറ്റ് നേടിയ ജ്ഞാനിയാണ് ദൈവദാസനായ കനീസിയൂസച്ചൻ. ഉത്തമരായ ഗുരുക്കന്മാരുടെ ശിഷ്യത്വവും മാതൃകയും വിശുദ്ധിയിലും വിജ്ഞാനത്തിലും വിനയത്തിലും വിശ്വസ്തതയിലും അദ്ദേഹത്തെ വളർത്തി ഉയർത്തി.

സി.എം.ഐ സഭയിൽ വ്യത്യസ്ത സേവനരംഗങ്ങളിൽ ജ്വലിച്ചു നിന്നിരുന്ന സഭാശുശ്രൂഷകനായിരുന്നു ദൈവദാസനായ കനീസിയൂസച്ചൻ. സെമിനാരി പ്രൊഫസർ, റെക്ടർ, പ്രൊവിൻഷ്യൽ, വികാരി ജനറൽ, പ്രിയോർ ജനറൽ, ആത്മീയ ഗുരുഭൂതൻ തുടങ്ങിയ ഔദ്യോഗിക ജോലികൾ ഏറ്റവും കൃത്യമായും ഉത്തരവാദിത്വത്തോടും കൂടി നിർവ്വ



ഹിച്ചിട്ടുണ്ട്. സഭയോടൊത്ത് ചിന്തിച്ചിരുന്ന അദ്ദേഹം രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ വെളിച്ചത്തിൽ നവീകരണത്തിനും കാലോചിതമായ കാൽവെയ്പ്പുകൾക്കും താല്പര്യം എടുത്തിരുന്നു. സാംസ്കാരിക, വിദ്യാഭ്യാസ, സാമൂഹിക സമ്പർക്ക മാധ്യമ രംഗത്തും ഉണർന്നു പ്രവർത്തിക്കാനും ഉയർന്നു നയിക്കാനും മിഷൻ പ്രവർത്തനങ്ങൾ അന്വർത്ഥമാക്കാനും സഭാംഗങ്ങൾക്ക് പ്രചോദനവും പ്രോത്സാഹനവും നൽകിയിരുന്നു. അഭിഷേകവും വിശുദ്ധിയും നിറഞ്ഞ ഒരു സി.എം.ഐ സഭാശ്രേഷ്ഠൻ, വിജ്ഞാനിയായ ഗുരുഭൂതൻ, ദിവ്യകാരുണ്യ ഭക്തൻ, ഗ്രന്ഥകാരൻ, പ്രാർത്ഥനാരൂപിയുടെ മനുഷ്യൻ, വചനോപാസകൻ – ഇങ്ങനെ നിരവധി തലങ്ങൾ ദൈവദാസനായ കനീസിയൂസച്ചന്റെ പ്രാഭവം വിളിച്ചോതുന്നു. സംസാരത്തിലും പെരുമാറ്റത്തിലും സവിശേഷമായ സൗമ്യതയും സ്നേഹവും കരുണയും കുലീനത്വവും ശുശ്രൂഷാ മനോഭാവവും ദൈവദാസനായ കനീസിയൂസച്ചനിൽ നിറഞ്ഞുനിന്നിരുന്നു. ബലിയർപ്പണത്തിലും, കുമ്പസാരവേളയിലും, അദ്ധ്യാപനത്തിലും, പ്രാർത്ഥനാനിമിഷങ്ങളിലും, ഉല്ലാസവേളയിലും ഒരു ദിവ്യാനുഭവം ആ മുഖത്ത് ദൃശ്യമായിരുന്നു.

പ്രായാധിക്യവും ആമവാതത്തിന്റെ അസുഖവും അദ്ദേഹത്തെ വല്ലാതെ വിഷമിപ്പിച്ചുവെങ്കിലും ക്ഷമയോടെ ആവലാതിയില്ലാതെ അവ സ്വീകരിച്ചു. ജീവിത സായാഹ്നത്തിലും തന്നെ എടുത്തുപയോഗിക്കുന്ന ദിവ്യനാഥന് നന്ദി ചൊല്ലുന്ന കനീസിയൂസച്ചന്റെ വാക്കുകൾ ഹൃദയസ്പർശിയാണ്. “തേഞ്ഞു തീരാറായ ഈ ബ്രഷിന്റെ ബാക്കിയും ഉപയോഗിച്ചുതീർക്കാൻ ദയവു തോന്നിയ ദിവ്യ കലാകാരന് നിത്യസ്തുതി.” 1998 ജനുവരി 29ന് ദൈവദാസനായ കനീസിയൂസച്ചൻ ഈശോയിൽ നിദ്ര പ്രാപിച്ചു. ദൈവദാസനായ കനീസിയൂസച്ചന്റെ ഭൗതികാവശിഷ്ടങ്ങൾ അമ്പഴക്കാട്ട് ആശ്രമ ദേവാലയത്തിൽ അടക്കം ചെയ്തിരിക്കുന്നു.

MESSAGE

**മാർ പോളി കണ്ണൂക്കാടൻ**
ഇരിങ്ങാലക്കുട രൂപത, മെത്രാൻ




# കുടുംബപ്രേഷിതൻ കനീസിയൂസച്ചൻ

കേരള കത്തോലിക്കാസഭയ്ക്ക് ദൈവം നൽകിയ അമൂല്യമായ നിധിയാണ് ദൈവദാസൻ കനീസിയൂസച്ചൻ. കാലഘട്ടത്തിന്റെ പ്രവാചകനായി കുടുംബങ്ങളെ പുനഃരുദ്ധരിക്കുന്നതിന് കനീസിയൂസച്ചൻ ആരംഭിച്ച സുവിശേഷ പ്രവർത്തനങ്ങൾ ഇന്ന് ലോകം മുഴുവനും അറിയപ്പെടുന്ന അവസ്ഥയിലേക്ക് ദൈവം ഉയർത്തി എന്നതിൽ ഏറെ അഭിമാനമുണ്ട്. ജീവിതത്തിലെ സമസ്ത മേഖലകളിലും ദൈവത്തോടൊപ്പം യാത്ര ചെയ്തു എന്നതാണ് കനീസിയൂസച്ചന്റെ സവിശേഷത.

സഹനങ്ങളിലും രോഗങ്ങളിലും സന്തോഷത്തിലും സൗഭാഗ്യത്തിലും ദൈവത്തിന്റെ അദൃശ്യമായ സാന്നിധ്യം ഇദ്ദേഹത്തിന് എന്നും കൂട്ടിനുണ്ടായിരിന്നു. ലോകത്തിന് തീർത്തും അഗ്രാഹ്യവും മനുഷ്യർക്ക് തികച്ചും അപരിചിതവുമായ വഴികളിലൂടെ യാത്ര ചെയ്യുമ്പോഴും അന്ധകാര ശക്തികളോടും ആരോപണങ്ങളോടും പൊരുതേണ്ടി വന്നപ്പോഴും ദൈവം അറിയാതെ ഒന്നും സംഭവിക്കുന്നില്ല എന്നുള്ള ആഴമായ വിശ്വാസദർശനം കനീസിയൂസച്ചന് ശക്തി പകർന്നിരുന്നു.

കുടുംബം നന്നാകുമ്പോഴാണ് സമൂഹവും രാഷ്ട്രവും ബലവത്താവുക എന്നുള്ള അടിസ്ഥാനപ്രമാണമാണ് കുടുംബങ്ങൾക്കു വേണ്ടി പ്രവർത്തിക്കാൻ ഇദ്ദേഹത്തിന് പ്രേരണയായത്. ആത്മാവിന്റെ നെടുവീർപ്പും മനസിന്റെ വിതുമ്പലും ഹൃദയത്തിന്റെ തേങ്ങലും കണ്ണിന്റെ കരച്ചിലും കേട്ടിടത്തൊക്കെ കനീസിയൂസച്ചൻ ഒരു മാലാഖയെപ്പോലെ ഓടിയെത്തി. ദാനമായി ലഭിച്ച സിദ്ധിയുടെ കരുത്തോടെ രക്ഷയുടെ പ്രേഷിതനായി.



**MESSAGE**

**മാർ ജേക്കബ്ബ് തൂങ്കുഴി**

*തൃശൂർ അതിരൂപത, മുൻ മെത്രാപ്പോലീത്ത*



# ജീവിതലാളിത്യത്തിൽ ശോഭയാർന്ന ജീവിതം

ദൈവദാസൻ കനീസിയൂസച്ചനെ എനിക്ക് നല്ല പരിചയമുണ്ട്. അദ്ദേഹത്തിന്റെ സുകൃത ജീവിതത്തെ കണ്ടറിഞ്ഞിട്ടുണ്ട്; അതിലുപരി, കേട്ടറിഞ്ഞിട്ടുണ്ട്, പലരിൽ നിന്നും. അദ്ദേഹം ധർമ്മാരാം റെക്ടറായും, ജനറാളായും, പ്രൊവിൻഷ്യലായും മറ്റും ഉന്നത ശ്രേണികളിൽ വ്യാപരിച്ചിട്ടുണ്ടല്ലോ.

ദൈവദാസൻ കനീസിയൂസച്ചനെപ്പറ്റി ചില ചെറുഗ്രന്ഥങ്ങൾ ഞാൻ കണ്ടിട്ടുണ്ട്; വായിച്ചിട്ടുണ്ട്. അദ്ദേഹം യഥാർത്ഥത്തിൽ ഒരു വിശുദ്ധ സന്യാസ വൈദികനായിരുന്നുവെന്ന് പലരും പറഞ്ഞു കേൾക്കുന്നുണ്ട്; പ്രത്യേകിച്ച് അടുത്ത് പരിചയമുള്ളവർ.

സ്ഥാനമാനങ്ങൾ അലങ്കരിച്ചിരുന്നപ്പോഴും അല്ലാത്തപ്പോഴും ഒരുത്തമ സമർപ്പിത ജീവിതത്തിന്റെ ആൾരൂപമായിരുന്നല്ലോ, പുണ്യചരിതനായ കനീസിയൂസച്ചൻ. അദ്ദേഹത്തിന്റെ ജീവിതലാളിത്യവും വിനയസ്വഭാവവും ആരേയും ആകർഷിക്കാൻ പോരുന്നതാണ്. പണ്ഡിത ഭാവമില്ലാതെ പാണ്ഡിത്യം പകർന്നു കൊടുക്കുന്ന ഒരു വിനീത സന്യാസശ്രേഷ്ഠൻ എന്നതാണ് അദ്ദേഹത്തിന്റെ ജീവിത സംക്ഷേപമെന്ന് ഞാൻ കരുതുന്നു.



MESSAGE


**മാർ ടോണി നീലങ്കാവിൽ**
തൃശൂർ അതിരൂപത, സഹായമെത്രാൻ



# യേശുവിനെ കൂടെകൂട്ടിയ കനീസിയൂസച്ചൻ

ദൈവദാസൻ കനീസിയൂസ് അച്ചനെക്കുറിച്ച് പലരിൽ നിന്നും കേട്ടറിയുവാൻ എനിക്ക് സാധിച്ചിട്ടുണ്ട്. ലാളിത്യം നിറഞ്ഞ അദ്ദേഹത്തിന്റെ വിശുദ്ധ ജീവിതം തീർച്ചയായും നമുക്ക് ഒരു പ്രചോദനവും വെല്ലുവിളിയുമാണ്. സ്ഥാന മാനങ്ങളിൽ അഭിരമിക്കാതെ എല്ലായ്പ്പോഴും തന്റെ സമർപ്പിത ജീവിതത്തിന്റെ പൂർണ്ണതയിൽ നിന്ന് അണുവിട തെറ്റാതെയുള്ള ജീവിതമായിരുന്നു അദ്ദേഹം തന്റെ ജീവിത കാലയളവിൽ നയിച്ചിരുന്നത്. ജീവിതത്തിന്റെ എല്ലാ പ്രതിസന്ധികളിലും വിജയങ്ങളിലും അദ്ദേഹത്തിന് യേശുക്രിസ്തുവിനെ കൂടെക്കൂട്ടാൻ കഴിഞ്ഞിരുന്നു എന്നാണ് ഞാൻ മനസ്സിലാക്കുന്നത്. അദ്ദേഹം ജീവിച്ചിരുന്ന കാലത്ത് നടത്തിയിരുന്ന സുവിശേഷ പ്രഘോഷണങ്ങൾ അദ്ദേഹത്തിന്റെ ആത്മീയതയേയും പാണ്ഡിത്യത്തേയും വെളിപ്പെടുത്തുന്നതായിരുന്നു. പൂർണമായും ദൈവഹിതത്തിനു സമർപ്പിക്കപ്പെട്ടിരുന്ന ആ ജീവിതത്തെ തിരുസഭ അൾത്താരവണക്കത്തിനായി അണിയിച്ചൊരുക്കുന്നതിൽ ഏറെ സന്തോഷവും അഭിമാനവും തോന്നുന്നു. കനീസിയൂസച്ചനിലൂടെ അനേകായിരങ്ങൾക്ക് ഭൗതികവും ആത്മീയവുമായ എല്ലാവിധ സൗഖ്യങ്ങളും ഉണ്ടാകട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

MESSAGE




**മാർ ആന്റണി കരിയിൽ സി.എം.ഐ**

എറണാകുളം–അങ്കമാലി അതിരൂപത, മെത്രാപ്പോലീത്ത

# ദൈവസായൂജ്യത്തിൽ നിന്നും ശക്തി സംഭരിച്ച പുണ്യപിതാവ്


സി.എം.ഐ. സഭയുടെ ആദ്യ ജനറാളായിരുന്ന ചാവറ പിതാവ് വിശുദ്ധ പദവിയിലേക്ക് ഉയർത്തപ്പെട്ടതോടു കൂടി സി.എം.ഐ. സഭയുടെ 12–ാമത്തെ ജനറാളാച്ചൻ ദൈവദാസൻ എന്ന പദവിയിലേക്ക് ഉയർത്തപ്പെട്ടതിൽ ഒരു ദൈവീക ഇടപെടൽ ഉണ്ടെന്നാണ് എന്റെ വിശ്വാസം. സി.എം.ഐ. സഭയുടെ പ്രിയോർ ജനറാൾ, വികർ ജനറാൾ, ദേവമാതാ പ്രവിശ്യയിലെ പ്രൊവിൻഷ്യാൾ, ധർമ്മാരാം കോളേജ് റെക്ടർ, ധർമ്മാരം കോളേജ് വിഭാഗക്കാരുടെ മാസ്റ്റർ, ധർമ്മാരാമിലെ ബൈബിൾ പ്രൊഫസർ, പരിയാരത്തുള്ള സാക്ഷാത്കാരയിലെ ആദ്ധ്യാത്മിക ഗുരു എന്നീ നിലകളിൽ കനീസിയൂസച്ചനെ അടുത്ത് പരിചയപ്പെടുന്നതിന് എനിക്ക് സാധിച്ചിട്ടുണ്ട്. ചാവറ പിതാവിനെപ്പോലെ തന്നെ, ദൈവവുമായുള്ള സായൂജ്യത്തിൽ നിന്നും ശക്തി സംഭരിച്ച് കർമ്മോത്സുകനായിരുന്ന ഒരു വ്യക്തി ആയിട്ടാണ് അദ്ദേഹത്തെ എനിക്ക് മനസ്സിലാക്കാൻ സാധിച്ചിട്ടുള്ളത്.

കനീസിയൂസച്ചൻ ഇപ്പോൾ സ്വർഗ്ഗത്തിൽ വിശുദ്ധ പദവിയിലാണെന്ന് നമുക്കൊക്കെ അറിയാം. ഇനി തിരുസഭ ആ വസ്തുത ഔദ്യോഗികമായി അംഗീകരിക്കണം. സി.എം.ഐ സഭാംഗങ്ങളുടെ പ്രാർത്ഥന, പ്രായശ്ചിത്ത പ്രവൃത്തികൾ തുടങ്ങിയവ വഴി മാത്രമേ ഇതു സാധിക്കുകയുള്ളു. പ്രവർത്തനനിരതരായിരിക്കുന്ന സി.എം.ഐ. സഭാംഗങ്ങൾ ആദ്ധ്യാത്മികതയുടെ പ്രസക്തി മനസ്സിലാക്കി ആ പാതയിലൂടെ സഞ്ചരിക്കാനായ് ദൈവം ഒരവസരം കൂടി നൽകിയിരിക്കുകയാണിപ്പോൾ. ആ സാഹചര്യത്തിലാണ് കനീസിയൂസച്ചന്റെ നാമകരണ പ്രക്രിയയിൽ ഒരു ദൈവീക ഇടപെടൽ നമുക്ക് കാണാൻ സാധിക്കുക.



MESSAGE


**മാർ വിജയാനന്ദ് നെടുമ്പുറം**
ചാന്ദാ രൂപത, മുൻ മെത്രാൻ



# വിളിക്കുള്ളിലെ വിളിയെ തിരിച്ചറിഞ്ഞ വൈദികൻ

കനീസിയൂസച്ചന്റെ ബൈബിളിൽ ഉള്ള അഗാധ പാണ്ഡിത്യം, വൈദീക പരിശീലനരംഗത്തുള്ള അനുഭവസമ്പത്ത് സഭാ ഭരണത്തിന്റെ പശ്ചാത്തലം. എല്ലാറ്റിനും ഉപരിയായി വ്യക്തി ജീവിതത്തിലുള്ള ആഴമേറിയ മിശിഹാ അനുഭവം എന്നിവ ഈ വ്യക്തിത്വത്തെ മനോഹരമാക്കുന്നു. സുവിശേഷത്തിലെ ഈശോയെ അടുത്തറിയാനും അനുകരിക്കാനും ഇന്നത്തെ ലോകത്തിന് പ്രദാനം ചെയ്യാനും ഈ പുസ്തകം എല്ലാ വായനക്കാരേയും സഹായിക്കുമാറാകട്ടെ.

ബാംഗ്ലൂർ ധർമ്മാരം കോളേജിൽ കനീസിയൂസച്ചൻ എന്റെ ബൈബിൾ അദ്ധ്യാപകനും റെക്ടറും ആയിരുന്നു. അങ്ങനെ അദ്ദേഹത്തിന്റെ കീഴിൽ പഠിക്കുന്നതിനും പിന്നീട് അദ്ദേഹത്തിന്റെ കൂടെ ജനറൽ കൗൺസിൽ അംഗമായി ജോലി ചെയ്യുന്നതിനും സാധിച്ചത് ഒരു ഭാഗ്യമായി ഞാൻ കരുതുന്നു. വിളിക്കുള്ളിലെ വിളി മനസ്സിലാക്കി സഭാസേവനം ചെയ്ത് ദൈവരാജ്യം സ്ഥാപിക്കുന്നതിനുള്ള ഉൾക്കാഴ്ച്ചകൾ കനീസിയൂസച്ചനിലൂടെ എല്ലാ ദൈവജനത്തിനും ലഭ്യമാകട്ടെ എന്ന് ആശംസിക്കുന്നു. അതിനായ് പ്രാർത്ഥിക്കുന്നു.



MESSAGE


**ബിഷപ്പ് പ്രിൻസ് പാണേങ്ങാടൻ**

*അദിലാബാദ് രൂപത, മെത്രാൻ*




# സഹനങ്ങളെ ദൈവസ്നേഹമാക്കി മാറ്റിയ കനീസിയൂസച്ചൻ

**പു**ണ്യശ്ലോകനായ കനീസിയൂസച്ചനെ ശുശ്രൂഷിക്കാനുള്ള ഭാഗ്യം അമ്പഴക്കാട് നവ സന്യാസിയായിരിക്കുമ്പോൾ ലഭിച്ചത് ഞാൻ നന്ദിപൂർവ്വം ഓർക്കുന്നു. ജീവിതത്തിന്റെ സായാഹ്നത്തിൽ ക്ഷീണിതനും രോഗിയുമായിരുന്നുവെങ്കിലും അദ്ദേഹം അതെല്ലാം ക്ഷമയോടെയും, സന്തോഷത്തോടെയും സ്വീകരിച്ചിരുന്നതായി ഞാൻ മനസ്സിലാക്കിയിട്ടുണ്ട്. ഒരിക്കൽ അച്ചന്റെ ദേഹത്തിൽ ഹെർപ്പീസ് വന്നുപോയതിന്റെ പാടുകൾ കണ്ടപ്പോൾ അദ്ദേഹത്തിന്റെ അമ്മയ്ക്കുണ്ടായ ഒരു അനുഭവം എന്നോട് പങ്കുവയ്ക്കുകയുണ്ടായി. കനീസിയൂസച്ചന്റെ അമ്മ മറിയം അച്ചനെ ഗർഭം ധരിച്ചിരിക്കുമ്പോൾ ഒരു അസുഖം പിടിപെടുകയും വൈദ്യർ കുട്ടിയുടെ അമ്മയുടെ ആരോഗ്യസ്ഥിതി മനസ്സിലാക്കി കുട്ടിയെ ഗർഭഛിദ്രം നടത്തണമെന്ന് നിർദ്ദേശിക്കുകയും ചെയ്തു. എന്നാൽ രാത്രിയിൽ അമ്മയ്ക്ക് വിശുദ്ധ യൗസേപ്പിതാവിന്റെ ദർശനം ഉണ്ടാകുകയും രോഗസൗഖ്യം ലഭിച്ച് ഒരു ദോഷവും കൂടാതെ തന്നെ കുഞ്ഞിനെ പ്രസവിക്കുകയും ചെയ്തു. വി. യൗസേപ്പിതാവിന്റെ അനുഗ്രഹത്താൽ അമ്മയ്ക്കും കുഞ്ഞിനും സൗഖ്യം കിട്ടിയതിനാൽ പള്ളിയിൽ യൗസേപ്പിതാവിന്റെ നാമം കനീസിയൂസ് അച്ചന് നൽകപ്പെട്ടു.

സൗമ്യനും എപ്പോഴും പുഞ്ചിരിയോടെയും ആയിരിക്കുവാൻ ശ്രമിക്കുന്ന കനീസിയൂസച്ചന്റെ ജീവിതം തന്നെ വിശുദ്ധിയുടെ പ്രഘോഷണമായിരുന്നു. രോഗാവസ്ഥയിൽ അച്ചനെ സഹായിക്കാൻ വന്ന ചേട്ടൻ അച്ചന്റെ മുണ്ട് പെട്ടെന്ന് അഴിഞ്ഞുപോകാതിരിക്കാൻ മുറുക്കിയുടുത്തു. കുറച്ചുനേരം കഴിഞ്ഞപ്പോൾ വയറ്റിൽ ഗ്യാസ് വന്നു നിറഞ്ഞു. മുറുക്കിയുടുത്ത മുണ്ട് കാരണം കനീസിയൂസച്ചൻ വേദന കൊണ്ട് പുളഞ്ഞു. അത്യാവശ്യഘട്ടങ്ങളിൽ ബ്രദേഴ്സിനെ വിളിക്കാനായുള്ള ബെൽ അമർത്തിയപ്പോൾ ഞാനായിരുന്നു അച്ചന്റെ മുറിയിലേക്ക് കടന്നുചെന്നത്. വേഗം തന്നെ മുണ്ട് അയച്ചുകൊടുത്തപ്പോൾ അച്ചനു വലിയ ആശ്വാസമായി. ഒരു ചെറുപുഞ്ചിരിയോടെ ഒരു പരാതിയും ഇല്ലാതെ അച്ചൻ പറഞ്ഞു, 'അദ്ദേഹം അറിയാതെ ചെയ്തതാകും.' ചെറിയ ശരീരചലനങ്ങൾ പോലും വലിയ വേദനകൾ കനീസിയൂസച്ചന് സമ്മാനിച്ചിരുന്നു. എന്നിരുന്നാലും അതൊന്നും പുറത്ത് കാണിക്കാതെ സന്തോഷത്തോടെ അവയൊക്കെ സഹിക്കാൻ അദ്ദേഹത്തിന് സാധിച്ചത് വിശുദ്ധിയുടെ പരിമളം അദ്ദേഹത്തിൽ നിറഞ്ഞുനിന്നിരുന്നതിന് തെളിവാണ്. സി.എം.ഐ സന്യാസ സമൂഹത്തിന് ഈ പുണ്യാത്മാവിനെ ലഭിച്ചതിൽ നമുക്ക് അഭിമാനിക്കാം. എത്രയും പെട്ടെന്ന് നാമകരണ നടപടികൾ പൂർത്തിയാക്കി വിശുദ്ധ പദവിയിലേക്ക് ഉയർത്തപ്പെട്ട് അൾത്താരയിലെ വണക്കത്തിനായി കനീസിയൂസച്ചൻ പ്രാപ്തനാവട്ടെ എന്ന് നമുക്ക് പ്രാർത്ഥിക്കാം.

MESSAGE

**ബിഷപ്പ് സ്റ്റീഫൻ ചിറപ്പണത്ത്**
അപ്പസ്തോലിക് വിസിറ്റേറ്റർ, യൂറോപ്പ്



# കുമ്പസാരത്തോടുള്ള സ്നേഹം വളർത്തിയ പുണ്യവര്യൻ

**ഞാ**ൻ മൂന്ന് കാര്യങ്ങൾ മാത്രമേ പറയുന്നുള്ളൂ. കർമ്മലീത്തസഭയുടെ എല്ലാ നന്മകളും മനസ്സിൽ സൂക്ഷിച്ചുകൊണ്ടു തന്നെയാണ് ഞാൻ പറയുന്നത്. ഞാൻ കനീസിയൂസച്ചനെ കുറിച്ച് മാത്രമേ പറയുന്നുള്ളൂ. കർമ്മലീത്തസഭയുടെ നന്മകൾ പറയുവാൻ തുടങ്ങിയാൽ അതിന് അവസാനം വരികയില്ല.

ഒന്നാമത്തേത് എനിക്ക് കുമ്പസാരത്തോടും കുമ്പസാരക്കൂടിനോടുമുള്ള സ്നേഹം, അതിനോടുള്ള ഇഷ്ടം എന്നിൽ ഉണ്ടാക്കിയത് കനീസിയൂസച്ചനാണ്.

കുമ്പസാരിക്കുന്നവർക്ക് പേടി തോന്നാതെ കുമ്പസാരിപ്പിക്കുവാനും അതിനോട് ഒരു ഇഷ്ടം തോന്നുവാനും സാധിക്കുന്ന വൈദികരെയാണ് ഞാൻ സെമിനാരി ഫോർമേഷൻ കാലഘട്ടത്തിൽ കൊണ്ടുവരുന്നത്. അത് ഇന്നും ഞാൻ ജീവിതത്തിൽ അനുഭവിക്കുന്നു. റോമിലായാലും ഞാൻ അത് പരിശീലിപ്പിക്കുന്നു. കുമ്പസാരക്കൂടിനോടും കുമ്പസാരത്തിനോടും സ്നേഹം, ഇഷ്ടം ഉണ്ടാക്കിയ ഒരു വൈദികനായിരുന്നു ബഹുമാനപ്പെട്ട കനീസിയൂസച്ചൻ.

രണ്ടാമത്തേതായി പിതാവിന്റെ അടുത്തേക്ക് ചെല്ലുമ്പോൾ ഒരു സുന്ദരമായ ചിരി – നൈർമല്യമുള്ള ഒരു പുഞ്ചിരിയുണ്ട്. അതിൽ എല്ലാം നമ്മൾ മറക്കും. ഞാൻ വിശുദ്ധിയെക്കുറിച്ച് എവിടെയോ വായിച്ചത് ഓർക്കുന്നു, വാർദ്ധക്യത്തിലും മുഖത്തെ പ്രസന്നത കളയാതെ സൂക്ഷിക്കുന്നതാണ് വിശുദ്ധിയെങ്കിൽ കനീസിയൂസച്ചന് പൂർണ്ണമായും ആ വിശുദ്ധി ഉണ്ടായിരുന്നു.

ആനന്ദമുള്ള ഒരു പൗരോഹിത്യം അല്ലെങ്കിൽ സന്തോഷമുള്ള ഒരു പൗരോഹിത്യം, അത് എന്നെ പഠിപ്പിച്ച, അത് എനിക്ക് കാണിച്ചു തന്ന പൗരോഹിത്യമാണ്, സന്യാസമാണ്– കനീസിയൂസച്ചൻ എന്ന് എനിക്ക് വ്യക്തമായി പറയാൻ പറ്റും.

മൂന്നാമത്തേത് അച്ചന്റെ മുഖത്ത് കാണുന്ന ഒരു സംതൃപ്തി. പൗരോഹിത്യത്തിലും സന്യാസത്തിലും സംതൃപ്തിയില്ലെങ്കിൽ വളരെ ബുദ്ധിമുട്ടാണ്. ഫിലിപ്പിയക്കാർക്ക് എഴുതിയ ലേഖനത്തിൽ അപ്പസ്തോലൻ പറയുന്നത് 'ഞാൻ ഏതു സാഹചര്യത്തിലും സംതൃപ്തിയോടെ ജീവിക്കാൻ പഠിച്ചിട്ടുണ്ട്.' അച്ചന്റെ മുഖത്ത് അത് കാണാൻ സാധിക്കും.

കനീസിയൂസച്ചന്റെ പ്രാർത്ഥനയ്ക്കും സ്മരണയ്ക്കും മുമ്പിൽ എന്റെ പ്രാർത്ഥനകൾ ഞാൻ സമർപ്പിക്കുന്നു.

MESSAGE

**മാർ ജോസഫ് പാസ്റ്റർ നീലങ്കാവിൽ സി.എം.ഐ**

*സാഗാർ രൂപത, മുൻമെത്രാൻ*



# എന്റെ മാർഗ്ഗദർശകൻ

ബഹുമാനപ്പെട്ട കനീസിയൂസച്ചനുമായി അടുത്ത് പരിചയപ്പെടുന്നത് ധർമ്മരാം കോളേജിൽ ദൈവശാസ്ത്രം പഠിക്കുമ്പോഴാണ്. ഞങ്ങളുടെ ബൈബിൾ അധ്യാപകനായിരുന്നു അദ്ദേഹം. അതോടൊപ്പം എന്റെ ആദ്ധ്യാത്മിക പിതാവും. ആ ആത്മീയബന്ധം അദ്ദേഹത്തിന്റെ മരണം വരെ തുടർന്നു. ധർമ്മാരാമിൽ വെച്ച് കനീസിയൂച്ചന്റെ തലമുടി വെട്ടിയിരുന്നത് ഞാനാണ്. അദ്ദേഹത്തിന്റെ മുറിയിൽ വെച്ചാണ് മുടി വെട്ടിയിരുന്നത്. മുടി അടിച്ചുവാരിക്കളയാൻ സമ്മതിക്കില്ല. കനീസിയൂസച്ചൻ തന്നെ അത് ചെയ്യുമായിരുന്നു.

ഞാൻ സാഗറിലെ മെത്രാനായിരുന്നപ്പോൾ ആറു മാസത്തിലൊരിക്കലെങ്കിലും നാട്ടിലെത്തി എന്റെ ആദ്ധ്യാത്മിക കാര്യങ്ങൾ ചർച്ച ചെയ്യുക പതിവായിരുന്നു. 1998 ജനുവരി 27-ാം തിയതി (മരിക്കുന്നതിന് 2 ദിവസം മുമ്പ്) ആണ് ഒടുവിൽ വന്ദ്യപിതാവിനെ സന്ദർശിച്ചത്. അമല ആശുപത്രിയിൽ അത്യാസന്ന നിലയിൽ കഴിഞ്ഞിരുന്ന അദ്ദേഹത്തോട് എന്റെ പ്രശ്നങ്ങൾ ചർച്ച ചെയ്യാൻ വിമുഖത അനുഭവപ്പെട്ടു. മാറി നിൽക്കുന്ന എന്നെ കണ്ടപ്പോൾ അടുത്തേക്ക് വിളിച്ച് ഹൃദയസ്പർശിയായ വാക്കുകൾ ഉരുവിട്ട് എന്നെ ആശ്വസിപ്പിച്ചു.



## MESSAGE



**ശ്രീ കുരിയൻ ജോസഫ്**
റിട്ട. സുപ്രീം കോർട്ട് ജഡ്ജ്

# കത്തോലിക്കാസഭയുടെ അഭിമാനം

**ക**ത്തോലിക്കാസഭയുടെ അഭിമാനവും, കർമ്മലീത്താ സന്യാസസഭയുടെ സ്വകാര്യ അഭിമാനവുമായ ദൈവദാസനായ കനീസിയൂസച്ചനെ കുറിച്ചുള്ള ഓർമ്മക്കുറിപ്പുകൾ അടുക്കിപെറുക്കി ലോകത്തിന് മുമ്പിൽ അവതരിപ്പിക്കുവാൻ സി.എം.ഐ ദേവമാത തൃശ്ശൂർ പ്രവിശ്യ തയ്യാറാകുന്നതിൽ ഏറെ സന്തോഷം തോന്നുന്നു. എന്തുകൊണ്ട് കനീസിയൂസച്ചനെപ്പോലുള്ള നല്ല വ്യക്തികളെ പറ്റി നാം പഠിക്കാനാഗ്രഹിക്കുന്നു എന്നു ചിന്തിക്കുമ്പോൾ ആ വ്യക്തിത്വങ്ങൾ നമുക്ക് ഒരു പുനർവായന നൽകുന്നത് അവരെപ്പോലെ ജീവിക്കാൻ മാത്രമല്ല, അവർ ഉയർത്തിവച്ച ഔന്നിത്യത്തെ എത്തിപ്പിടിക്കുവാൻ സാധിക്കുമോ എന്ന് അനുദിനം നമ്മുടെ ജീവിതത്തിൽ പരിശോധിച്ചുകൊണ്ട് മുന്നോട്ട് പോകുവാൻ വേണ്ടിയാണ് എന്ന് നമുക്ക് വ്യക്തമാകുന്നു. അവരുടെ ജീവിതം നമുക്കു പ്രചോദനവും, വെല്ലുവിളിയുമാണ്. അവരുടെ ചരിത്രം നമുക്ക് എന്നും കാത്തുസൂക്ഷിക്കാനുള്ള നിധിയാണ്. കനീസിയൂസച്ചനെക്കുറിച്ച് അറിയുമ്പോൾ എനിക്ക് മനസ്സിലാക്കാൻ കഴിയുന്നത് അദ്ദേഹം ലാളിത്യത്തിന്റെ ആൾ രൂപമായിരുന്നു എന്നാണ്. ലാളിത്യം ഉണ്ടാകാതെ വിശുദ്ധി ഉണ്ടാകില്ല. ഒരു വ്യക്തി വിശുദ്ധനാണോ എന്നറിയാൻ അദ്ദേഹത്തിൽ ലാളിത്യം ഉണ്ടായിരുന്നോ എന്നന്വേഷിച്ചാൽ മതി. ലാളിത്യവും വിനയവും പൂർണ്ണമാകുമ്പോൾ ഉണ്ടാകുന്ന വിശുദ്ധിക്കു ശേഷമേ ഞാൻ പാണ്ഡിത്യത്തിന് പരിഗണന നൽകാറുള്ളൂ. ദൈവദാസൻ കനീസിയൂസച്ചനെ സംബന്ധിച്ചിടത്തോളം ഇവ നാലും അദ്ദേഹത്തിൽ ഉണ്ടായിരുന്നു. ലാളിത്യവും, വിനയവും, വിശുദ്ധിയും പാണ്ഡിത്യവും ഉണ്ടായിരുന്ന വ്യക്തിത്വമായിരുന്നു അദ്ദേഹം. അഗാധമായ ദൈവാശ്രയബോധം അദ്ദേഹത്തിൽ കാണാൻ സാധിക്കും. താൻ വിളിക്കപ്പെട്ടത് ഒരു സന്യാസിയാകാൻ വേണ്ടിയാണെന്നും ആ സന്യാസവിളിയുടെ ജീവിതവിശുദ്ധിയോടും, താൻ സ്വീകരിച്ചിട്ടുള്ള വ്രതങ്ങളുടെ വിശ്വസ്തതയോടും കൂടി ജീവിക്കാൻ കടപ്പെട്ടവനാണെന്നും, തന്നെപ്പോലുള്ളവരാണ് പിന്നാലെ വരുന്നവർക്ക് ആവേശമായി തീരേണ്ടതെന്നും അദ്ദേഹത്തിന് നല്ല ബോധ്യമുണ്ടായിരുന്നു. ജീവിതം മറ്റുള്ളവർക്ക് സന്ദേശമാകണം എന്ന ദൃഢനിശ്ചയത്തോടെ വ്രതശുദ്ധിയുടെ തീവ്രതയോടെ ജീവിച്ച വ്യക്തിയായിരുന്നു കനീസിയൂസച്ചൻ. അങ്ങനെയുള്ള കനീസിയൂസച്ചനെ സി.എം.ഐ സഭ മാത്രമല്ല പഠിക്കുകയും വായിച്ചനുകരിക്കുകയും ചെയ്യേണ്ടത്. ലോകത്തിന് മുഴുവൻ മാതൃകയാകേണ്ടതുണ്ട്. ഒരു വ്യക്തി ഏത്

മതവിഭാഗത്തിലോ, ജീവിതാന്തസ്സിലോ ഉള്ള ആളാണെങ്കിലും തന്റെ വിളിക്കു യോഗ്യമായ രീതിയിൽ, വിളിയുടെ തനിമയുടെ പൂർണ്ണതയിൽ ജീവിതം നയിച്ചോ? ഇല്ലയോ?... എന്നുള്ളതാണ് ഏറ്റവും വലിയ പരിശോധന. അങ്ങനെ പരിശോധിക്കുമ്പോൾ വിളിയുടെ പൂർണ്ണത ഏറ്റവും നന്നായി നിർവഹിച്ചൊരു വ്യക്തിയാണ് കനീസിയൂസച്ചൻ എന്ന് എല്ലാവർക്കും അറിയാം. ചെറിയ കാര്യ ങ്ങൾ പോലും അതിന്റെ വിശ്വസ്തതയിലും അതിന്റെ പൂർണ്ണതയിലും നിർവഹിക്കാൻ ശ്രദ്ധ കാട്ടിയിരുന്ന ഒരു വ്യക്തിത്വ മായിരുന്നു അദ്ദേഹം. അധികാരത്തിന്റെ മത്ത് ഒരിക്കലും അദ്ദേഹത്തിന്റെ തലയ്ക്കു പിടിച്ചിരുന്നില്ല. അധികാരം ആ പുണ്യാ ത്മാവിനെ കൂടുതൽ താഴ്മയിലേയ്ക്കും, കൂടുതൽ വിനയത്തിലേക്കും, കൂടുതൽ തുറവിയിലേക്കുമാണ് നയിച്ചത്. ആ താഴ്മയും, തുറവിയും, വിനയവുമാണ് സി.എം.ഐ സന്യാസസഭയ്ക്ക് പുതിയ മുഖം ലഭിക്കാൻ ഒരു കാലഘട്ടത്തിൽ സഹായ മായത്. അദ്ദേഹത്തെ നമുക്കു സമ്മാനിച്ച അദ്ദേഹത്തിന്റെ കുടുംബത്തേയും, അദ്ദേ ഹത്തെ ജീവിത വിശുദ്ധി യിലേക്കു പിടിച്ചുയർ ത്തിയ കർമ്മലീത്ത സഭ യേയും ഹാർദ്ദവമായി ഞാൻ അഭിനന്ദിക്കുന്നു.

അദ്ദേഹത്തിന്റെ ആത്മീയ ഉൾക്കാഴ്ച്ചയും, ചൈതന്യവും, വിശ്വാസ ദാർഢ്യവുമെല്ലാം നമുക്ക് ഒരു വെല്ലുവിളിയായി സ്വീകരിക്കാം. കേരളസഭയ്ക്ക് അധികം വൈകാതെ തന്നെ സ്വർഗ്ഗീയ മദ്ധ്യസ്ഥനായി അൾത്താരയിൽ വണങ്ങുവാൻ കനീസിയൂസച്ചനെ ലഭിക്കട്ടെ എന്ന് ആത്മാർത്ഥമായി പ്രാർത്ഥിക്കുന്നു. ദൈവദാസനായ കനീസിയൂസച്ചൻ എന്നും നമ്മുടെ മുമ്പിൽ വിളക്കും, വിളക്കുമര വുമായി നിന്നുകൊണ്ട് വെളിച്ചം നൽകിയും, ദിശാബോധം നൽകിയും സഭയേയും സമൂഹത്തേയും മുന്നോട്ട് നയിക്കട്ടെ.



MESSAGE

**Christina Mohini Srinivasan**

Christina Mohini Srinivasan OPL *(Order of Preachers Laity)*
*Cine Artist*



# MY FR.CANISIUS

A young mother was praying, tears flowing down her cheeks, for her seventh baby in her womb. Seven is a number of completion in the Bible, she was feverishly praying with hope against hope for this baby to survive in her womb. The doctors did not give her much hope, and in the days this happened there were no modern facilities. This was in the year 1914, in Anandapuram, Kerala. The country was still under the rule of the British.

When the worried mother Mariam cried herself to sleep , she saw St Joseph appear and assure her the baby will be fine. And ofcourse, the baby was fine, it was a boy and the delighted parents named him “Oseph” Joseph in Malayalam.

There was always something special about this name in the Bible, Joseph in the old testament was virtuous and gifted, St Joseph in the new testament was also virtuous and gifted. Both had divine dreams and were very close to God. This Joseph was also divinely appointed to be like them.

When he grew up, his heart was always drawn to God, mesmerized and enamored by His love. He wanted to his life completely to God as he had done with his heart. He was praying about this deep longing, as ever asking his beloved Jesus what to do. Joseph never did anything without praying and he did in every opportunity to pray, Which would continue till the very end of his journey on earth. He saw a vision of Mother of God, holding a Carmelite scapular and he instantly knew in his heart what he must do.

He informed his prayerful parents whom he always said were his gift and blessings from God. And with their permission he set on his journey, which would pave a path to thousands in future to move closer to God. He is none other than Fr. Canisius, loving known as “Canisius Achan”.

Never was it ever known that God doesn’t bestow his graces on the soul, which completely delights and trusts in him. Canisius achan went to Rome, did his doctorate in Sacred Scripture, of course, he loved Jesus not only in his body, blood, soul and divinity, but also as word. Just like how both the Josephs were blessed with wisdom, our Fr Canisius too was blessed with wisdom.

When a soul is thoroughly drenched with Jesus, it cannot but help attract others also to him. In his years of priesthood, he has taught many young seminarians Sacred Scripture and been a spiritual Father to countless many. He still continue to attract souls to Christ.


One look at his picture one can’t help but feel years of familiarity towards him. As our Lord said our eyes are the light to our souls, his eyes exudes warmth and love and assures everyone of his prayers. I could not help but wonder , why i did not get the chance to meet him ? I shot number of films in Kerala and not once have I seen him. Fr Canisius is so special he tugs at your heart with his innocent and his love filled smile.

He was so obedient to God and his superiors that his entire life is a reminder of “Divine Obedience” we need to learn. He was also obedient to his doctors in his later life, he was so humble and simple. Because his doctors wanted him to exercise his hands, he My Fr.Canisius very sincerely in all his difficulty he methodically raised both his arms one after the other, just once. Upon questioning why just once ? He would lovingly say “son, this

all i am able to do, the pain is unbearable". His face never gave away what he was going through, for he was happily extending Christ's suffering in his body. After all it only makes sense that he follows his beloved more closely and share everything !!! He never complained or found fault in anyone. Because of his Rheumatoid arthritis he was not even to secure his Dhoti/Mundu ( lengthy piece of lined cloth tied on the hips covering the entire lower body) and needed help. He went through even such humbling situations without ever stopping his smile. When one such day, his dhoti was coming off, and he had to call someone quickly to escape the embarrassment of his clothes falling off his hips, a helper in the centre came and quickly helped FR Canisius to tie his dhoti. Only it was so tightly secured that it started hurting Fr Canisuis tender body already riddled with pain. After a longtime of patiently bearing the pain, when it was no longer possible to manage the bloating of his stomach and the pain shooting, he started ringing a small bell in his hand to call his assisting priest. The priest heard the bell and came running to help him shocked to see the pain and discomfort Fr Canisuis was in. And the reply of Fr Canisuis ? " So sad, Antony was so busy that I troubled him to tie my dhoti" Such was his understanding and love. This gentle soul went through Rheumatois Arthiritis, Spondylitis, Herpes, Eye Surgery and Urinary tract surgeries. And precisely because of those he is able to intercede for many for the same problems and more. He was an educator and we see many answered prayers of students. This pious priest was also a hidden victim soul, for he truly believed in suffering as a gift to all around him. He believed not in his presence while people went through problems, but praying in God's presence for people's problems. A quality of a Saintly person.

In the very end of learning about this sweet Fr Canisius and looking into his picture, I couldn't help but feel I have gained yet another big brother/ uncle/father/a priest as a family member in heaven to pray for me and my family.

Dearmost Fr Canisius , pray for us !!! Amen.




MESSAGE

**ഡോ. റോസ് മേരി വിത്സൺ**
*കണ്ടംകുളത്തി വൈദ്യശാല*



# കുടുംബങ്ങൾക്ക് പ്രകാശമായി കനീസിയൂസച്ചൻ

**കേ**രളകത്തോലിക്കാ സഭയ്ക്ക് ഈശോയുടെ മുമ്പിൽ മാദ്ധ്യസ്ഥം യാചിക്കാൻ ദൈവദാസൻ കനീസിയൂസച്ചനെ ലഭിച്ചിരിക്കുന്നതിൽ ഏറെ സന്തോഷം തോന്നുന്നു. അച്ചനെക്കുറിച്ചു ചിന്തിക്കുമ്പോൾ, അച്ചൻ പുലർത്തിപോന്ന ജീവിതലാളിത്യം എന്നെ ആകർഷിക്കുകയുണ്ടായി. അതൊരു സ്വയം ശൂന്യമാകുന്ന അവസ്ഥയാണ്. സ്വന്തം ശിഷ്യരുടെ കാലുകഴുകുന്ന ഒരേയൊരു ഗുരുവേ ലോകത്തിലുള്ളൂ. അത് മാനവകുലത്തിനുവേണ്ടി കുരിശിൽ മരിച്ച യേശുക്രിസ്തുവാണ്. ലാളിത്യത്തിന്റെ പൂർണ്ണത പരിശീലിച്ചുകൊണ്ട് ക്രിസ്തുശിഷ്യനായ, കർത്താവിന്റെ അനുയായിയായ, ദൈവദാസൻ കനീസിയൂസച്ചനും താനായിരിക്കുന്ന മേഖലയിൽ ദൈവത്തോട് ചേർന്നു ജീവിച്ചു. തനിക്കു ചുറ്റുമുള്ള സഹപ്രവർത്തകരിലും, തന്റെ സന്ന്യാസസഭയിലും മാത്രം ഒതുങ്ങിനിന്നുകൊണ്ട് എങ്ങനെ വിശുദ്ധരായി ജീവിക്കാം എന്ന് അദ്ദേഹം കാണിച്ചുതരുന്നു. യഥാർത്ഥത്തിൽ നമ്മുടെ ജീവിതസാഹചര്യങ്ങളിൽ അച്ചൻ നമുക്ക് മാതൃകയാകേണ്ടിയിരിക്കുന്നു. അതിനുള്ള അവസരമായി അച്ചനെക്കുറിച്ചുള്ള ഓർമ്മക്കുറിപ്പുകൾ അടങ്ങുന്ന ഈ പുസ്തകം മാറുക തന്നെ ചെയ്യും. വളരെ പ്രസാദാത്മകമായി, പുഞ്ചിരിയോടു കൂടി തന്റെ സന്ന്യാസജീവിതത്തിലേയും, വ്യക്തിജീവിതത്തിലേയും എല്ലാ പ്രതിസന്ധികളേയും തരണം ചെയ്യുവാൻ ദൈവദാസൻ കനീസിയൂസച്ചന് കഴിഞ്ഞിരുന്നു. അച്ചന്റെ മാദ്ധ്യസ്ഥതയിലൂടെ ഈശോ അനുഗ്രഹിച്ച കുറച്ചാളുകളെക്കുറിച്ച് ഈയിടെ അറിയാൻ സാധിച്ചു. നമ്മുടെ കുടുംബങ്ങളിലെ പ്രതിസന്ധിഘട്ടങ്ങളിൽ ശാന്തത കൈവെടിയാതെ ദൈവത്തോടു ചേർന്നുനിൽക്കാൻ അച്ചന്റെ മാദ്ധ്യസ്ഥം നമ്മെ സഹായിക്കുകതന്നെ ചെയ്യും. ജീവിച്ചിരുന്ന കാലത്ത് തനിക്കു ചുറ്റുമുള്ളവരിൽ ഈ പുണ്യവൈദികൻ പ്രസരിപ്പിച്ച ആത്മീയപ്രഭ  ഇനി ലോകം അറിയാനിരിക്കുന്നതേയുള്ളൂ. അനേകായിരം കുടുംബങ്ങൾക്ക് പ്രകാശമായി, സാന്ത്വനമായി അച്ചന്റെ മാദ്ധ്യസ്ഥം മാറാനിരിക്കുന്നതേയുള്ളൂ. ദൈവദാസനായി തിരുസഭ ഉയർത്തിയിരിക്കുന്ന ഈ വിശുദ്ധജീവിതത്തിന്റെ മാദ്ധ്യസ്ഥതയിലൂടെ അനേകായിരങ്ങൾക്ക് ആശ്വാസവും, ആത്മീയസൗഖ്യങ്ങളും, അനുഗ്രഹങ്ങളും ലഭിക്കട്ടേയെന്ന് പ്രാർത്ഥിക്കുന്നു.



MESSAGE


## ഫാ. ഡോ. പോൾ അച്ചാണ്ടി സി.എം.ഐ.

*റെക്ടർ, ധർമ്മാരാം കോളേജ്, ബാംഗ്ലൂർ*




# പ്രാർത്ഥിക്കാൻ പഠിപ്പിച്ച കനീസിയൂസച്ചൻ

പ്രാർത്ഥിക്കുന്ന ഈശോയെ കണ്ട് ശിഷ്യന്മാർ ആവശ്യപ്പെട്ടു : 'ഞങ്ങളെ പ്രാർത്ഥിക്കാൻ പഠിപ്പിക്കണേ.' (ലൂക്കാ 11: 1)

കനീസിയൂസച്ചൻ മണിക്കൂറുകൾ മുട്ടിന്മേൽ നിന്നു പ്രാർത്ഥിക്കുന്നത് കണ്ട സന്യസ്തരും, വൈദികരും, അല്മായസഹോദരങ്ങളും കനീസിയൂസച്ചന്റെ പക്കൽ പ്രാർത്ഥന തേടിയെത്തി; പ്രാർത്ഥന പഠിക്കാനെത്തി. CSRലെ സന്നിധിയിൽ ദിവ്യകാരുണ്യത്തെ ഉറ്റുനോക്കി ദൈവിക നിർവൃതിയിലായിരുന്ന കനീസിയൂസച്ചൻ CSRന്റെ ആകർഷണമായിരുന്നു, ആത്മീയ വെളിച്ചം തേടിയവർക്കു ആശ്വാസമായിരുന്നു. താബോർ മലയിൽ ഈശോയൊടൊപ്പമായിരുന്ന പത്രോസ് പറഞ്ഞു: 'നാം ഇവിടെ ആയിരിക്കുന്നത് നല്ലതാണ്.' പ്രാർത്ഥന വിശ്രമവും ഊർജവുമായി കണ്ട, പ്രാർത്ഥനയുടെ രസവും ഗുണവും അറിഞ്ഞ കനീസിയൂസച്ചൻ പ്രാർത്ഥനാമുറിയെ ഇഷ്ടപ്പെട്ടു; ദിവ്യകാരുണ്യത്തെ പ്രണയിച്ചു. ദൈവഹിതാന്വേഷണവും, ദൈവഹിത പൂർത്തീകരണവുമായിരുന്നു ഈശോയുടെ പ്രാർത്ഥന വിഷയം. എന്റെ ഇഷ്ടമല്ല, നിന്റെ ഇഷ്ടം നിറവേറട്ടെ, അങ്ങയുടെ തിരുമനസ്സ് സ്വർഗ്ഗത്തിലെ പോലെ ഭൂമിയിലുമാകണേ എന്നതായിരുന്നു ഈശോയുടെ പ്രാർത്ഥനയുടെ ഉള്ളടക്കം. വചനോപാസകനും വേദപണ്ഡിതനുമായ കനീസിയൂസച്ചൻ യേശു ജീവിതത്തിന്റെ പൊരുളറിഞ്ഞു; അത് കനീസിയൂസച്ചന്റെ ജീവമന്ത്രമായി മാറി: ദൈവേഷ്ടം, അതുമുഴുവൻ, അതുമാത്രം. എന്റെ ജ്വരം, എന്റെ സന്തോഷം, എന്റെ സംതൃപ്തി.

ഉത്തമ ചാവറ ശിഷ്യനും ചാവറ ഭക്തനുമായ കനീസിയൂസച്ചൻ വിശുദ്ധ ചാവറപിതാവിന്റെ പ്രാർത്ഥനാശൈലി ആഴത്തിൽ ആധികാരികമായി പഠിക്കുകയും സ്വന്തമാക്കുകയും ചെയ്തു. ചാവറ പ്രാർത്ഥന സ്നേഹിതനോടുള്ള ഉള്ളുതുറന്ന സ്നേഹസംഭാഷണമായിരുന്ന, വായന, ഏകാന്തം, നമസ്കാരം, ധ്യാനം എന്ന നാലു പടികളിലൂടെ അനുധ്യാനാനുഭവത്തിലേക്കു പ്രവേശിച്ചു ആത്മീയ ഐക്യം നേടുകയായിരുന്നു അതിന്റെ ലളിത രൂപം. അതുകൊണ്ടു തന്നെ കനീഷ്യൻ പ്രാർത്ഥനയിൽ വിരസത അനുഭവപ്പെട്ടില്ല, വിഷയ ദാരിദ്ര്യം ഉണ്ടായിരുന്നില്ല. ആത്മാനുതാപ ശൈലിയിൽ, സ്മരിക്കുക - ജ്വലിക്കുക, സ്മരിക്കുക - തപിക്കുക, സ്മരിക്കുക - ഉജ്ജ്വലിക്കുക രീതി ഹൃദയത്തിൽ നന്ദിയും, അനുതാപവും, സ്നേഹവും ആളിക്കത്തിച്ചു. ദൈവസ്നേഹാഗ്നിയാൽ ജ്വലിച്ച ആത്മാവിന്റെ പ്രവർത്തനം വ്യക്തി ജീവിതത്തിലും സമൂഹ ജീവിതത്തിലും പുത്തൻ കൃപ പ്രദാനം ചെയ്തു.

കനീസിയൂസച്ചന്റെ ആത്മീയ ജീവിതത്തിൽ ദൈവവചനം ഹൃദയത്തിൽ സംഗ്രഹിച്ചു ധ്യാനിച്ച പരിശുദ്ധ അമ്മയുടെ വലിയ സ്വാധീനം ഉണ്ടായിരുന്നു. കനീസിയൂസച്ചൻ ജപമാലക്കു ത്രിമുഖമാനം കൊടുത്തു വിഭാവനം ചെയ്ത സന്തോഷ, ദുഃഖ, മഹിമ രഹസ്യങ്ങളുടെ സമന്വയം വളരെ വേറിട്ടതും ഉദാത്തവുമാണ്. വിശുദ്ധരോടുള്ള ഭക്തിയും അവരുടെ പ്രാർത്ഥനാരീതികൾ പഠിക്കാനും പഠിപ്പിക്കാനും, അവരെപ്പോലെ ഒരു വിശുദ്ധനാകാനുള്ള ആഗ്രഹവും പരിശ്രമവും കനീസിയൂസച്ചന്റെ പ്രാർത്ഥന ജീവിതത്തിൽ നിന്നും ഉയിർകൊണ്ടതാണെന്നുള്ളതിൽ സംശയമില്ല. മാതൃകകൊണ്ടും, സാന്നിധ്യം കൊണ്ടും, ചിന്തകൾ കൊണ്ടും സി.എം.ഐ സന്യാസ സമൂഹത്തെയും ഇതര സന്യസ്തരെയും, വൈദികരെയും, മെത്രാന്മാരെയും, അത്മായ സഹോദരങ്ങളെയും പ്രാർത്ഥനയുടെ പ്രാധാന്യവും, പ്രസക്തിയും പഠിപ്പിച്ച കനീസിയൂസച്ചൻ അറിയപ്പെടുന്നത് പ്രാർത്ഥനയുടെ മനുഷ്യനായിട്ടാണ്. കർത്താവേ... കർത്താവേ... എന്ന് വിളിക്കുക മാത്രമല്ല കർത്താവിന്റെ ഹിതം നൂറുശതമാനവും ജീവിതത്തിലൂടനീളം പൂർത്തീകരിച്ച ദൈവദാസൻ കനീസിയൂസച്ചനു മരണകിടക്കയിൽ പറയാൻ കഴിഞ്ഞു: 'ഞാൻ പിന്തിരിഞ്ഞു നോക്കുമ്പോൾ ദൈവേഷ്ടം മാത്രമേ നിർവഹിച്ചിട്ടുള്ളു എന്നാണ് എന്റെ ആത്മാവ് എന്നോട് പറയുക' എന്ന്. ദൈവദാസനായ കനീസിയൂസച്ചാ, ഞങ്ങളെ പ്രാർത്ഥിക്കാൻ പഠിപ്പിക്കണമേ.


MESSAGE

**ഫാ. ഡോ. തോമസ് ഐക്കര സി.എം.ഐ**
സെന്റ് ജോൺസ് ആശ്രമം, മുത്തോലി



# വിശുദ്ധിയുള്ള നന്മയുള്ള കനീസിയൂസച്ചൻ

**എ**നിക്ക് അതിയായ സന്തോഷമുണ്ട്, അതിലേറെ സംതൃപ്തിയുമുണ്ട്, അതിലുമധികം അഭിമാനവുമുണ്ട്. എല്ലാറ്റിനുമുപരി അഗാധമായ നന്ദിയും സ്നേഹവുമുണ്ട് ഈ സന്ദേശസമാഹാരത്തിന് എളിയ ആശംസ എഴുതുന്നതിൽ. വിശിഷ്ടമായ ഈ വികാരങ്ങൾക്കുള്ള അടിസ്ഥാന കാരണം അദ്ദേഹവുമായി എനിക്കുണ്ടായിരുന്ന ദീർഘവും അഗാധവുമായ സ്നേഹാദരബന്ധമാണ്. 1960ൽ അദ്ദേഹം ധർമ്മാരാം റെക്ടറായി ജോലി ചെയ്യുന്ന അവസരം മുതൽ അദ്ദേഹത്തിന്റെ മൃതസംസ്കാര ശുശ്രൂഷ വരെ അടുത്തിടപഴകി ജോലി ചെയ്യുവാനും വിശുദ്ധമായ അദ്ദേഹത്തിന്റെ വ്യക്തിത്വത്തിന്റെ സൗരഭ്യദായകമായ സവിശേഷതകൾ അനുഭവിച്ചറിയാനുമുള്ള അനവധി അവസരങ്ങൾ ലഭിച്ചത് ഒരു മഹാഭാഗ്യമായി ഞാൻ വിലമതിക്കുകയാണ്. എന്നെ ഗാഢമായി സ്വാധീനിച്ച, സർഗ്ഗാത്മകമായി സഹായിച്ച, ഒരു വിശുദ്ധ സാന്നിധ്യമായിരുന്നു ദൈവദാസൻ കിനീസിയൂസച്ചൻ.



ദൈവദാസൻ കനീസിയൂസച്ചനുമായി എനിക്കുണ്ടായിരുന്ന ജീവിതാനുഭവങ്ങളിൽ എന്നെ അഗാധമായി സ്വാധീനിച്ച അദ്ദേഹത്തിന്റെ അസാധാരണമായ ഒരു സവിശേഷതയാണ് എല്ലാവരിലും നന്മ കാണുക, നന്മ പ്രോത്സാഹിപ്പിക്കുക, മറ്റുള്ളവരെ നന്മയിൽ വളർത്തുക എന്ന സവിശേഷ സ്വഭാവം. ഇതിനൊരു ഉത്തമ ഉദാഹരണമായിരുന്നു ബഹു. ആബേലച്ചന്റെ അസാധാരണ സംഭാവനകളും അനന്യമായ സഭാസേവനവും. ദൈവദാസന്റെ ദൈവീക പ്രോത്സാഹനം അദ്ദേഹത്തിന് ഇവ നിർവ്വഹിക്കുവാൻ വഴിയൊരുക്കിയതും ഈ ഗ്രന്ഥത്തിലെ ഒരാകർഷക പരാമർശമാണ്. 1978 മുതൽ ഞങ്ങളൊരുമിച്ച് സഭയുടെ ജനറൽ കൗൺസിലിൽ ജോലി ചെയ്ത അവസരത്തിൽ അദ്ദേഹത്തിന്റെ ഈ നന്മയുടെ പ്രോത്സാഹന സവിശേഷത സുലഭമായി അനുഭവിച്ചത് നന്ദിയോടെ ഞാൻ അനുസ്മരിക്കുകയാണ്. വിശുദ്ധിയുള്ള, നന്മയുടെ വ്യക്തികൾക്കു മാത്രമാണ് ഇതുപോലെ ജീവിക്കുവാൻ സാധിക്കുക, സഹായിച്ചു വളർത്തുവാൻ കഴിയുക. കഴിയുന്നത്ര വേഗം പ്രിയങ്കരനായ കനീസിയൂസച്ചൻ അൾത്താരയിൽ വണങ്ങപ്പെടുവാൻ ഇടയാകട്ടെ എന്ന് ആത്മാർത്ഥമായി പ്രാർത്ഥിക്കുന്നു.

MESSAGE

## ഫാ. ജോസ് പന്തപ്ലാംതൊട്ടിയിൽ സി.എം.ഐ

അമേരിക്ക



# ദൈവേഷ്ടം, അതുമാത്രം. അതുമുഴുവൻ

**വി**ശുദ്ധരായ വ്യക്തികളെ അടുത്തുകാണുവാനും അവരുടെ സ്നേഹസാന്നിധ്യം അനുഭവിക്കുവാനും അവരുടെ ഹൃദയവിചാരങ്ങൾ അറിയുവാനും സാധിക്കുക എന്നതു വലിയൊരു ഭാഗ്യമാണ്. ദൈവദാസനായ കനീസിയൂസച്ചൻ ജീവിച്ചിരുന്ന കാലത്ത് അദ്ദേഹത്തെ അടുത്തറിഞ്ഞവരും അദ്ദേഹത്തിന്റെ സ്നേഹസാന്നിധ്യം അനുഭവിച്ചവരും അദ്ദേഹത്തിന്റെ ഹൃദയവിചാരങ്ങൾ ഉൾക്കൊണ്ടവരും നിരവധിയാണ്. അവരാണല്ലോ കനീസിയൂസച്ചന്റെ വിശുദ്ധിയും ഹൃദയനൈർമ്മല്യവും ദർശിച്ച് അദ്ദേഹം വിശുദ്ധനാണെന്നു ആദ്യം പ്രഖ്യാപിച്ചത്!



കനീസിയൂസച്ചൻ ജീവിച്ചിരുന്ന കാലത്ത് അദ്ദേഹത്തെ കണ്ടതിലേറെ ആളുകൾ ഇനി അദ്ദേഹത്തെ കാണും; അദ്ദേഹത്തെ കേട്ടിട്ടുള്ളതിലേറെ ആളുകൾ ഇനി അദ്ദേഹത്തെ കേൾക്കും; അദ്ദേഹത്തിന്റെ സ്നേഹസാന്നിധ്യത്താൽ അനുഗ്രഹിക്കപ്പെട്ടിട്ടുള്ളതിലേറെ ആളുകൾ ഇനി അദ്ദേഹം വഴി അനുഗ്രഹിക്കപ്പെടും.

'ദൈവേഷ്ടം, അതു മാത്രം, അതു മുഴുവൻ' എന്നത് തന്റെ ജീവിതപ്രമാണമായി സ്വീകരിച്ച കനീസിയൂസച്ചൻ തന്റെ വാക്കിലും പ്രവൃത്തിയിലും അത് ഒരുപോലെ പാലിച്ചു. സന്യാസജീവിതത്തിന് തിരുസഭയിലുള്ള സ്ഥാനം വ്യക്തമായി മനസ്സിലാക്കിയിട്ടുള്ള പുണ്യപുരുഷനായിരുന്നു കനീസിയൂസച്ചൻ. സുവിശേഷവൽക്കരണത്തെക്കുറിച്ച് കനീസിയൂസച്ചൻ വിഭാവനം ചെയ്തപ്പോൾ അതിന് അദ്ദേഹം അതിർത്തികൾ നിശ്ചയിച്ചിരുന്നില്ല. എന്നുമാത്രമല്ല, ആഫ്രിക്കയിലേക്കും ലാറ്റിൻ അമേരിക്കയിലേക്കുമൊക്കെ സഭാംഗങ്ങൾ പോകണമെന്ന് അദ്ദേഹം അതിയായി ആഗ്രഹിച്ചിരുന്നു. മിഷൻ പ്രവർത്തനം കനീസിയൂസച്ചന് ഏറെ ഇഷ്ടപ്പെട്ട വിഷയമായിരുന്നുവെങ്കിൽ അതുപോലെ തന്നെ അദ്ദേഹത്തിന് പ്രിയപ്പെട്ട മറ്റൊരു വിഷയമായിരുന്നു പാവങ്ങളെ സഹായിക്കുക എന്നത്.

സി.എം.ഐ. സഭാംഗങ്ങൾ ഏതു പ്രവർത്തനമേഖലയിൽ ഏർപ്പെട്ടാലും അവർ "ആരാധകരായ സഹോദരന്മാരുടെ സമൂഹമാണ്" എന്നു കനീസിയൂസച്ചൻ സഭാംഗങ്ങളെ പ്രത്യേകം ഓർമ്മിപ്പിക്കുന്നുണ്ട്. "നമ്മുടെ ബാഹ്യഭാവം തന്നെ ആരാധന ആയിരിക്കണം" എന്നു പഠിപ്പിക്കുന്ന അദ്ദേഹം പ്രാർത്ഥനയ്ക്ക് സഭാംഗങ്ങളുടെ ജീവിതത്തിൽ ഏറ്റവും പ്രമുഖസ്ഥാനം ഉണ്ടാകണമെന്ന് ആഗ്രഹിച്ചിരുന്നു. അദ്ദേഹത്തിന്റെ അനുദിന ജീവിതവും അപ്രകാരമായിരുന്നു.

MESSAGE


## ഫാ.ഡോ. തോമസ് മാമ്പ്ര സി.എം.ഐ

നിർമ്മലഗിരി നൊവിഷ്യേറ്റ് ഹൗസ്, പുനലൂർ




# വചനോപാസകനായ കനീസിയൂസച്ചൻ

വിനീതനും വിജ്ഞാനിയും, വിശുദ്ധനുമായിരുന്ന ബഹു. കനിസീയൂസച്ചനുമായി 1958 മുതലുള്ള പരിചയവും അടുപ്പവുമാണുള്ളത്.


അറിവിലും വിശുദ്ധിയിലും ഉന്നതശീർഷനായിരുന്ന അദ്ദേഹത്തിൽ ഒതുങ്ങിയിരുന്ന അഗാധമായ വിനയവും പ്രസാദാത്മകമായ പുഞ്ചിരിയും. ദൈവത്തിനും ദൈവജനത്തിനും വേണ്ടി സ്വയം ചെലവഴിക്കാനുള്ള സന്നദ്ധതയും, സമയക്ലിപ്തതയുമുള്ള പ്രതിപാദനശൈലി, യേശുവിലേക്കും ദൈവപിതാവിലേക്കും അനായാസം വിരൽ ചൂണ്ടുന്ന സംഭാഷണ രീതി, വിശുദ്ധ പൗലോസിന്റെ ദൈവീക പ്രതിബദ്ധതയുടെയും യേശുസാക്ഷാത്കാരത്തിന്റെയും ചൈതന്യസവിശേഷതയിലേയ്ക്കും നയിക്കുന്ന സദുപദേശങ്ങൾ തുടങ്ങിയവ നിറഞ്ഞുനിന്ന അദ്ദേഹത്തിന്റെ പ്രവർത്തനശൈലി പച്ച കെടാതെ ഇന്നും മനസ്സിൽ തങ്ങിനിൽക്കയാണ്. ദൈവത്തിന്റെ ഛായയിലും സാദൃശ്യത്തിലും സൃഷ്ടിക്കപ്പെട്ട മനുഷ്യൻ പാപത്തിലൂടെ വിശിഷ്ടമായ ദൈവപുത്രസ്ഥാനം നഷ്ടമാക്കിയെങ്കിലും കരുണാമയനായ യേശുവിലൂടെ ‘പുത്ര സ്വീകാര്യത’ ദാനമായി വീണ്ടും നൽകി അനുഗ്രഹിച്ചെന്ന സദ്വാർത്തയുടെ വാചാലനായ വക്താവും ധീരനായ പ്രയോക്താവുമായിരുന്ന അദ്ദേഹം സഭാസ്ഥാപകനായ വിശുദ്ധ ചാവറപിതാവിന്റെ ജീവിതദർശനത്തിന്റെയും ആത്മീയ സംസ്കൃതിയുടെയും പ്രചോദനാത്മകമായ നിദർശനമായിരുന്നു.

ബഹു. കനിസീയൂസച്ചന്റെ ജീവിതമാതൃക നമുക്കേവർക്കും ആത്മനവീകരണത്തിനും വിശുദ്ധ വീഥിയിലൂടെയുള്ള മുന്നേറ്റത്തിനും ശക്തമായ പ്രചോദനമാകട്ടെയെന്ന് പ്രാർത്ഥിക്കാം.



MESSAGE

**ഫാ പ്രോസ്പർ കൊമ്പൻ സി.എം.ഐ.**
സാഗർ ഭവൻ, മിഷൻ കൊട്ടേഴ്സ്



# ആ വിശുദ്ധൻ കനീസിയൂസ്നായിരുന്നു

എന്റെ തിയോളജി പഠനകാലത്ത് മാസ്റ്റർ അച്ചനായിരുന്നു കനീസിയൂസ് അച്ചൻ. യോഹന്നാന്റെ സുവിശേഷം 17-ാം അദ്ധ്യായം വായിച്ച് വിവരിച്ച് ഒരു മാസം ഞങ്ങൾക്ക് ഉപദേശം തന്നത് ഇന്നും ഓർമ്മയിലുണ്ട്. എല്ലാ ദിവസവും ആ ദിവസത്തെക്കുറിച്ചും എപ്രകാരം ആ ദിവസം ചെലവഴിച്ചു എന്നും വ്യക്തമായി ഈശോയോട് പറയുന്ന ശീലം കനീസിയൂസച്ചന് ഉണ്ടായിരുന്നു. ആ ശീലം അദ്ദേഹം ഞങ്ങൾക്കും പറഞ്ഞു തന്നു.

കനീസിയൂസ് അച്ചനെക്കുറിച്ചുള്ള ഓർമ്മകൾ പങ്കുവയ്ക്കാനാഗ്രഹിക്കുന്നു. ആദ്യമായി കനിസീയൂസച്ചനെ കണ്ടപ്പോൾ എന്റെ മനസ്സിൽ വന്നത് “ലത്തീൻ സഭയിലെ അച്ചന്മാർ എത്ര വിശുദ്ധരാണ്. ഞങ്ങളുടെ അച്ചന്മാർക്ക് അത്ര വിശുദ്ധിയില്ലല്ലോ” എന്നാണ്. ആ വിശുദ്ധൻ ബഹു. കനീസിയൂസച്ചനായിരുന്നു.



ബഹു. കനീസിയൂസച്ചന് ഒരു സംഗതിയെക്കുറിച്ചും ആവലാതിയുണ്ടായിരുന്നില്ല. ദൈവത്തിന്റെ പരിപാലനയിൽ മുഴുവനായി ആശ്രയിച്ച് എല്ലാം ദൈവതിരുമനസ്സായി എടുത്തിരുന്നു.

സഭയുടെ ജനറാളായിരുന്നപ്പോൾ എറണാകുളത്ത് ഒരു ഇടവകയിലെ മാന്യന്മാരായ ഇടവക ജനങ്ങൾ ആവശ്യപ്പെട്ടതനുസരിച്ച് ബഹു കനീസിയൂസച്ചൻ അവർക്ക് ഞായറാഴ്ചകളിൽ വേദപുസ്തകം വായിച്ച് വ്യാഖ്യാനിച്ച് കൊടുത്തിരുന്നു.

അദ്ദേഹം എവിടെപ്പോയാലും എന്ത് ചെയ്താലും മറ്റുള്ളവർക്ക് പ്രചോദനം നൽകുന്ന വൈദികനായിരുന്നു.


MESSAGE

**ഫാ. ഡോ. ലൂഷ്യസ് നെരേപ്പറമ്പിൽ സി.എം.ഐ.**
ജറുസലേം ധ്യാനകേന്ദ്രം, തലോർ



# ദൈവത്തെ കണ്ട കനീസിയൂസച്ചൻ

സി.എം.ഐ. സഭയിലെ ആദരണീയനായ ബഹു കനിസീയൂസ് തെക്കേകരയച്ചൻ നിത്യതയിലേക്ക് പ്രവേശിച്ചിട്ട് ഇപ്പോൾ ഇരുപത് വർഷമായി. അദ്ദേഹത്തിന്റെ താപസരൂപം, നിഷ്കളങ്ക സ്നേഹം അലയടിക്കുന്ന പുഞ്ചിരി, ആരേയും ബഹുമാനിക്കുന്ന വലിയ മനസ്സ്, വിനയവും വിജ്ഞാനവും ഒത്തിണങ്ങിയ സംഭാഷണം, ഏത് പ്രതിസന്ധി ഘട്ടത്തിലും ദൈവ തിരുമനസ്സ് എന്താണെന്നറിഞ്ഞ് മറ്റുള്ളവർക്ക് വെളിപ്പെടുത്തി ആശ്വസിപ്പിക്കുന്ന പ്രവാചക സാന്നിദ്ധ്യം. ദിവ്യകാരുണ്യ സന്നിധിയിൽ വളരെയേറെ സമയം നിർന്നിമേഷനായി പ്രാർത്ഥനയോടെ മുട്ടുകുത്തി നിൽക്കുന്ന പ്രാർത്ഥനയുടെ മനുഷ്യൻ- ഈ ഓർമ്മകളൊന്നും അത്ര എളുപ്പം നമ്മിൽ നിന്ന് മാഞ്ഞു പോവുകയില്ല.



**നിത്യത നേടിയ ജീവിതം**

എന്നും നിത്യത തേടി ആയിരുന്നു അദ്ദേഹത്തിന്റെ ജീവിതയാത്ര. നാലാം ക്ലാസ്സ് വിദ്യാഭ്യാസം കഴിഞ്ഞതോടെ നിത്യതയിലെത്താൻ താൻ എന്തു ചെയ്യണം എന്നതായിരുന്നു ബാലനായ ഇദ്ദേഹത്തിന്റെ മനസ്സിലെ പ്രധാന ചിന്ത. ഇതിനു വേണ്ടിയാണ് ആ നാളുകളിൽ അദ്ദേഹം സ്വന്തം അമ്മയോടു കൂടെ അമ്പഴക്കാട് കൊവേന്തയിൽ വന്ന് പ്രിയോരച്ചനെ കണ്ട് തനിക്ക് ഒരു സന്യാസ വൈദികനാകണമെന്ന ആഗ്രഹം അറിയിച്ചത്.

**ദൈവവചന ബദ്ധമായ ജീവിതം**

ദൈവവചനമായിരുന്നു കനീഷ്യസച്ചന്റെ ആദ്ധ്യാത്മികതയുടെ ഊടും പാവും. ബൈബിൾ കൂടുതൽ ആഴത്തിൽ പഠിക്കുവാൻ അദ്ദേഹം ആശിച്ചു. ആ ആഗ്രഹം ദൈവം സാധിച്ചുകൊടുത്തു.

**അധികാരം വികേന്ദ്രീകരണത്തിന്**

അധികാരം വിനീത സേവനത്തിന് എന്ന ദൈവവചന ഉൾക്കാഴ്ച യാഥാർത്ഥ്യമാക്കി കനീഷ്യസച്ചൻ നിസ്വാർത്ഥ സേവനം കാഴ്ച വച്ചു. സഭയേയും സഭാംഗങ്ങളെയും അദ്ദേഹം ആഴമായി സ്നേഹിച്ചു വളർത്തി.

**പ്രാർത്ഥനയിലൂടെയുള്ള അജപാലന ദൗത്യം**

സന്നിധാന കപ്പേളയിൽ പരിശുദ്ധ കുർബ്ബാനക്കു മുന്നിൽ മുട്ടുകുത്തി, കൈകൾ കൂപ്പി, പ്രാർത്ഥനാ നിമഗ്നനായി, നിർന്നിമേഷനായി, നിന്നിരുന്ന കനീഷ്യസച്ചനെ കാണുന്നതു തന്നെ അനേകർക്ക് പ്രാർത്ഥനാ ജീവിതത്തിൽ വളരുവാൻ ഉത്തേജനം നൽകിയിട്ടുണ്ട്.

MESSAGE

**ഫാ ജോസ് ചുങ്കൻ സി.എം.ഐ.**
സെന്റ് സേവ്യേഴ്സ് ആശ്രമം, പുല്ലൂർ



# അധീനരെ ആദരിക്കുന്ന കനീസിയൻ ശൈലി

**ആകർഷകമായ വ്യക്തിത്വം:** ആകാരസൗഷ്ടഭമോ, ശാരീരിക സൗന്ദര്യമോ അല്ല, പ്രസന്നവദനവും ലാളിത്യശൈലിയും ആന്തരികവിശുദ്ധിയുമാണ് കനീസിയൂസച്ചനെ ആകർഷണനീയനാക്കിയത്. "രാജപുത്രിയുടെ അഴകെല്ലാം ആന്തരീകമാണല്ലോ." 1974 ൽ ധർമ്മാരാമിൽ ഫിലോസഫി പഠനം കഴിഞ്ഞ് തൃശൂർ പ്രവിശ്യാ ഭവനത്തിൽ ഞാൻ ബാച്ചുകാരോടു കൂടി താമസിക്കുന്ന കാലം. ഡിഗ്രി പഠനത്തിനു മുമ്പുള്ള ഇടവേള. ഏതു വിഷയം പഠിക്കണമെന്നു ചോദിച്ചപ്പോൾ ഞാനും പൊട്ടയ്ക്കലച്ചനും മലയാളം എന്നു മറുപടി നൽകി. കുറെ ദിവസത്തെ ചർച്ചകൾക്കു ശേഷമാണ് അധികാരികൾ അതിനു സമ്മതം മൂളിയത്. അതിനെത്തുടർന്ന് പ്രൊവിൻഷ്യാളായിരുന്ന കനീസിയൂസച്ചൻ നേരിട്ട് ചങ്ങനാശ്ശേരി എസ്.ബി കോളേജിൽ പോയി ഞങ്ങളുടെ പ്രവേശനം ഉറപ്പാക്കി. പൂർവ്വവിദ്യാർത്ഥി എന്ന നിലയിലും, ചെത്തിപ്പുഴ സെമിനാരിയിലെ പ്രൊഫസർ എന്ന നിലയിലും, സി.എം.ഐ പ്രിയോർ ജനറൽ എന്ന നിലയിലും മറ്റും, കോളേജ് അധികൃതർക്ക് അദ്ദേഹം സുപരിചിതനും ആദരണീയനുമായിരുന്നു. ഞങ്ങൾ കോളേജിൽ ചെന്ന് ബഹുമാനപ്പെട്ട അച്ചന്മാരെ കണ്ട് പരിചയപ്പെടുന്നതിനിടയിൽ ബഹു. പരുവാപറമ്പിലച്ചൻ വിസ്മയഭാവത്തോടെ ഞങ്ങളോട് പറഞ്ഞു:




"നിങ്ങൾക്ക് സീറ്റിനുവേണ്ടി ആ കനീസിയൂസച്ചൻ തൃശൂർ നിന്ന് ഇവിടെ വരേണ്ടതായ വല്ല കാര്യവുമുണ്ടായിരുന്നോ? അദ്ദേഹത്തെപ്പോലെയുള്ള ഒരാൾ ഒന്ന് ഫോൺ ചെയ്താൽ മതിയായിരുന്നല്ലോ." ഇതുകേട്ടപ്പോൾ ചങ്ങനാശ്ശേരിക്കാരായ അച്ചന്മാർ പോലും ഞങ്ങളുടെ പ്രൊവിൻഷ്യാളച്ചനെ എത്ര ബഹുമാനാദരവുകളോടെയാണ് പരിഗണിക്കുന്നതെന്ന് അന്ന് തോന്നിപ്പോയി. ഇത്തരുണത്തിൽ ബഹു. ആവരേവൂസച്ചൻ എന്നോടു പങ്കുവെച്ച ഒരു സംഭവം ഞാൻ ഓർത്തുപോകുന്നു. അദ്ദേഹം ധർമ്മാരാമിൽ പഠിച്ചുകൊണ്ടിരിക്കുന്ന കാലം. കനീസിയൂസച്ചനായിരുന്നു റെക്ടർ. കർദ്ദിനാൾ അഗജിരിയാൻ ഒരിക്കൽ ധർമ്മാരാം സന്ദർശിച്ചു. പ്രൊഫസറച്ചന്മാരും ശെമ്മാശന്മാരും നിൽക്കുന്നിടത്തേയ്ക്ക് അതിഥിയായ കർദ്ദിനാൾ കടന്നു വന്നു. കുശലം ചോദിക്കുന്നതിനിടയിൽ മറ്റച്ചന്മാരുടെ ഇടയിൽ ഒതുങ്ങിനിന്നിരുന്ന കനീസിയൂസച്ചൻ അദ്ദേഹത്തിന്റെ ശ്രദ്ധയിൽപ്പെട്ടു. ഉടനെ അതിഥി അദ്ദേഹത്തിന്റെ അടുത്തെത്തി ആശ്ലേഷിച്ചുകൊണ്ട് പറഞ്ഞു: " ഓ, താനിങ്ങനെ ഇവരുടെ ഇടയിൽ ഒതുങ്ങിനിൽക്കുകയാണോ?" ആ വാക്കുകൾ ശ്രവിച്ചപ്പോൾ ആവരേവൂസച്ചനും കൂട്ടർക്കും തോന്നിയത്രേ, ഞങ്ങളുടെ റെക്ടറച്ചനെ എത്രകാര്യമായിട്ടാണ് വലിയ വലിയ വ്യക്തികൾ പോലും കണക്കാക്കുന്നത്.



റോമിൽ ബിബ്ലിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിൽ കനീസിയൂസച്ചന്റെ പ്രൊഫസറായിരുന്നു കർദ്ദിനാൾ.

**ലാളിത്യശൈലി:** കനീസിയൂസച്ചന്റെ ജന്മദേശമായ ആനന്ദപുരത്തെ പഴമക്കാർക്കും, അടുത്തറിഞ്ഞിട്ടുള്ള വീട്ടുകാർക്കും അദ്ദേഹത്തെക്കുറിച്ചുള്ള വിലയിരുത്തൽ ശാന്തസ്വഭാവിയും എളിയശൈലിയുമുള്ള വ്യക്തിത്വത്തിന്റെ ഉടമയെന്നാണ്. പ്രിയോർ ജനറാളിന് യഥേഷ്ടം ഉപയോഗിക്കാനുള്ള കാർ ഉണ്ടെങ്കിലും അതുപയോഗിച്ച് ഒരിക്കലെങ്കിലും അദ്ദേഹം സ്വന്തം വീട്ടിൽ പോയിട്ടില്ല. എറണാകുളത്തു നിന്ന് പാസഞ്ചർ ട്രെയിനിൽ നെല്ലായിയിലെത്തി, അവിടെ നിന്ന് ബസിനോ നടന്നോ വീട്ടിൽ എത്തുകയുമായിരുന്നു പതിവ്. ഇന്നിപ്പോൾ അത് ആശ്ചര്യകരമായിട്ടു തോന്നാം. പക്ഷേ വീട്ടുകാർ അവരുടെ അനുഭവം വിവരിച്ചതിനെ അവിശ്വസിക്കേണ്ടതില്ലല്ലോ. സാഗാറിൽ (ഭോപ്പാൽ പ്രവിശ്യ) അച്ചന്മാരെ ആവശ്യമുണ്ടെന്ന് അറിയിച്ചതിനെത്തുടർന്ന് കൊച്ചച്ചന്മാരായ പലരോടും കനീസിയൂസച്ചൻ അഭ്യർത്ഥന നടത്തി. പക്ഷേ ആരും ചെവികൊണ്ടില്ല, കാര്യം നടന്നുമില്ല. ഒടുവിൽ ഒരച്ചനെ സമീപിച്ച് അദ്ദേഹം താഴ്മയോടെ ചോദിച്ചുവത്രേ: "ജോണച്ചാ, (ജോൺ പോൾ കൊള്ളന്നൂർ) ഒരു വർഷത്തേക്കെങ്കിലും അച്ചൻ ദയവായി സാഗാറിലേക്കു പോകാമോ? ഞാൻ പ്രൊവിൻഷ്യാളായിട്ടും, ആവശ്യപ്പെട്ട പലരും അതു നിഷേധിക്കുകയാണ് ചെയ്തത്. അതുകൊണ്ട് അച്ചൻ..." ഇങ്ങനെ താണുവീണുകൊണ്ടുള്ള


നാമെല്ലാവരും, പിതൃഭവനത്തിൽ ഒന്നിച്ചു ചേരുന്നദിവസം മുന്നിൽകണ്ടുകൊണ്ട്, ജീവിതായോധനത്തിൽ പൂർണ്ണവിജയത്തിനായി, നമുക്ക് ധീരധീരം പോരാടാം, അതിനായി നമുക്ക്, പ്രാർത്ഥനകൊണ്ട്, പരസ്പരം സഹായിക്കാം. യാത്ര!

Fr. Canisius, C.M.I.
(FR. CANISIUS, C.M.I.)
21 - 11 - 1990.

C.S.R., PARIYARAM,
TRICHUR - 680 721
KERALA.

Rc. 21/11/1991. Rc. 12/4/92.
Rc. 1/1/1993. Rc. 21/6/93

THE CARMELITES OF MARY IMMACULATE,
C/o REV. FR. THOMAS MAMPRA, C.M.I.
PRIOR GENERAL,
PRIOR GENERAL'S HOUSE,
COCHIN, KERALA - 682 011.

അപേക്ഷ കൊണ്ടാണ് അന്ന് ഞാൻ പോയതെന്ന് കൊള്ളന്നൂരച്ചൻ എന്നോട് പങ്കുവെച്ചകാര്യം ഞാൻ ഓർത്തുപോകുന്നു. ഗർവ്വരാഹിത്യത്തോടേയും അധികാരം ശുശ്രൂഷയാണെന്ന ചിന്തയോടേയും ലാളിത്യശൈലിയോടേയും വ്യാപരിച്ചിരുന്ന ഒരു സഭാധികാരിയായിരുന്നു കനീസിയൂസച്ചൻ. ഓരോ സഭാംഗത്തോടുമുള്ള പ്രത്യേകപരിഗണന: 1977 – ൽ ഞാൻ ദൈവശാസ്ത്ര ഒന്നാംവർഷ വിദ്യാർത്ഥിയായി ധർമ്മാരാമിൽ ചെല്ലുമ്പോൾ ഞങ്ങളുടെ മാസ്റ്ററും സുപ്പീരിയറും കനീസിയൂസച്ചനായിരുന്നു. നവാഗതർക്കുള്ള അനുമോദന സമ്മേളനത്തിൽ പ്രസംഗിക്കുവാൻ എന്നെയാണ് ചുമതലപ്പെടുത്തിയിരുന്നത്. പ്രസംഗം മുഴുവൻ എഴുതി അദ്ദേഹത്തിനു സമർപ്പിക്കുകയെന്നത് അക്കാലത്തെ ഒരു നടപടിക്രമം മാത്രമായിരുന്നെങ്കിൽ അതിൽ ചില തിരുത്തലുകൾ എഴുതി നൽകിയതും, സമ്മേളനാന്തരം 'congrats' വളരെ നന്നായി ബ്ര. ജോസ് എന്ന് സ്വതസിദ്ധശൈലിയിൽ മെല്ലെ കയ്യടിച്ചും, പുഞ്ചിരിച്ചും അനുമോദിച്ചതും അദ്ദേഹത്തിന്റെ തനിമയായി കാണാനാണ് എനിക്കിഷ്ടം. ഓരോ ശെമ്മാശന്റേയും കാര്യത്തിൽ സൂക്ഷ്മമായ നിരീക്ഷണങ്ങളും, പ്രോത്സാഹനപരമായ സമീപനങ്ങളും, മർമ്മസ്പർശിയായ ഇടപെടലുകളും അദ്ദേഹത്തിനുണ്ടായിരുന്നു. 1973 ൽ മരണാസന്നനായി പ്രൊവിശ്യഭവനത്തിൽ കിടന്നിരുന്ന ബഹു. ഓസ്വിൽ പൊറുത്തൂരച്ചന്റെ മുറിയിൽ പി.വി. പോൾ (പോൾ പൂവത്തിങ്കൽ) അടക്കമുള്ള അൾത്താരബാലന്മാരെ കൂട്ടിക്കൊണ്ടുപോയി പ്രാർത്ഥിച്ചതും, അതിനിടയിൽ പ്രൊവിൻഷ്യാൾ കനീസിയൂസച്ചൻ പതിവിനു വിപരീതമായി കരഞ്ഞു കണ്ണുനീർ തൂകിയതും ഓരോ സഭാംഗത്തോടും അദ്ദേഹം പുലർത്തിയിരുന്ന പ്രത്യേക താൽപര്യത്തെയാണ് പ്രകടമാക്കുന്നത്.

**പിതൃഭാവമുള്ള ഭരണാധികാരി:** മലർക്കെ തുറന്നുപിടിച്ച ഇരുകരങ്ങളിലും ഒരപ്പന്റെ കരുതലും അമ്മയുടെ സ്നേഹവും വഹിച്ചിരുന്ന ഒരു മഹാപിതാവായിരുന്നു കനീസിയൂസച്ചൻ. അദ്ദേഹത്തിന്റെ കീഴിൽ വസിച്ചിട്ടുള്ള ആർക്കും മറക്കാനാവാത്ത കുളിർമയുള്ള ഒരനുഭവമായിരിക്കും അത്. പ്രവിശ്യാധിപന്മാരായിരുന്ന ക്ലമന്റസ് പിതാവും സാംസണച്ചനും മറ്റും അക്കൂട്ടത്തിൽപ്പെട്ടവരായിരുന്നു എന്നാണ് എന്റെ അനുഭവം. ഒരു സന്ന്യാസിയുടെ ഭൗതികാശ്രയം മേലാധികാരിയാണെന്നും അധീനരിൽ തന്നെക്കുറിച്ചുള്ള വിശ്വാസം രൂഢമൂലമാക്കാൻ അദ്ദേഹം ശ്രമിക്കണമെന്നും കനീസിയൂസച്ചൻ എഴുതി വച്ചിട്ടുണ്ട്. മേലധികാരിയോട് ഉള്ളുതുറന്ന് തന്റേയും മറ്റുള്ളവരുടേയും കാര്യങ്ങൾ പറഞ്ഞാലും അവയൊന്നും മറ്റാരും അറിയാനിടയാകില്ലെന്നും സംഭാഷണ വിഷയം ന്യായമാണെങ്കിൽ ആർക്കും യാതൊരു പരിക്കും പരിഭവവുമില്ലാതെ നടത്തിത്തരുമെന്നുള്ള ഉറപ്പും സൃഷ്ടിക്കുന്നിടത്താണ് നേതൃത്വത്തിന്റെ വിജയമെന്നും കനീസിയൂസച്ചൻ പഠിപ്പിക്കുന്നു. ഇതു തന്നെയാണല്ലോ സാധാരണ കുടുംബജീവിതത്തിൽ ഉത്തമരായ പിതാക്കന്മാർ അനുവർത്തിക്കുന്നത്. കാരണങ്ങൾ പലതാകാം.



പുതിയ തലമുറയിൽ ഈ പിതൃഭാവം നല്ലൊരളവിൽ അപഹൃതമായിരിക്കുന്നു എന്ന് ഖേദപൂർവ്വം പറയാതെ വയ്യ.

**ചാവറയച്ചനും കനീസിയൂസച്ചനും:** ഗവേഷണ പുലികൾക്കു മുമ്പിൽ തുറന്നു കിടക്കുന്ന ഒരു വിഷയമാണ് വി.ചാവറയച്ചനും കനീസിയൂസച്ചനുമായുള്ള സമാനതകൾ. പ്രവർത്തനങ്ങളിലും ജീവിതശൈലികളിലും ഇതു കണ്ടെത്താവുന്നതാണ്. അവയെ ചാവറാനുകരണം എന്നു വിശേഷിപ്പിച്ചാലും തെറ്റില്ല. വി.ചാവറക്ക് പരി. അമ്മയോടുണ്ടായിരുന്ന സ്നേഹവും ഭക്തിയും കനീസിയൂസച്ചനിലും പ്രകടമാണ്. അതിന്റെ ക്രിയാത്മക നിദർശനങ്ങളാണ് അദ്ദേഹം എഴുതി നൽകിയ ത്രിമുഖപഞ്ചഘട്ട ജപമാലകൾ. ചാവറപിതാവ് കൈനകരിക്കാർക്ക് ചാവരുൾ നൽകിയെങ്കിൽ ആനന്ദപുരം തെക്കേക്കര കുടുംബക്കാർക്ക് കനീസിയൂസച്ചൻ അന്ത്യോപദേശം നൽകുകയുണ്ടായി. സഭാതനയർക്കായി ചാവറയച്ചൻ ഒസ്യത്ത് നൽകിയെങ്കിൽ കനീയിയൂസച്ചൻ അമലോത്ഭവ മറിയത്തിന്റെ കർമ്മലസഭാതനയർക്ക് മരണപത്രം എഴുതിനൽകുകയുണ്ടായി. പാർശ്വവത്ക്കരിക്കപ്പെട്ടവർക്കു വേണ്ടി തൃശൂരിൽ കുര്യാക്കോസ് ഏലിയാസ് സർവ്വീസ് സൊസൈറ്റി (കെസ്സ്) സ്ഥാപിക്കുന്നതിന് മൂലപ്രചോദകനായി കനീസിയൂസച്ചൻ രംഗത്തുവന്നത് ചാവറയച്ചന്റെ ഉപവിശാലാ സംസ്ഥാപനം കണ്ടുപഠിച്ചതുകൊണ്ടാകണം. ചാവറയച്ചൻ അന്ത്യകാലഘട്ടത്തിൽ ബാഹ്യപ്രവർത്തനങ്ങളിൽ നിന്ന് ഏറെക്കുറെ അകന്ന് കൂനമ്മാവിൽ കഴിഞ്ഞിരുന്നതു പോലെ കനീസിയൂസച്ചൻ പരിയാരം സി. എസ്. ആറിൽ അന്ത്യനാളുകൾ ചിലവഴിക്കുകയും തന്റെ ആത്മീയസ്വത്വം സാക്ഷാത്ക്കരിക്കുവാൻ ശ്രമിക്കുകയും ചെയ്തു. ദൈവദാസൻ കനീസിയൂസച്ചനെക്കുറിച്ച് ഇനിയും പലതും പറയുവാനുണ്ട്. പക്ഷേ സമയക്കുറവുകൊണ്ട് തൽക്കാലം ഉപസംഹരിക്കുന്നു. ആ വന്ദ്യപിതാവിന്റെ നാമകരണനടപടികൾ വേഗത്തിൽ പുരോഗമിക്കാൻ നമുക്ക് പ്രാർത്ഥിക്കാം.

**ഫാ.ഡോ. ജോർജ്ജ് നെരേപ്പറമ്പിൽ സി.എം.ഐ.**
ക്രൈസ്റ്റ് ആശ്രമം, ഇരിഞ്ഞാലക്കുട



# കനീസിയൂസ് അച്ചനെക്കുറിച്ച്

ബഹു. കനീസിയൂസ് അച്ചനെ ഞങ്ങൾ ആനന്ദപുരം നാട്ടുകാർ സാധാരണയായി 'കനീഷ്യസച്ചൻ' എന്നാണ് വിളിക്കുന്നത്. അദ്ദേഹത്തിന്റെ ജന്മനാടായ ആനന്ദപുരം കനീഷ്യസച്ചന്റെ പുണ്യനാമത്താൽ കൂടുതൽ പ്രസിദ്ധമായി കൊണ്ടിരിക്കുന്നു. ആനന്ദപുരം സ്വദേശികളുടെ നാവിൽ എപ്പോഴും വരുന്ന ഒരു പേരാണ് 'കനീഷ്യസച്ചൻ' എന്നുള്ളതും ഒരു പരമാർത്ഥമാണ്. കനീഷ്യസച്ചന്റെ ഔദ്യോഗിക വീട്ടുപേര് 'തെക്കേകര' എന്നാണ് എങ്കിലും, ആനന്ദപുരത്ത് ഈ വീട്ടുപേര് പൊതുവെ അറിയപ്പെടുന്നത് 'പൊതപറമ്പിൽ' എന്നാണ്. 'തെക്കേകര' എന്നുള്ള വീട്ടുപേര് എങ്ങനെ ഉണ്ടായി എന്നുള്ളതിനെക്കുറിച്ച് ഞാൻ കുറച്ച് അന്വേഷണങ്ങൾ നടത്തിയിട്ടുണ്ട്. ആലപ്പുഴയിലെ 'തെക്കകര' പ്രദേശത്തു നിന്ന് ആനന്ദപുരത്തേക്ക് കുടിയേറിയവരാണ് കനീഷ്യസച്ചന്റെ പൂർവ്വീകർ എന്നൊരു ഐതീഹ്യം ഉണ്ട്. ആലപ്പുഴ ഉൾപ്പെടുന്ന കുട്ടനാടൻ കൃഷിയിടങ്ങളോട് സമാനമായ കായൽ പ്രദേശങ്ങൾ ആനന്ദപുരത്തോട് ചേർന്ന് ഉള്ളതുകൊണ്ടായിരിക്കാം തെക്കേകരയിൽ നിന്ന് ആന്ദപുരത്തേക്ക് കുടിയേറുവാൻ പ്രധാന കാരണമായി തീർന്നത്. ആനന്ദപുരത്ത് 'തെക്കേകര' വീട്ടുപേരുള്ളവർ ആദ്യമായി വാസം തുടങ്ങിയത് കൃഷിക്കാവശ്യമായ 'പൊത' സമൃദ്ധമായി ഉണ്ടായിരുന്ന ഒരു പറമ്പിലാണ്. തൃശൂർ ഭാഷയിലെ ഒരു നാടൻ പദമായ പൊതയ്ക്ക് കൃഷിക്ക് ഉപയോഗിക്കുന്ന പച്ചിലകൾ എന്നാണ് അർത്ഥം. കൃഷിക്ക്, പ്രത്യേകിച്ച് പച്ചക്കറി കൃഷികൾക്ക് നൽകുന്ന സംരക്ഷണ ഇലകളാണ് പൊത. എല്ലാവർക്കും ഒരു ആത്മീയ സംരക്ഷണം നൽകുന്ന



വ്യക്തിയായിരുന്നു പൊതപറമ്പിൽ തെക്കേ കര കനീഷ്യസച്ചൻ എന്നുള്ളത് അദ്ദേഹ ത്തിന്റെ വീട്ടുപേരിനെ അന്വർത്ഥമാക്കുന്നു.

ബഹു. കനീഷ്യസച്ചന് ഏറ്റവും ഇഷ്ടപ്പെട്ട ഭക്തിഗീതം 'വാ...വാ...യേശുനാഥാ...' എന്നു ള്ളതായിരുന്നു. അദ്ദേഹത്തെ രോഗാവസ്ഥ യിൽ ശുശ്രൂഷിക്കുവാൻ വേണ്ടി തൃശൂർ അമല ആശുപത്രിയിൽ കുറച്ചുനാൾ ചില വഴിക്കുവാനുള്ള സൗഭാഗ്യം എനിക്കുണ്ടായി ട്ടുണ്ട്. എന്റെ വൈദിക ജീവിതത്തിന്റെ ആരം ഭകാലഘട്ടത്തിൽ ആയിരുന്നു ആ അവസരം ഒത്തുവന്നത്. അക്കാലത്ത് ഞാൻ എഴുതിയ ഒരു ഗാനം യേശുദാസ് പാടിയ സന്ദർഭമാ യിരുന്നു. ഞാൻ വലിയ സന്തോഷത്തോടു കൂടെ കനീഷ്യസച്ചനോട് ഈ ഗാനത്തെ കുറിച്ച് പറഞ്ഞു. ശാസ്ത്രീയ സംഗീതജ്ഞ നായ ബഹു. പോൾ പൂവ്വത്തിങ്കലച്ചന്റെ സംഗീത സംവിധാനത്തിൽ യേശുദാസ് പാടിയ എന്റെ ഗാനം ഞാൻ കനീഷ്യസച്ചനെ എന്റേതായ വിധത്തിൽ പാടി കേൾപ്പിച്ച പ്പോൾ കനീഷ്യസച്ചൻ വലിയ സന്തോഷ ത്തോടെ മിടുക്കൻ മിടുക്കൻ എന്ന് കൈകൾ കൊട്ടികൊണ്ട് പറയുകയും എന്നോട് വാ... വാ...യേശുനാഥാ... എന്നുള്ള ഗാനം കൂടി പാടികേൾപ്പിക്കുവാൻ ആവശ്യപ്പെടുകയും ചെയ്തു. കനീഷ്യസച്ചന്റെ മരണത്തിന്റെ തൊട്ടുമുൻപുള്ള സമയത്തും ഈ ഗാനം പാടുവാൻ അദ്ദേഹം ആവശ്യപ്പെട്ടിരുന്നു. എപ്പോഴും യേശുക്രിസ്തുവിനെ തന്നിലേക്ക് സ്വാഗതം ചെയ്യുവാൻ വെമ്പൽ കൊണ്ടിരുന്ന വലിയ ആത്മീയതയുടെ ഉടമയായിരുന്നു കനീഷ്യസച്ചൻ. യേശുവിന്റെ കൂടെ ആയിരു ന്നുകൊണ്ട് മറ്റുള്ളവർക്ക് ആത്മീയ സംര ക്ഷണം നൽകിയിരുന്ന കനീഷ്യസച്ചൻ ഇപ്പോൾ സ്വർഗ്ഗത്തിലിരുന്നുകൊണ്ട് നമുക്കെ ല്ലാവർക്കും വിശുദ്ധിയുടെ പരിരക്ഷ നൽകി ക്കൊണ്ടിരിക്കുന്നു എന്ന് ഞാൻ വിശ്വസി ക്കുന്നു.

കനീഷ്യസച്ചനെ കുറിച്ച് ഒരു പുസ്തകം എഴു തുവാനുള്ള എന്റെ ഉദ്യമവുമായി ബന്ധപ്പെട്ട് ഞാൻ അദ്ദേഹവുമായി കുറെ അഭിമുഖങ്ങൾ ചെയ്തിട്ടുണ്ട്. അദ്ദേഹത്തിന്റെ അധികാര ശുശ്രൂഷയെക്കുറിച്ച് ഞാൻ ചോദിച്ചപ്പോൾ അദ്ദേഹം പറഞ്ഞത് : "ഞാൻ കാനായിലെ വെറും കൽഭരണി. കർത്താവാണ് എന്റെ അധികാര ശുശ്രൂഷയിൽ ആത്മീയതയുടെ വീഞ്ഞ് നിറച്ചത്." ഈ ആശയമൊക്കെ ഉൾപ്പെടുത്തികൊണ്ട് 'കനീഷ്യസച്ചനെ കുറിച്ച്' എന്ന പേരിൽ ഞാൻ ഒരു പുസ്തകം പ്രസിദ്ധീകരിച്ചു. കനീഷ്യസച്ചനെ കുറിച്ച് ഏറ്റവും ആദ്യം പുറത്തിറങ്ങിയ പുസ്തക മാണിത്. കർത്താവ് കാനായിൽ വച്ച് ആദ്യത്തെ അത്ഭുതം പ്രവർത്തിച്ചുകൊണ്ട് കൽഭരണികളിലെ വെള്ളത്തെ വീഞ്ഞാക്കി മാറ്റി. ബൈബിളിന്റെ ഭാഷയിൽ വീഞ്ഞ് ഐശ്വര്യത്തിന്റെ, ആനന്ദത്തിന്റെ പ്രത്യേ കിച്ച് കർത്താവിന്റെ കരുണയുടെയും, കരു തലിന്റെയും പ്രതീകമാണ്. തന്നെത്തന്നെ കൽഭരണിയാക്കി ചിത്രീകരിച്ച കനീഷ്യസ ച്ചൻ, മറ്റുള്ളവർക്ക് അധികാര ശുശ്രൂഷയി ലൂടെ കർത്താവിന്റെ ആനന്ദവും കരുതലും നൽകുന്ന വിശുദ്ധനായ അധികാര ശുശ്രൂഷി യായിരുന്നു.

എപ്പോഴും കർത്താവിനെ സ്വാഗതം ചെയ്യുന്ന ആത്മീയതയുടെ വക്താവായിരുന്ന കനീഷ്യ സച്ചൻ, താൻ കർത്താവിൽ നിന്ന് ആർജ്ജി ച്ചെടുത്ത ആത്മീയതയിലൂടെ മറ്റുള്ളവർക്ക് ദൈവീക സംരക്ഷണം നൽകിയിരുന്നു. അതിലൂടെ കർത്താവിന്റെ കരുണയുടെ ആത്മീയ വീഞ്ഞ് തന്നെ സമീപിച്ച എല്ലാ വർക്കും പകർന്നു നൽകുവാൻ കനീഷ്യസ ച്ചൻ എന്നും ഉത്സുകനായിരുന്നു. കനീഷ്യ ച്ചനെ കുറിച്ചുള്ള പാവനസ്മരണകൾ നമ്മെയും മറ്റുള്ളവരെ ദൈവീക സംരക്ഷണ ത്തിലേക്കും സന്തോഷത്തിലേക്കും നയിക്കു വാൻ പ്രേരകമായി തീരുന്നു.

MESSAGE

**ഫാ. ഡോ. ജോസ് നന്തിക്കര സി. എം. ഐ**
ധർമാരാം കോളേജ്, ബാംഗളൂർ



# "പരമാവധി" പ്രമാണം

'ദൈവസേവനത്തിലും സഹോദരസേവനത്തിലും പരമാവധി, ജ്ഞാന സമ്പാദനത്തിലും ജ്ഞാനദാനത്തിലും പരമാവധി, പ്രാർത്ഥനയിലും ശുശ്രൂഷകളിലും പരമാവധി, സഹനത്തിലും സമർപ്പണത്തിലും പരമാവധി ഇതായിരുന്നു 'ദൈവ തിരുമനസ്സ്: അതുമാത്രം; അതു മുഴുവനും!' എന്ന ജീവിത ദർശനം മാതാപിതാക്കളിൽ നിന്നും സ്വന്തമാക്കി സി.എം.ഐ സന്യാസ വൈദിക പരിശീലനത്തിലൂടെ വളർത്തി, നിലനിൽക്കുന്ന ഫലങ്ങൾ സുലഭമായി നൽകിയ ദൈവദാസൻ കനീസിയൂച്ചന്റെ ജീവിത പ്രമാണവും തപസ്യയും.

"മനസ്സു വച്ചാൽ ദൈവസഹായത്തോടെ സന്യാസ മൂല്യങ്ങൾ പാലിച്ചു കൊണ്ട് ദൈവസമക്ഷം നിർമ്മലഹൃദയരും പ്രസന്നവദനരും നിഷ്കളങ്കരുമായി വ്യാപരിക്കുക സുസാദ്ധ്യമാണെന്ന അനുഭവ സാക്ഷ്യമാണ്" തന്റെ സമ്പത്തായി തന്റെ സന്യാസ സഹോദരന്മാർക്കായി കനീസിയൂസച്ചൻ സസന്തോഷം കൈമാറിയത്, തന്റെ മരണപത്രത്തിലൂടെ (27.11.1990).1974 ജൂലായ് ഒന്നിന് തിരുഹൃദയ സന്യാസിനികൾക്ക് സമൂഹത്തിന്റെ പൊന്തിഫിക്കൽ ഡെലഗേറ്റ് എന്ന നിലയിൽ അദ്ദേഹം എഴുതിയ ആദ്യ സർക്കുലറിൽ എഴുതിയത് എല്ലാ സമർപ്പിതർക്കും മാർഗ്ഗദർശിയാണ്: "പിതാവിന്റെ ഇഷ്ടം 'അതു മാത്രം, അതു മുഴുവനും' നിർവ്വഹിക്കണം എന്ന തിരുഹൃദയത്തിന്റെ അഭിലാഷം, നമ്മുടെ സഭകളെ സംബന്ധിച്ചിടത്തോളം എന്നും എവിടെയും ഒരു യാഥാർത്ഥ്യമാകണം എന്ന ഉറച്ച ലക്ഷ്യത്തോടെ, നമുക്ക് ഒത്തൊരുമിച്ച് പ്രാർത്ഥിക്കുകയും പ്രവർത്തിക്കുകയും ചെയ്യാം."

ഇത് സന്യസ്തർക്ക് മാത്രമല്ല ഓരോ ക്രിസ്ത്യാനിക്കും സുസാദ്ധ്യമാണ്. കാരണം കനീസിയൂസച്ചന്റെ ദർശനപ്രകാരം ക്രിസ്ത്യാനിയെ പിതാവ് അവിടുത്തെ അധരങ്ങളിൽ നിന്ന് പുറപ്പെടുന്ന ഓരോ വചസ്സും കൊണ്ട് തീറ്റിപോറ്റുന്നു (മത്തായി 4:4); പുത്രൻ എല്ലാദിവസവും അവിടുത്തെ രക്തവും മാംസവും നൽകി തീറ്റിപോറ്റുന്നു (യോഹ.6:32); ക്രിസ്ത്യാനിയിൽ നിവാസമുറപ്പിച്ചുകൊണ്ട് യേശു പഠിപ്പിച്ച ഓരോന്നും അനുസ്മരിപ്പിച്ചുകൊണ്ട് പരിശുദ്ധ റൂഹ ക്രിസ്ത്യാനിക്ക് മാർഗ്ഗനിർദ്ദേശം നൽകുന്നു. "ഇങ്ങനെ സാധ്യതകൾ വളരെ ഉണ്ടായിരിക്കെ, എങ്ങനെ വിശുദ്ധിയിൽ വളരാതിരിക്കാനൊക്കും?" എന്നതാണ് ഈ പുണ്യചരിതന്റെ ചോദ്യം.

തന്റെ ജീവിതസായാഹ്നത്തിൽ കനീസീയൂസച്ചൻ ഒരെഴുത്തിൽ ഇങ്ങനെ എഴുതി: 'ദൈവസ്നേഹത്തിന്റെ അതികരുണയാൽ ദൈവം എനിക്കു നൽകിയ എല്ലാ കൃപകളും പരമാവധി ഞാനുപയോഗിച്ചു.' കനീസീയൂച്ചൻ ഇങ്ങനെയൊന്നെഴുതുമ്പോൾ അദ്ദേഹത്തെ പരിചയമുള്ളവർ അത്ഭുതപ്പെട്ടുപോകും. കൃശഗാത്രനും എല്ലായ്പ്പോഴും എളിമയോടെ മാത്രം സംസാരിക്കുകയും പെരുമാറുകയും ചെയ്യുന്ന കനിസിയൂച്ചൻ ഇങ്ങനെ പറയുമോ? ഈ വിനയാന്വിതനെ നേരിട്ടു പരിചയമില്ലാത്ത ഇന്നത്തെ തലമുറയ്ക്കും തോന്നും ഇതൊരു അതിശയോക്തി അല്ലേ? എന്ന്. "എല്ലാ കൃപകളും പരമാവധി" അത് സാദ്ധ്യമാണോ?എന്ന്.

ദൈവദാസൻ കനീസിയൂസച്ചനെ സംബന്ധിച്ചിടത്തോളം ഈ "പരമാവധി" പ്രമാണം ജീവിതസായാഹ്നത്തിൽ രൂപപ്പെടുത്തിയെടുത്ത ജീവിത ദർശനമല്ല. കുഞ്ഞുനാളിലേ തന്റെ വത്സല മാതാപിതാക്കളിൽ നിന്നും 'ദൈവേഷ്ടം: അതു മുഴുവനും; അതു മാത്രം!' എന്ന ജീവിതതത്വം അദ്ദേഹം സ്വന്തമാക്കിയിരുന്നു. തന്റെ മരണകിടക്കയിൽ വച്ച് 'മാമ്മോദീസയിലെ വെള്ള വസ്ത്രം താനൊരിക്കലും മലിനമാക്കിയില്ലെന്നു' പറഞ്ഞ വി. കുരിയാക്കോസ് ഏലിയാസച്ചന്റെ വത്സലമകനും സി.എം.ഐ പ്രിയോർജനറാൾ എന്ന നിലയിൽ (1966-72) ചാവറ പിതാവിന്റെ പിൻഗാമിയുമായ കനിസിയൂസച്ചൻ തന്റെ ഈ ലോക ജീവിതത്തിലെ അവസാന നാളു

കളിൽ അതീവ കൃതജ്ഞതയോടും വിനയത്തോടുംകൂടെ പറഞ്ഞു: "ഞാനൊരിക്കലും ഈശോയെ നഷ്ടമാക്കിയിട്ടില്ല. ഞാനൊരിക്കലും ഈശോയെ വേദനിപ്പിച്ചിട്ടില്ല."



**ദൈവസേവനത്തിലും സഹോദരസേവനത്തിലും "പരമാവധി"**

1984 സെപ്തംബർ മാസത്തിലെ ദേവമാതാ ബുള്ളറ്റിനിൽ ബഹു. കനീസിയൂസച്ചൻ തന്റെ ജീവിതത്തിലേക്കു തിരിഞ്ഞു നോക്കി, ഓർക്കുന്ന അനുഭവങ്ങൾ സംക്ഷേപമായി കുറിക്കുന്നുണ്ട്. 12 തലക്കെട്ടുകളിൽ 21 ഖണ്ഡികകളായി എഴുതിയ കുറിപ്പിൽ ആറു പ്രാവശ്യം തന്റെ "പരമാവധി പ്രമാണം" ഈ പുണ്യചരിതൻ വെളിപ്പെടുത്തുന്നുണ്ട്. 16-ാം വയസ്സിൽ പാവർട്ടിയിലെ യോഗാർത്ഥി ഭവനത്തിൽ വെച്ച് ഔസേപ്പെടുത്ത (കനീസിയൂസച്ചന്റെ മാമ്മോദീസ പേര്) തീരുമാനങ്ങളിൽ ഒന്നായിരുന്നു, 'സഹോദരങ്ങൾക്ക് സേവനം ചെയ്യുന്നതിൽ "പരമാവധി" എന്നതായിരിക്കണം എന്റെ മാനദണ്ഡം." അമ്പഴക്കാട്ടെ നവസന്യാസ പരിശീലനകാലത്ത് ഗുരുവച്ചനായിരുന്ന ബ. ബർത്തലോമിയോ അച്ചന്റെ നേതൃത്വത്തിൽ കനിസിയൂച്ചന് ലഭിച്ച അമൂല്യമായ ഉൾകാഴ്ചയായിരുന്നു: "ദൈവസേവനത്തിലും സഹോദരസേവനത്തിലും പരമാവധി" എന്ന മാനദണ്ഡം പ്രായോഗികമാക്കാൻ സഹായിക്കുന്ന നിസ്തുല നേതാവ് നമ്മുടെ ഹൃദയത്തിൽ വസിക്കുന്ന പരിശുദ്ധാത്മാവാണ്. "അന്തരംഗത്തിൽ നിരന്തരം നമ്മോടു സംസാരിക്കുന്ന അവിടത്തെ സ്വരം ശ്രവിക്കുക, അതനുസരിക്കുക". അങ്ങനെ അരൂപിയുടെ മനുഷ്യനാവുക. നവസന്യാസ ഭവനത്തിലും തുടർന്ന് മംഗലാപുരത്തെ തത്വശാസ്ത്ര, ദൈവവിജ്ഞാനിയ പഠനകാലത്തും ഈ യുവസന്യാസി "പരമാവധി പ്രമാണം"പരമാവധി ജീവിതചര്യയാക്കി. അതിനാൽ തന്നെ അദ്ദേഹത്തിന് കുറിക്കാനായി: "മംഗലാപുരത്തെ സമൂഹ ജീവിതം സാഹോദര്യത്തിന്റെ മാധുര്യം നിറഞ്ഞു തുളുമ്പുന്നതായിരുന്നുവെന്നു പറയുന്നതിൽ ഒട്ടും തന്നെ അതിശയോക്തിയില്ല. അവിസ്മരണീയ അനുഭവങ്ങൾ!"

**ജ്ഞാന സമ്പാദനത്തിലും ജ്ഞാനദാനത്തിലും "പരമാവധി"**

സി.എം.ഐ പ്രിയോർജനറാൾ (1966-72), വികർ ജനറാൾ (1978-81), ദേവമാതാ പ്രവിശ്യാധിപൻ (1972-75), ധർമ്മാരാം സെമിനാരി റെക്ടർ (1960-1966), എന്നിങ്ങനെ ഒട്ടേറെ ഉത്തരവാദിത്വങ്ങൾ നിർവ്വഹിച്ച കനീസിയൂസച്ചൻ എല്ലാ നിയമനങ്ങളും പൂർണ്ണമായും ദൈവതിരുമനസ്സായി കണ്ടു തന്റെ "പരമാവധി പ്രമാണം" പാലിച്ചു പോന്നു. ബൈബിൾ വിജ്ഞാനീയം, ആത്മിയശാസ്ത്രം, തുടങ്ങിയവ പഠിപ്പിക്കുന്നതായിരുന്നു അദ്ദേഹത്തിനു ഏറ്റവും കൂടുതൽ ആനന്ദം നൽകിയ ശുശ്രൂഷ. "തിയോളജിയിലും ബൈബിൾ വിജ്ഞാനീയത്തിലും ഉപരിപഠനം നടത്താൻ സഭ വഴി കർത്താവ് എന്നോടാവശ്യപ്പെട്ടത് എനിക്ക് അവിടുന്നു പകർന്നുതരുന്ന ജ്ഞാനം മുഴുവനും നിർല്ലോഭം, വിദ്യാർത്ഥികൾക്കും അറിവിനായി അവിടുന്നു എന്റെ പക്കലേയ്ക്കയക്കുന്ന എല്ലാവർക്കും, പരമാവധി പകർന്നു കൊടുക്കണം എന്ന ഉദ്ദേശ്യത്തോടെ ആയിരുന്നു എന്ന ബോദ്ധ്യം എനിക്കുണ്ടായിരുന്നു. ജ്ഞാനം സമ്പാദിക്കുന്നതിലും അതു മറ്റുള്ളവർക്ക് പകർന്നു കൊടുക്കുന്നതിലും ഈ പരമാവധി എന്ന തത്വം സ്വീകരിക്കുവാൻ, ഈ ബോദ്ധ്യം സദാ എനിക്ക് പ്രേരണ നൽകിയിരുന്നു. അതിനായി അദ്ധ്വാനിച്ചു വശം കെടുന്നതിൽ അനല്പമായ സംതൃപ്തിയും എനിക്ക് അനുഭവപ്പെട്ടിട്ടുണ്ട്."

**പ്രാർത്ഥനയിലും ശുശ്രൂഷകളിലും "പരമാവധി"**

സന്യാസാവൃതിക്കുള്ളിൽ ഒതുങ്ങി പാർത്ത്, എളിയ ജീവിതം നയിക്കാൻ ആഗ്രഹിച്ച കനീസിയൂസച്ചന് തനിക്കേൽപ്പിക്കപ്പെട്ട ഭരണ സേവന ശുശ്രൂഷകളെല്ലാം ദൈവതിരുമനസ്സായിരുന്നു, അങ്ങനെയാണദ്ദേഹം ഈ ശുശ്രൂഷകളെ സ്വീകരിച്ചതും നിർവ്വഹിച്ചതും. തന്റെ ആർജിച്ചെടുത്ത "പരമാവധി പ്രമാണ"-ത്തിലൂടെ സമൂഹത്തിന്റെ തീരുമാനങ്ങൾ ദൈവതിരുമനസ്സായി സ്വീകരിക്കുവാൻ കഴിഞ്ഞതുകൊണ്ട്, വ്യക്തിപരമായ അഭിപ്രായത്തിന് എതിരായി തീരുമാനങ്ങൾ വന്നാലും ഈ പുണ്യചരിതന് അസ്വസ്ഥതയോ അവയുടെ നിർവ്വഹണത്തിൽ പരമാവധി പ്രമാണം പാലിക്കുന്നതിൽ കുറവോ ഉണ്ടായിരുന്നില്ല. "ഞാൻ എവിടെ ആയിരിക്കണമെന്ന് കർത്താവ് ആവശ്യപ്പെടുന്നുവോ അവിടെ- അവിടെ മാത്രം- ആയിരിക്കുക,

അവിടന്നു എന്തു ചെയ്യാൻ ആവശ്യപ്പെടുന്നുവോ, അത് "പരമാവധി" നിർവ്വഹിക്കുക (മറ്റു വ്യഗ്രതകളൊന്നും കൂടാതെ) എന്നതായിരുന്നു എന്റെ സുദൃഢമായ നിശ്ചയം."

പ്രാർത്ഥനയിൽ ദിവ്യനാഥനോടൊത്തായിരിക്കുന്നതായിരുന്നു ഈ ദൈവദാസന്റെ ഏറ്റവും വലിയ ആഗ്രഹം. അതിനായിരുന്നു ഈ പുണ്യ പിതാവ് "പരമാവധി"പരിശ്രമിച്ചിരുന്നതും. സ്മരിക്കലും തപിക്കലും ഉജ്ജ്വലിപ്പിക്കലും കനീസിയൻ പ്രാർത്ഥനാശൈലിയായിരുന്നു. അധികാരികളുടെ അനുവാദത്തോടെ വികാരി ജനറാൾ സ്ഥാനം രാജി വെച്ച് 1981 ജൂൺ മാസത്തിൽ പരമാവധി സമയം പ്രാർത്ഥനയിൽ കഴിയുന്നതിനായി കനീസിയൂസച്ചൻ പരിയാരത്തുള്ള സാക്ഷാത്കാരയിലേക്കു വന്നു. 1982 ജനുവരി ഒന്നു മുതൽ 1996 ഏപ്രിൽ ഒമ്പതിന് അമ്പഴക്കാട് ആശ്രമത്തിൽ അംഗമായി വരുന്നതുവരെ ആരോഗ്യം അനുവദിക്കുന്ന എല്ലാ ദിവസവും അഞ്ചു മണിക്കൂർ വ്യക്തിപരമായ പ്രാർത്ഥന കനീസിയന്റെ ജീവിതചര്യയായിരുന്നു.

| | |
|---|---|
| 06.30- 07.30 | Learning Prayer: Alone with the Father |
| 08.30 -09.30 | Intercession for Missionaries |
| 11.30 -12.30 | Intercession for leaders in the Church and State |
| 15.00 -16.00 | Intercession for Religious and Lay Apostolates |
| 18.30 -19.30 | Listening Prayer: Alone with Jesus |


അനുദിന ദിവ്യബലിക്കും സമൂഹ പ്രാർത്ഥനകൾക്കും മറ്റു സാമാന്യ സന്യാസക്രമങ്ങൾക്കും പുറമെയായിരുന്നു ഈ അഞ്ചു മണിക്കൂർ പ്രാർത്ഥന. ബാക്കി സമയം പഠനത്തിനും ആത്മീയ ശുശ്രൂഷകൾക്കുമായി അദ്ദേഹം ചെലവഴിച്ചു. സാക്ഷാത്കാരയിലെ തന്റെ ജീവിതത്തെ കനീസിയൂസച്ചൻ ഇങ്ങനെ കുറിച്ചു. "ഈ അവസാന കാലത്ത്, എന്റെ ശാരീരികശക്തികളും ആന്തരികശക്തികളും സാരമായി ക്ഷയിച്ചിരിക്കുന്ന ഈ കാലഘട്ടത്തിൽ ഉത്തരവാദിത്വമേറിയ ജോലികൾക്കുള്ള അപര്യാപ്തത അനുഭവപ്പെടുന്ന ഈ കാലഘട്ടത്തിൽ, ജീവിതദശയിൽ, ശ്രേഷ്ഠന്മാരുടെ അനുകമ്പാപൂർണ്ണമായ പരിഗണന വഴി എനിക്കു സുസാദ്ധ്യവും സംപ്രീതവുമായ പ്രവർത്തന ജീവിതവും അതിനാഗ്രഹിച്ചു വരുന്നവർക്ക് ലളിതമായ നേതൃത്വവും അടങ്ങുന്ന ഒരു ജീവിതശൈലി എനിക്കു അംഗീകരിച്ചു ലഭിച്ചിട്ടുണ്ട്. അതിൽ എന്റെ ഇപ്പോഴത്തെ കഴിവിന്റെ പരമാവധി ഞാൻ വ്യാപൃതനായിരിക്കുകയാണ്. 'ഈ പുണ്യപിതാവിന് അനുസരണ ജീവിതത്തിനുള്ള രൂപരേഖയാണ് സഭാ നിയമങ്ങൾ. അവയെ സ്നേഹിക്കുകയും പരമാവധി അനുസരിക്കുകയും വേണം. 1990 ജനുവരി 22ന് തന്റെ ഒരു ആത്മീയസുതന് പിതാവെഴുതി. "നമുക്ക് പരസ്പരം പ്രാർത്ഥന കൊണ്ട് സഹായിക്കാം. ദൈവ തിരുമനസ്സ് അത് മുഴുവനും, ഉടനെ എന്ന തീരുമാനത്തിന് "പരമാവധി" പ്രാധാന്യം നൽകുന്നതിനുള്ള കൃപയ്ക്കായി.'

**സഹനത്തിലും സമർപ്പണത്തിലും "പരമാവധി"**

"പരമാവധി" പ്രമാണം പരമാവധി പാലിച്ചുപോന്ന കനീസിയൂസച്ചന് സഹനങ്ങളും പരമാവധി ലഭിച്ചു. അദ്ദേഹത്തിന്റെ വാക്കകളിൽ, "ഷോക്ക് കഷായങ്ങൾ' എനിക്ക് കോരിത്തരുവാൻ കർത്താവ് മടിച്ചിട്ടില്ല എന്നതാണ് പരമാർത്ഥം. എന്റെ 'ഷോക്ക് പോയിന്റ്' തൊട്ടാവാടിയുടേതിനേക്കാൾ ഉയർന്നതല്ലായിരിക്കാം. അവിടുന്ന് നീട്ടിത്തന്ന കാസ അയോഗ്യമായി പാനം ചെയ്യുവാൻ എനിക്ക് ശക്തി നല്കി." ജീവിതസായാഹ്നത്തിൽ രോഗങ്ങൾ അദ്ദേഹത്തിന്റെ കൂടപ്പിറപ്പായി. ആമവാതം, സ്പൊൻഡിലൈറ്റിസ്, വിസർപ്പം തുടങ്ങി അതീവ വേദനയുളവാക്കുന്ന രോഗങ്ങൾ ഈ ദൈവദാസനെ സഹനദാസനാക്കി. സഹനങ്ങൾ അദ്ദേഹത്തിന് സമർപ്പണസ്നേഹത്തിന്റെ അടയാളങ്ങളായി. വേദനയുടെ തീച്ചൂളയിൽ വെന്തുനീറുമ്പോഴും ഈ സഹനദാസൻ അസുഖം മാറാനായി പ്രാർത്ഥിച്ചില്ല. "സർവാംഗം വ്യാപിക്കുന്ന ഒരു സഹനമാണ് ഞാൻ ആഗ്രഹിക്കുന്നത്, സഹനം കൂടാതെ വിശുദ്ധിയുടെ പടിവാതിൽക്കൽ പോലും എത്തിച്ചേരാൻ പറ്റില്ല."

അസുഖം മാറാൻ പ്രാർത്ഥിക്കാമെന്ന് പറഞ്ഞവരോടും അസുഖം മാറാനല്ല, സഹിക്കാനുള്ള ശക്തിക്കായി പ്രാർത്ഥിച്ചാൽ മതി എന്ന് പറഞ്ഞു. അതിനുള്ള അദ്ദേഹത്തിന്റെ ന്യായം ഇതാണ്: "കർത്താവിന് പ്രിയപ്പെട്ടവർ ചോദിച്ചാൽ കർത്താവിന്റെ ഇഷ്ടം അല്ലെങ്കിൽ പോലും അവരുടെ ഇഷ്ടം അവിടുന്നു സാധിച്ചു കൊടുക്കും. അതുകൊണ്ട് അവരെ എനിക്കു പേടിയാണ്. എനിക്കറിയാം ഞാൻ സഹിക്കണമെന്നതാണ് ദൈവേഷ്ടം. അതു മാറ്റിക്കിട്ടാനാണ് അവർ പ്രാർത്ഥിക്കുന്നത്. അക്കാര്യം എനിക്ക് സമ്മതിക്കാൻ പറ്റില്ല. അവിടുത്തെ ഇഷ്ടം അത്രയും കുറഞ്ഞില്ലേ? അതു പറ്റില്ല. അതു മുഴുവനും നിറവേറ്റപ്പെടേണ്ടതാണ്."

"പരമാവധി" പ്രമാണം പരമാവധി പാലിച്ച ഈ പുണ്യചരിതനെ സ്മരിക്കുമ്പോൾ, ദൈവദാസന്റെ മദ്ധ്യസ്ഥതയിൽ ദൈവതിരുമനസ്സ് "പരമാവധി" നിറവേറ്റാനായി നമുക്ക് സ്വയം സമർപ്പിക്കാം. നമുക്ക് "പരമാവധി"കൃപകൾ ലഭിക്കുന്നതിനായി കനീസിയൂസച്ചൻ സ്വർഗ്ഗത്തിലിരുന്ന് നമുക്കു വേണ്ടി "പരമാവധി" മദ്ധ്യസ്ഥം വഹിക്കുമെന്ന് നമുക്ക് പ്രത്യാശിക്കാം, പ്രാർത്ഥിക്കാം.



# ദൈവദാസനായ എന്റെ അപ്പാപ്പനച്ചൻ



**വർഗ്ഗീസ് പോൾ തെക്കേകര**
ആനന്ദപുരം

എന്റെ ചെറുപ്രായത്തിൽ ഒരു വൈദികൻ എന്നു പറഞ്ഞാൽ മനസ്സിലേക്ക് ആദ്യം എത്തുന്ന ചിത്രം ബഹുമാനപ്പെട്ട ദൈവദാസനായ കനീസിയൂസച്ചന്റേതാണ്. കാരണം അദ്ദേഹം എന്റെ അപ്പാപ്പന്റെ ഏറ്റവും ഇളയ സഹോദരനായിരുന്നു. അച്ചനെ ഞാൻ അപ്പാപ്പനച്ചൻ എന്നാണ് വിളിച്ചിരുന്നത്. എന്റെ ചെറുപ്പം മുതൽ തന്നെ അച്ചനുമായി വളരെ അടുത്ത ആത്മബന്ധം എനിക്കുണ്ടായിരുന്നു. അതിനേക്കാൾ പതിന്മടങ്ങ് കൂടുതലായിരുന്നു എന്റെ അപ്പാപ്പനും (പൗലോസ്) കനീസിയൂസച്ചനും തമ്മിലുള്ള ആത്മബന്ധം.

എനിക്ക് അവിവാഹിതയായ ഒരു ആന്റി (അപ്പച്ചന്റെ ഇളയ സഹോദരി) ഉണ്ട്. കനീസിയൂസച്ചന് അവരെന്നു വച്ചാൽ ജീവനായിരുന്നു. ത്രേസ്യ എന്നാണ് ആന്റിയുടെ പേര്. ഈ ആന്റിയോടൊപ്പമാണ് കുട്ടിക്കാലത്ത് അച്ചനെ കാണാൻ പോയിരുന്നത്. അച്ചൻ ആ സമയത്ത് സി.എസ്.ആർ പരിയാരം എന്ന സ്ഥലത്തുള്ള ധ്യാനകേന്ദ്രത്തിലാണ് തമാസിച്ചിരുന്നത്. സി.എസ്.ആർ ആശ്രമത്തിന്റെ അരികിലൂടെ ഒഴുകുന്ന പുഴ വളരെ മനോഹരമാണ്. ആ പുഴയ്ക്ക് അഭിമുഖമായിരുന്നാണ് പലപ്പോഴും അച്ചനോട് സംസാരിക്കാറുള്ളത്. മാസത്തിൽ ഒരു തവണയെങ്കിലും ഞങ്ങൾ അവിടെ പോകുമായിരുന്നു.

ചിലപ്പോഴെല്ലാം അപ്പച്ചനോടും അമ്മച്ചിയോടും ഒപ്പം അച്ചന്റെ അടുത്ത് പോയിരുന്നു. ആ സമയങ്ങളിൽ അച്ചൻ അപ്പച്ചന് കത്ത് എഴുതുമായിരുന്നു. അന്ന് ഫോൺ പോലുള്ള സൗകര്യങ്ങൾ ഒന്നും ഇല്ലല്ലോ? ചിലപ്പോൾ അപ്പച്ചന് വരുന്ന കത്തിന്റെ കവറിനുള്ളിൽ എനിക്കും ഒരു ചെറിയ കത്ത് ഉണ്ടായിരിക്കും. ചിലപ്പോൾ എനിക്ക് സ്വന്തമായും അച്ചൻ കത്ത് എഴുതുമായിരുന്നു. കത്തുകളിലെ ഉള്ളടക്കം അമ്മാമക്കും, ആന്റിക്കും, അപ്പച്ചനും അമ്മച്ചിക്കും സുഖമല്ലേ

എന്നുള്ളതും, എന്റെ വിശേഷങ്ങളെപ്പറ്റിയുള്ള അന്വേഷണങ്ങളുമായിരിക്കും. അന്നേ അപ്പച്ചൻ പറയുമായിരുന്നു, "കനീസിയൂസച്ചൻ ഒരു നാൾ വിശുദ്ധനാകും, ഈ കത്തുകളെല്ലാം അപ്പോൾ ആവശ്യം വരും. കത്തുകളെല്ലാം സൂക്ഷിച്ചുവയ്ക്കണമെന്ന്." അന്ന് അപ്പച്ചൻ പറഞ്ഞ കാര്യത്തിന് അത്രക്ക് ഗൗരവമുണ്ടെന്ന് ഞാൻ കരുതിയില്ല. ഇപ്പോൾ ആ കത്തുകളെല്ലാം ആവശ്യമായി വന്നിരിക്കുന്നു. എന്റെ അപ്പച്ചന്റെ മരണശേഷം മേശമേൽ തിരഞ്ഞപ്പോൾ അപ്പച്ചനും എനിക്കും കനീസിയൂസച്ചൻ അയച്ച കത്തുകളെല്ലാം അപ്പച്ചൻ ഒരു കവറിലിട്ട് ഭദ്രമായി സൂക്ഷിച്ചിട്ടുണ്ടായിരുന്നു. ഈ കത്തുകളെല്ലാം സി.എം.ഐ സഭാധികാരികൾ ആവശ്യപ്പെട്ടപ്പോൾ ഞാൻ നൽകുകയും അവർ അതിന്റെ കോപ്പികൾ എടുത്തശേഷം സൂക്ഷിച്ചുവയ്ക്കാൻ പറഞ്ഞ് തിരികെ തരുകയും ചെയ്തു. ആ കത്തുകളെല്ലാം ഭദ്രമായി സൂക്ഷിച്ചുവച്ചിട്ടുണ്ട്.

ഞങ്ങളുടെ തറവാട് കുടുംബവീട് എന്റെ ഇളയപ്പന്റെ ഉടമസ്ഥതയിലുള്ളതായിരുന്നു. ഇളയപ്പന്റേയും അപ്പച്ചന്റേയും തീരുമാനപ്രകാരം ഈ വീട് സി.എം.ഐ സഭയ്ക്ക് നൽകുകയും, അവർ ഈ വീട് ഭംഗിയായി സംരക്ഷിച്ചുപോരുകയും ചെയ്യുന്നു. ഈ വീടാണ് 'കനീസിയം' എന്ന പേരിൽ നാമകരണം ചെയ്ത് അറിയപ്പെടുന്നത്. കനീസിയം ഇപ്പോഴും വൃത്തിയായി സൂക്ഷിക്കുന്നതും, എന്നും തിരി കത്തിക്കുന്നതും ഞാൻ മേൽപ്പറഞ്ഞ ത്രേസ്യ എന്ന ആന്റിയാണ്. ആന്റിക്ക് ശാരീരികബുദ്ധിമുട്ടുകൾ ഉണ്ടെങ്കിലും കനീസിയൂസച്ചന്റെ അനുഗ്രഹത്താൽ എല്ലാം ഭംഗിയായി നടക്കുന്നു.

അപ്പച്ചൻ ഒരിക്കൽ പറഞ്ഞ കാര്യം ഞാൻ ഓർക്കുകയാണ്. ഒരിക്കൽ കനീസിയൂസച്ചൻ വീട്ടിൽ വന്നപ്പോൾ അപ്പച്ചനെ വിളിച്ച് ഒരു കാര്യം പറഞ്ഞുവത്രേ. ഒരിക്കലും നമ്മുടെ തറവാട് വീട് വിൽക്കുവാനോ, നശിച്ചുപോകുവാനോ ഇടവരരുത്. ഈ വീട് ഭാവിയിൽ ആവശ്യംവരും. അതുമാത്രമല്ല ഈ വീട്ടിലെ മുറിയിലാണ് തിരുഹൃദയത്തിന്റെ പ്രതിഷ്ഠാരൂപം ഇരിക്കുന്നത്. ആ മുറി ഭംഗിയായി സൂക്ഷിക്കുകയും വേണം. ഭാവിയിൽ എല്ലാവർക്കും തിരുഹൃദയപ്രതിഷ്ഠാമുറിയിൽ കയറി പ്രാർത്ഥിക്കാൻ സൗകര്യക്കുറവ് ഉള്ളതിനാൽ, നടപ്പുരയിൽ നിന്നാൽ തന്നെ തിരുഹൃദയത്തിന്റെ രൂപം കാണത്തക്കവിധം വാതിൽ ഗ്ലാസ്സിടുകയും ചെയ്താൽ നല്ലതായിരിക്കുമെന്നും പറഞ്ഞു. കനീസിയൂസച്ചന് അത്രയ്ക്കും ആത്മബന്ധം ഉള്ളതായിരുന്നു ആ മുറിയും ആ തിരുഹൃദയരൂപവും. ഈ വീട്ടിലാണ് കനീസിയൂസച്ചൻ ജനിച്ചതും വളർന്നതുമെല്ലാം. കുറച്ചു നാളുകൾക്കുശേഷം വാതിൽ ഗ്ലാസ്സാക്കുകയും ചെയ്തു. സി.എം.ഐ സഭ ഏറ്റെടുത്തതിനുശേഷം വീടിന് കുറച്ച് നവീകരണപ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്, പഴയ തനിമ നഷ്ടപ്പെടാതെ തന്നെ. മേൽപ്പറഞ്ഞ കാര്യങ്ങളിൽ നിന്നുതന്നെ ഭാവിയിലെ കാര്യങ്ങളെപ്പറ്റി അച്ചന്റെ മനസ്സിൽ വ്യക്തമായ ധാരണയുണ്ടായിരുന്നു എന്നു വേണം മനസ്സിലാക്കാൻ.

എനിക്ക് പത്തുവയസ്സിനോടടുത്തുള്ളപ്പോൾ എന്റെ അപ്പച്ചന് ഹാർട്ടിൽ ഒരു മുഴ ഉണ്ടാകുകയും, എറണാകുളം മെഡിക്കൽ ട്രസ്റ്റ് ഹോസ്പിറ്റലിൽ ആ മുഴ നീക്കം ചെയ്യുന്നതിനുള്ള ശസ്ത്രക്രിയ നടത്തുന്നതിന് തീരുമാനിക്കുകയും ചെയ്തു. ഗൗരവമേറിയ ഓപ്പറേഷൻ ആണെന്നായിരുന്നു ഡോക്ടർമാർ പറഞ്ഞിരുന്നത്. അപ്പന്റെ ഭാഷയിൽ പറഞ്ഞാൽ തിരിച്ച് വീട്ടിലേക്ക് വരുമോയെന്ന് തന്നെ സംശയമുള്ള കാര്യമായിരുന്നു എന്നാണ്. അങ്ങനെ ഓപ്പറേഷന്റെ തലേദിവസം കനീസിയൂസച്ചൻ അടുക്കൽ ചെല്ലുകയും, പ്രാർത്ഥിക്കുകയും,

സംസാരിച്ച് ആശ്വസിപ്പിക്കുകയും ചെയ്തു. അച്ചൻ തിരിച്ചുപോകുന്നതിനു മുമ്പ് ഇങ്ങ നെയും പറഞ്ഞു: “ദൈവത്തിന് അസാധ്യ മായി ഒന്നുമില്ല, ചിലപ്പോൾ ഓപ്പറേഷൻ വേണ്ടിവന്നില്ലെങ്കിലോ? ദൈവത്തോട് നല്ല പോലെ പ്രാർത്ഥിക്കുക.” പിറ്റേന്ന് ഓപ്പറേ ഷൻ തിയറ്ററിലേക്ക് പോകുന്നതിനു മുമ്പ് ഡോക്ടർ വരികയും ഒന്നുകൂടി X-ray എടു ക്കുന്നതിന് നിർദ്ദേശിക്കുകയും ചെയ്തു. അത്ഭുതമെന്നു പറയട്ടെ ആ വലിയ മുഴ ചെറു തായി ചുരുങ്ങി പോയിരിക്കുന്നതായി X-ray റേയിൽ തെളിഞ്ഞു. ഓപ്പറേഷൻ കൂടാതെ ചികിത്സയിൽ രോഗം ഭേദപ്പെടുകയും ചെയ്തു.

കനീസിയൂസ് അച്ചനുമായി ബന്ധപ്പെട്ട ഒരു കാര്യംകൂടി പറഞ്ഞിട്ട് അവസാനിപ്പി ക്കാം. ഒരിക്കൽ ഞാനും അമ്മച്ചിയും ആന്റി യും കൂടി സി.എസ്.ആറിൽ അച്ചനെ കാണാൻ പോയി. ഉച്ചഭക്ഷണത്തിന്റെ സമയം. അച്ചൻ ഞങ്ങളെ ഭക്ഷണത്തിനു ക്ഷണിച്ചു. ഞങ്ങൾ നാലുപേരും ഒന്നിച്ച് ഭക്ഷണത്തിനിരുന്നു. ഞങ്ങൾക്ക് വിഭവസമൃദ്ധമായ ഭക്ഷണം. അച്ചന് ഉപ്പിടാത്ത അൽപം ചോറും, ഉപ്പും മുളകും ചേർക്കാതെ ആവിയിൽ പുഴുങ്ങിയ പാവയ്ക്കായും മാത്രം. ഇതു കണ്ടപ്പോൾ അതിന്റെ രുചി അറിയാൻ എനിക്ക് ആകാം ക്ഷയായി. എനിക്കു കുറച്ചു തരുമോ അപ്പാ പ്പനച്ചാ എന്ന് ഞാൻ ചോദിച്ചു. എനിക്കു കുറച്ചുതന്നു. ഇതിന് ഉപ്പും മുളകും സ്വാദും ഒന്നും ഇല്ലല്ലോ എന്നു പറഞ്ഞപ്പോൾ, ‘‘ഈലോകത്ത് രുചിയും സ്വാദുമെല്ലാം കുറഞ്ഞാലും പിതാവിന്റെ അടുത്തു ചെല്ലുമ്പോൾ സ്വാദുള്ള കാര്യങ്ങൾ പിതാവു തരും’’ എന്നാണ് അച്ചൻ പറ ഞ്ഞത്. അച്ചൻ ഈ ലോകത്തു വച്ചുതന്നെ ലൗകികമായ സുഖ ങ്ങളും, സന്തോഷങ്ങളുമെല്ലാം ഉപേക്ഷിച്ചി രുന്നു. കൂടുതൽ സമയവും പ്രാർത്ഥനയിലും ധ്യാനത്തിലുമായി ചിലവഴിച്ചിരുന്നു. അച്ചൻ ഈ ഭൂമിയിൽനിന്ന് വിടവാങ്ങുന്നതിന് തലേ ദിവസം അമല ആശുപത്രിയിൽ പോയി കണ്ടപ്പോൾ അച്ചന്റെ മുഖം വളരെയധികം പ്രകാശമാനമായിരുന്നു. പിതാവിന്റെ അടു ത്തേക്ക് പോകുന്നതിന് ഒരുങ്ങിക്കഴിഞ്ഞു വെന്ന് ആ മുഖത്തെ സന്തോഷഭാവം കാണു മ്പോൾ തന്നെ മനസ്സിലാക്കാമായിരുന്നു.

ഈ ഭൂമിയിൽ ദൈവേഷ്ടത്തിനുവേണ്ടി മാത്രം പ്രവർത്തിച്ച കനീസിയൂസച്ചന് ദൈവ സന്നിധിയിൽ അർഹതപ്പെട്ട ഒരു സ്ഥാനം പിതാവ് നൽകുമെന്ന് നമുക്ക് പ്രതീക്ഷിക്കാം, അതിനായി പ്രാർത്ഥിക്കാം.







## കനീസിയൂസച്ചൻ തൊട്ട ഷാജപ്പൻ

**വൈ**കുന്നേരത്തെ ചായകുടിക്കുശേഷം സ്വന്തം റൂമിൽ സ്വസ്ഥമായി ഇരിപ്പുറപ്പിച്ചതിനുശേഷമാണ് ബാംഗ്ലൂരിൽ 'ആകാശപ്പറവകൾ' എന്ന ആശ്രമത്തിനു നേതൃത്വം നൽകുന്ന ഷാജപ്പനേയും കുടുംബത്തേയും ഒന്നു ഫോണിൽ വിളിച്ചു സംസാരിക്കാം എന്ന തീരുമാനത്തിൽ ഞാനെത്തിച്ചേരുന്നത്. ഫോൺ രണ്ടു തവണ ബെല്ലടിച്ചപ്പോഴേക്കും ഫോണെടുത്തു. ഷാജപ്പനാണ് മറുവശത്ത്. എന്നെ മുമ്പ് പരിചയമുണ്ടായിരുന്നതിനാൽ മുഖവുരയുടെ ആവശ്യം വേണ്ടി വന്നില്ല. ദൈവദാസൻ കനീസീയൂസച്ചനെക്കുറിച്ചുള്ള ഓർമ്മക്കുറിപ്പുകൾ പുസ്തകരൂപത്തിൽ പുറത്തുവരുവാൻ തയ്യാറെടുക്കുന്നു എന്ന്

കേട്ടപ്പോൾ അദ്ദേഹത്തിൽ വളരെയധികം സന്തോഷമുണ്ടാവുകയും, ഷാജപ്പൻ ഫോൺ സ്പീക്കറിലിടുകയും, ഭാര്യയേയും മക്കളേയും ഞങ്ങളുടെ സംഭാഷണത്തിൽ കൂടെക്കൂട്ടുകയും ചെയ്തു. അങ്ങനെ ഷാജപ്പനും കുടുംബവും കനീസിയൂസച്ചൻ എന്ന പുണ്യാത്മാവിനെക്കുറിച്ചുള്ള ഓർമ്മകളുടെ കെട്ടഴിക്കുവാൻ തുടങ്ങി.

- *ഇപ്പോൾ ആയിരിക്കുന്ന എലിസബത്തിന്റെ ത്രിത്വാശ്രമത്തെപ്പറ്റിയും, അവിടുത്തെ ശുശ്രൂഷകളെപ്പറ്റിയും ഒന്നു വിവരിക്കാമോ?*

ബാംഗ്ലൂരിൽ ഇപ്പോൾ ആകാശപ്പറവകളുടെ മൂന്ന് ആശ്രമങ്ങളാണുള്ളത്. പുരുഷൻമാർക്കുള്ള രണ്ടാശ്രമങ്ങളിലും സ്ത്രീകൾക്കായുള്ള ഒരാശ്രമത്തിലുമായി ഇരുന്നൂറോളം മാനസികരോഗികളായ മക്കൾ ഇവിടെ താമസിക്കുന്നു. ആരോരുമില്ലാത്ത തെരുവിൽക്കഴിയുന്ന മാനസികരോഗികളും, ഭിക്ഷാടകരുമായവരെ നമ്മൾ ഈ ആശ്രമത്തിലേക്കാണ് കൂട്ടിക്കൊണ്ടു വരുന്നത്. തെരുവിൽനിന്നും ഞങ്ങൾ ഒരു വ്യക്തിയെ കൊണ്ടുവരുമ്പോൾ മുഷിഞ്ഞ്, ദുർഗന്ധം വമിക്കുന്ന അവസ്ഥയിലായിരിക്കും അവർ. അങ്ങനെയുള്ളവരുടെ മുറിവുകൾ വച്ചുകെട്ടുകയും ആശുപത്രിയിൽ കൊണ്ടുപോകേണ്ട അവസ്ഥയിലാണെങ്കിൽ ആശുപത്രിയിൽ കൊണ്ടുപോയി ശുശ്രൂഷിക്കുകയും ചെയ്യുന്നു. സുഖപ്പെട്ടു കഴിയുമ്പോൾ അഡ്രസ്സ് പറയുവാൻ തയ്യാറാകുന്നവരെ ഞങ്ങൾ വീട്ടിലെത്തിക്കാനും ശ്രമിക്കുന്നുണ്ട്. ഇത്തരത്തിൽ നിരവധിപേരെ വീടുകളിലെത്തിക്കുവാൻ ഞങ്ങൾക്കു കഴിഞ്ഞു. ആകാശപ്പറവകളുടെ സ്ഥാപകപിതാവ് ജോർജ്ജ് കുറ്റിക്കലച്ചൻ പറഞ്ഞിരുന്നതു പോലെ തെരുവിൽ നിന്നും ഒരു മകനെ കൊണ്ടു വരുമ്പോൾ അദ്ദേഹത്തിന്റെ പാദം ചുംബിച്ച്, കയ്യിൽ ബൊക്കെ കൊടുത്ത്, പൂമാലയിട്ട് “മോനേ ദൈവം നിന്നെ സ്നേഹിക്കുന്നു, ഞങ്ങൾ നിന്നെ സ്നേഹിക്കുന്നു” എന്നു പറഞ്ഞാണ് ഞങ്ങൾ സ്വീകരിക്കാറുള്ളത്. ഇതു പറയുമ്പോൾ പല മക്കളുടേയും കണ്ണിൽ നിന്ന് കണ്ണുനീർ വീഴുന്നത് കാണുവാൻ സാധിക്കും. തെരുവിൽ നിന്ന് നിന്ദനവും അവഗണനയും ഏറ്റുവാങ്ങുന്ന ഇത്തരം മക്കളെ നാം ആശ്രമത്തിൽ കൊണ്ടുവന്ന് സ്നേഹത്തോടെ ആലിംഗനം ചെയ്യുമ്പോൾ ആ സമയത്തു തന്നെ അവർക്ക് സൗഖ്യം ലഭിക്കുന്നത് ഞങ്ങൾ കാണുവാനിടയായിട്ടുണ്ട്. ക്രിസ്തുവിനെ സ്വീകരിക്കുന്നതുപോലെ വേണം നമ്മൾ ആ മക്കളെ സ്വീകരിക്കാൻ. മറ്റൊരു പ്രധാനപ്പെട്ട കാര്യം ദൈവത്തിന്റെ പരിപാലനയിലാശ്രയിച്ചു മാത്രമാണ് നാം മുന്നോട്ടുപോകുന്നത് എന്നതാണ്. ഓരോ ദിവസവും ആവശ്യമുള്ളത് ദൈവം എത്തിക്കുന്നു. ദൈവത്തിന്റെ കരുതലും സ്നേഹവുമാണ് ആകാശപ്പറവകളുടെ ആശ്രയം.

- *എങ്ങനെയായിരുന്നു ഈ ജീവകാരുണ്യശുശ്രൂഷയിലേക്കു വരുന്നത്?*

ഞങ്ങളുടെ വിവാഹം കഴിഞ്ഞ നാളുകളിൽ ഞങ്ങൾക്ക് ജീവിതത്തിൽ വലിയ തകർച്ചകൾ നേരിടേണ്ടിവന്നു. വേദനയിലും സങ്കടത്തിലും ഇരിക്കുന്ന സാഹചര്യത്തി



ഷാജപ്പന്റെ കുടുംബം



ലാണ് ജോർജ്ജ് കുറ്റിക്കലച്ചനെ കാണുവാനും സംസാരിക്കുവാനും ഇടയായത്. അച്ചന്റെ നിർദ്ദേശപ്രകാരം കാഞ്ഞങ്ങാട് ആശ്രമത്തിൽവെച്ച് നടത്തുന്ന ദിവ്യകാരുണ്യപ്രേഷിതപരിശീലനധ്യാനത്തിൽ ഞങ്ങൾ പങ്കെടുത്തു. ഭക്ഷണകാര്യത്തിലും, താമസസൗകര്യങ്ങളിലും ലളിതമായ ഒരു ജീവിതക്രമമായിരുന്നു ധ്യാനത്തിന്റേത്. ധ്യാനത്തിലെ രണ്ട് ചിന്തകൾ എന്നെ വല്ലാതെ സ്വാധീനിച്ചു. ഈശോ മനുഷ്യനായി ഈ ഭൂമിയിൽ ജീവിച്ചപ്പോൾ സമൂഹത്തിലെ അവഗണിക്കപ്പെട്ടവരുടേയും, ദരിദ്രരുടേയും, പുറമ്പോക്കുകളിലുള്ളവരുടേയും കൂടെയാണ് ജീവിച്ചതും എണ്ണപ്പെട്ടതും. അതുകൊണ്ട് അങ്ങനെയൊരു ജീവിതം നയിക്കണമെന്ന് ആഗ്രഹം തോന്നി. "എനിക്കു വിശന്നു, നിങ്ങൾ എനിക്ക് ഭക്ഷിക്കാൻ തന്നു; എനിക്കു ദാഹിച്ചു, നിങ്ങൾ എനിക്ക് കുടിക്കുവാൻ തന്നു; ഞാൻ നഗ്നനായിരുന്നു നിങ്ങൾ എന്നെ ഉടുപ്പിച്ചു; ഞാൻ രോഗിയായിരുന്നു, നിങ്ങൾ എന്നെ ശുശ്രൂഷിച്ചു" എന്ന തിരുവെഴുത്തിന്റെ ആഴം തിരിച്ചറിഞ്ഞു എന്നുള്ളതാണ് രണ്ടാമത്തെ ചിന്ത. ആകാശപ്പറവകളുടെ ശുശ്രൂഷകൾ അവസാനവിധിയിൽ ഈശോ ചോദിക്കുന്ന ചോദ്യങ്ങൾക്ക് ജീവിതംകൊണ്ട് നൽകുന്ന മറുപടിയാണ് ഈ ദൈവവചനങ്ങളെന്ന് എനിക്കു ബോധ്യപ്പെട്ടു. അതു തന്നെയാണ് ഞങ്ങളെ ഈ ശുശ്രൂഷയിലേക്ക് നയിച്ചതും.



- ***ദൈവദാസൻ കനീസിയൂസച്ചൻ ജീവിതത്തിൽ വളരെയധികം സ്വാധീനിച്ചിരുന്നുവെന്ന് കേട്ടിട്ടുണ്ട്. എന്താണ് അതിനുള്ള കാരണം?***

എനിക്കു 18 വയസ്സുപ്രായമുള്ള സമയത്ത് എന്റെ ഇടതുഭാഗത്തെ കിഡ്നി പ്രവർത്തിക്കുന്നില്ല എന്ന് കണ്ടെത്താൻ സാധിച്ചു. തുടർന്ന് ഓപ്പറേഷൻ ചെയ്ത് കിഡ്നി റിമൂവ് ചെയ്യുകയും ചെയ്തു. എന്നാൽ അതിനുശേഷം വയറിനകത്ത് വലിയ ബ്ലീഡിംഗ് ഉണ്ടാവുകയും അത് നിലയ്ക്കാത്തതിനുള്ള കാരണം ഡോക്ടേഴ്സിന് കണ്ടെത്താൻ കഴിയാതെ വരികയും ചെയ്തു. അങ്ങനെയിരിക്കുന്ന അവസ്ഥയിലാണ് കനീസിയൂസച്ചന്റെ ചേട്ടന്റെ മകൾ എന്റെ അമ്മയോട് പറയുന്നത്, "കനീസിയൂസച്ചന്റെ അടുത്ത് മാദ്ധ്യസ്ഥം പ്രാർത്ഥിച്ചാൽ സൗഖ്യപ്പെടും" എന്ന്. എന്റെ ഭവനത്തിന്റെ തൊട്ടടുത്താണ് അച്ചൻ ജനിച്ചുവളർന്ന വീട്. അച്ചൻ മരിക്കുന്നതിനു മുമ്പ് ഭവനത്തിൽ ഒരു മുറിയിൽ തിരുഹൃദയരൂപവും, ക്രൂശിതരൂപവും, ബൈബിളും പ്രതിഷ്ഠിച്ചിരുന്നു. അവിടെ അച്ചന്റെ ചേട്ടന്റെ മക്കൾ നിരന്തരം പ്രാർത്ഥിക്കുമായിരുന്നു. എന്റെ അമ്മയും അച്ചൻ താമസിച്ച ആ വീട്ടിൽ കടന്നുചെന്ന് തിരുഹൃദയത്തിന്റെ മുമ്പിൽ എനിക്കുവേണ്ടി പ്രാർത്ഥിച്ചു. അങ്ങനെ കനീസിയൂസച്ചന്റെ വലിയ മാദ്ധ്യസ്ഥത്തിലൂടെ എന്റെ ജീവൻ തിരിച്ചുകിട്ടി. ഇതാണ് ഞാനും കനീസിയൂസച്ചനും തമ്മിലുള്ള വലിയ ബന്ധം.

- ***ഇത്തരത്തിലുള്ള ഒരു ജീവകാരുണ്യപ്രവർത്തനത്തിന് ഇറങ്ങിത്തിരിക്കുമ്പോൾ കനീസിയൂസച്ചനുമായുള്ള ആത്മീയബന്ധം ഏതെല്ലാം വിധത്തിൽ സ്വാധീനിച്ചിരുന്നു?***

ആകാശപ്പറവകളുടെ ശുശ്രൂഷക്കു വരുന്നതിനുമുമ്പ്, ഏകദേശം 21 വർഷങ്ങൾക്കുമുമ്പ് ഞങ്ങൾ വലിയ തകർച്ചയിലൂടേയും, നിന്ദനത്തിലൂടേയും, പരിഹാസത്തിലൂടേയും

കടന്നുപോയിട്ടുണ്ട്. ചെയ്ത തെറ്റിനും, ചെയ്യാത്ത തെറ്റിനും ശിക്ഷിക്കപ്പെട്ട ഒരു സമയം. ആ ദിവസങ്ങളിൽ കുറഞ്ഞത് രണ്ട് മണിക്കൂറെങ്കിലും കനീസിയൂസച്ചൻ ജനിച്ചു വളർന്ന വീട്ടിൽ പോയിരുന്ന് ഞങ്ങൾ പ്രാർത്ഥിക്കുമായിരുന്നു. ഏകദേശം ഒരു വർഷത്തോളം ഇതു തുടരുകയും ചെയ്തു. എന്റെ എല്ലാ വേദനകളും സങ്കടങ്ങളും അച്ചന്റെ അടുത്തുപോയി പറഞ്ഞ് കരയുമായിരുന്നു. അഞ്ചുവർഷങ്ങൾക്കുമുമ്പ് എന്റെ ജീവൻ തിരിച്ചുകിട്ടുന്നതിനുവേണ്ടി അമ്മ കനീസിയൂസച്ചന്റെ അടുത്തുചെന്ന് കരഞ്ഞിരുന്നെങ്കിൽ പിന്നീട് ഞാൻതന്നെ എന്റെ ജീവിതപ്രശ്നങ്ങളുമായി അച്ചന്റെ അടുത്തു ചെന്നു. ഈശോ അച്ചനിലൂടെ ഞങ്ങളെ ഈ ശുശ്രൂഷക്കുവേണ്ടി ഒരുക്കി. ഈ ശുശ്രൂഷക്കുവേണ്ടിയുള്ള ഒരു വാർത്തെടുക്കലായിരുന്നു ആ ഒരു വർഷം. പിന്നീടാണ് ജോർജ്ജ് കുറ്റിക്കലച്ചനെ കാണുന്നതും, കുടുംബമായി ഈ ശുശ്രൂഷയിലേക്ക് എത്തിച്ചേരുന്നതും. കനീസിയൂസച്ചനിലൂടെ ഈശോ മാനസികമായി ഒരുക്കി കുറ്റിക്കലച്ചന്റെ അടുത്ത് ഞങ്ങളെ എത്തിക്കുകയായിരുന്നു.

- *കുടുംബം ഈ ശുശ്രൂഷയിൽ എങ്ങനെ പങ്കുകൊള്ളുന്നു?*

ഞാനും ജീവിതപങ്കാളിയും ഒരുമിച്ചു തീരുമാനമെടുത്തുകൊണ്ടാണ് ഈ ശുശ്രൂഷയിലേക്കു കടന്നുവരുന്നത്. ഞങ്ങളുടെ പരസ്പരമുള്ള വലിയ സഹകരണവും സ്നേഹവും കൊണ്ടാണ് ഈ ശുശ്രൂഷ ഇത്ര നന്നായി ഞങ്ങൾക്ക് ചെയ്യുവാൻ സാധിക്കുന്നത് എന്ന് അതിനിടയിൽ ചേച്ചി കൂട്ടിച്ചേർത്തു. ആശ്രമത്തിൽതന്നെയാണ് ഞങ്ങൾ കുടുംബമായി താമസിക്കുന്നത്. മൂന്നുകുഞ്ഞുങ്ങളെ ദൈവം നൽകി. അവർ ഇപ്പോൾ പഠിച്ചുകൊണ്ടിരിക്കുന്നു. ശുശ്രൂഷാജീവിതം ഞങ്ങൾക്ക് വലിയ ആനന്ദമാണ് പ്രദാനം ചെയ്യുന്നത്. ഒത്തിരിയേറെ പ്രശ്നങ്ങളിലൂടേയും തെറ്റിദ്ധാരണകളിലൂടേയുമെല്ലാം കടന്നുപോകുമ്പോഴും ദൈവം തരുന്ന ആനന്ദം ഹൃദയത്തിലുണ്ട്. വലിയ പ്രതിസന്ധിയും ഒറ്റപ്പെടലുകളും വരുമ്പോൾ വർഷങ്ങൾക്കുമുമ്പ് കനീസിയൂസച്ചന്റെ അടുത്തിരുന്ന് ആശ്വാസം കണ്ടെത്തിയതും, ദൈവം സഹായിച്ചതും ഓർമ്മിക്കും. അങ്ങനെ ഓർമ്മിക്കുമ്പോൾ വീണ്ടും ശക്തിപ്പെടുന്ന അനുഭവമുണ്ടാകും. ദൈവത്തിന്റെ അനന്തകാരുണ്യംകൊണ്ട് ആശ്രമത്തിൽ ശുശ്രൂഷ ചെയ്തുവരുന്നു.

- *ദൈവദാസൻ കനീസിയൂസച്ചൻ വിശുദ്ധ പദവിയിലേക്കടുക്കുമ്പോൾ എന്തുതോന്നുന്നു?*

വലിയ സന്തോഷത്തോടെ ഷാജിയപ്പൻ പറഞ്ഞുതുടങ്ങി. എനിക്കു വളരെയധികം സന്തോഷമുണ്ട്. ആഗോളസഭക്ക്, നമുക്ക് ഓരോരുത്തർക്കും ഒരു ജീവിതമാതൃകകൂടി ലഭിക്കുന്നു, ദൈവസന്നിധിയിൽ ഒരു മദ്ധ്യസ്ഥനെ ലഭിക്കുന്നു. കനീസിയൂസച്ചന്റെ അന്ത്യകർമ്മങ്ങളിൽ പങ്കെടുക്കുവാനും, ജീവിച്ചിരിക്കുമ്പോൾ കാണുവാനും സാധിച്ചിട്ടുണ്ട്. അതുപോലെ അച്ചനിലൂടെ വലിയ അനുഗ്രഹങ്ങൾ ഈശോ ഞങ്ങൾക്ക് നൽകുകയും ചെയ്തു. പിതാവിന്റെ ഇഷ്ടം നിറവേറ്റി, പുഞ്ചിരിക്കുന്ന മുഖവുമായി എല്ലാവരുടേയും മുമ്പിൽ കൈകൂപ്പുന്ന കനീസിയൂസച്ചൻ ഒരു ജീവിതമാതൃക തന്നെയാണ്.

- *ഇനിയുള്ള ഭാവിപ്രവർത്തനങ്ങൾ എന്തൊക്കെയാണ്?*

20 വർഷങ്ങൾക്കുമുമ്പ് ചിന്തിക്കുകപോലും ചെയ്യാത്ത ഒരു മേഖലയിലാണ് ഇപ്പോൾ ഞങ്ങൾ എത്തിനിൽക്കുന്നത്. ആ സമയങ്ങളിൽ ഭാവിയെക്കുറിച്ച് ഒത്തിരി സ്വപ്നങ്ങൾ ഉണ്ടായിരുന്നു. ഞങ്ങൾ ചിന്തിക്കുകപോലും ചെയ്യാത്ത രാജകീയശുശ്രൂഷയിലേക്ക് കർത്താവ് ഞങ്ങളെ വിളിച്ചു. ക്രിസ്തുവിന്റെ ഈ ശുശ്രൂഷയിലേക്കു വന്നതിനുശേഷം ഭാവിയെക്കുറിച്ചുള്ള സ്വപ്നങ്ങൾ ഞങ്ങൾക്ക് ഒന്നും തന്നെയില്ല. ഒരു ആഗ്രഹമേയുള്ളൂ. ദൈവഹിതം തിരിച്ചറിഞ്ഞ് ഓരോ ദിവസവും അവയ്ക്കനുസരിച്ച് ദൈവം കാണിച്ചുതരുന്ന വഴിയിലൂടെ നടക്കണം. അതിനുള്ള കൃപക്കുവേണ്ടി എപ്പോഴും ഞങ്ങൾ പ്രാർത്ഥിച്ചുകൊണ്ടിരിക്കുന്നു.

## MESSAGE

**ചിപ്പി ലൂക്ക, കണ്ണൂർ**
RJ റേഡിയോ ആഞ്ചലോസ്




# ദൈവത്തിന്റെ കൈകളും കാലുകളുമായ കനീസിയൂസച്ചൻ

**ദൈ**വത്തിന് കൈകളും കാലുകളുമില്ല. ദൈവത്തിന്റെ കൈകളും കാലുകളുമാകാൻ വിളിക്കപ്പെട്ടവരാണ് ഓരോ പുരോഹിതരും. തന്റെ സഹപുരോഹിതരെ സ്വർഗ്ഗാത്മകമായി സ്വാധീനിക്കുകയും ആത്മീയതയുടെ അന്ത:സത്തയിൽ തപസ്സുചെയ്യുകയും ചെയ്ത പുണ്യാത്മാവായിരുന്നു ദൈവദാസൻ കനീസിയൂസച്ചൻ. നന്മയുള്ള മനസ്സിന്റെ സൗന്ദര്യമാണ് ഈ ലോകത്ത് ഏറ്റവും ഉത്തമമായ കാര്യം എന്ന ഉറച്ച ബോധ്യമുണ്ടായിരുന്ന അദ്ദേഹം തന്റെ മനസ്സിന്റെ നന്മ ചുറ്റുമുള്ളവർക്ക് പകർന്നുകൊടുത്തു. തീർച്ചയായും സമൂഹത്തിന്റെ ഏതു തട്ടിലുള്ള ജനതക്കും അച്ചന്റെ വിശുദ്ധജീവിതം പ്രചോദനമാണ്. പലതും പ്രകടനങ്ങളിലൂടെ നേടിയെടുക്കാൻ ശ്രമിക്കുന്ന യുവതലമുറക്കു മുന്നിൽ ആത്മസംയമനത്തിലൂടേയും, വിനയത്തിലൂടേയും, ശാന്തതയിലൂടേയും എങ്ങനെ സ്വർഗ്ഗത്തെ നേടാം എന്നുള്ളതിന് അച്ചൻ മാതൃകയാകേണ്ടിയിരിക്കുന്നു. പൂർണ്ണമായും ദൈവത്തിനുവേണ്ടി ജീവിച്ചുകൊണ്ട് തനിക്കു ചുറ്റുമുള്ളവരിലൂടെ



വിശുദ്ധിയുടെ പ്രഭാവത്തിലേക്ക് ഉയർത്തപ്പെട്ട പുണ്യവൈദികനാണ് അദ്ദേഹം. 84 വർഷത്തെ ഭൗതികജീവിതത്തിലൂടെ ആ ആത്മീയാചാര്യൻ ഭൂമിയിൽ അവശേഷിപ്പിച്ചത് തന്റെ സത്യസന്ധവും സർവ്വതും യേശുവിന് സമർപ്പിച്ചുകൊണ്ടുള്ളതുമായ ജീവിതവിശുദ്ധിയാണ്. അതുകൊണ്ടുതന്നെ ദൈവസന്നിധിയിൽ ആ പുണ്യാത്മാവ് വിലപ്പെട്ടവനാണ്. ഔദ്യോഗികജീവിതത്തിൽ ഉയർന്ന സ്ഥാനങ്ങൾ ലഭിക്കുമ്പോഴും പാവങ്ങളോടുള്ള സ്നേഹം കൈവെടിയാതിരുന്ന കനീസിയൂസച്ചൻ മരണശേഷം തന്റെ മാദ്ധ്യസ്ഥത്തിലൂടെ വ്യക്തികളെ ജീവകാരുണ്യപ്രവർത്തനങ്ങൾക്കായി ഇന്നും ഒരുക്കികൊണ്ടിരിക്കുന്നു. ദൈവവുമായുള്ള ഹൃദയബന്ധത്തിൽനിന്നും അദ്ദേഹം ആർജ്ജിച്ചെടുത്ത കർമ്മോത്സുകത സി.എം.ഐ സന്ന്യാസഭയുടെ വളർച്ചക്കും പ്രവർത്തനങ്ങൾക്കും എന്നും ശക്തിയാണ്. "ദൈവേഷ്ടം, അതുമാത്രം, അതുമുഴുവൻ" എന്ന് ഹൃദയത്തിൽ സംഗ്രഹിച്ചിരുന്ന അദ്ദേഹത്തിന് സന്ന്യാസജീവിതത്തിന് തിരുസ്സഭയിലുള്ള സ്ഥാനത്തെക്കുറിച്ച് ഉറച്ച ബോധ്യമുണ്ടായിരുന്നു. തീക്ഷ്ണമായ പ്രാർത്ഥനാജീവിതമായിരുന്നു അച്ചന്റെ സന്ന്യാസജീവിതത്തിന് എന്നും കരുത്തുനൽകിയിരുന്നത്. തപസ്സിന്റേയും പ്രാശ്ചിത്വത്തിന്റേയും രൂപത്തിൽ പുണ്യവഴിയിലെ താൽക്കാലിക വിഷമതകൾ അദ്ദേഹം തരണംചെയ്തു. കരുണാർദ്രമായി അദ്ദേഹം എഴുതിയ കത്തുകൾ അൽമായർക്കും സന്ന്യസ്തർക്കും പുരോഹിതർക്കും ഒരുപോലെ വഴിവിളക്കുകളാണ്. ആത്മീയത നിറഞ്ഞുതുളുമ്പുന്ന അവ വ്യക്തിപരമായി ഓരോരുത്തരേയും ക്രിസ്തുവിലേക്ക് അടുപ്പിക്കുവാൻ ഇന്നും സഹായകമാണ്. ദൈവദാസൻ കനീസിയൂസച്ചൻ പുറംമോടിയുടെ ചമയങ്ങളില്ലാതെ പതിനായിരങ്ങളിൽ നല്ല നിലമൊരുക്കി വചനമാകുന്ന വിത്തിനെ വളർന്നു പന്തലിക്കാൻ അവസരമൊരുക്കുമ്പോൾ സി.എം.ഐ സന്ന്യാസസഭയുടെ മിഷൻ പ്രവർത്തനങ്ങൾ ലോകം മുഴുവൻ പടർന്ന് പന്തലിക്കുകയായിരുന്നു. ജീവിതകാലത്ത് അച്ചനെ അറിഞ്ഞവർ ചുരുക്കമായിരുന്നുവെങ്കിലും ഇന്ന് ആ പുണ്യജീവിതത്തിന്റെ ചൈതന്യം ലോകമൊട്ടാകെ പടരുവാൻ തുടങ്ങിയിരിക്കുന്നു. അച്ചൻ പറയുന്നതുപോലെ "നമ്മുടെ അമ്മയെപ്പോലെ നമുക്കും 'ഇതാ നിന്റെ ഹിതം എന്നിൽ നിറവേറട്ടെ'" എന്നു പറയാൻ കഴിയണം. അതിനുള്ള മാനസിക ഒരുക്കം അച്ചന്റെ ജീവിതവിശുദ്ധിയിലൂടെ മാതൃകയാക്കാൻ കഴിയണം. നമ്മുടെ മനസ്സുകളെ നൂറുമേനി ഫലം പുറപ്പെടുവിക്കുന്ന നല്ല നിലങ്ങളാക്കി തമ്പുരാന് സമർപ്പിക്കാം.



MESSAGE


**സി. ട്രീസ പറോക്കാരൻ സി.എച്ച്.എഫ്.**


സെന്റ് ജോസഫ് കോൺവെന്റ്, ആളൂർ




# കനീസിയൂസച്ചൻ അന്ത്യ ദിനങ്ങളിലൂടെ

എന്റെ ആത്മീയ ഗുരുവായിരുന്നു കനീസിയൂസ് അച്ചൻ. അസുഖമായി അമല ആശുപത്രിയിലാണെന്നറിഞ്ഞപ്പോൾ പോയി കാണണമെന്ന വലിയ ആഗ്രഹം തോന്നി. അച്ചന്റെ മുറിയിൽ ചെന്നപ്പോൾ അവശനെങ്കിലും ചൈതന്യം നിറഞ്ഞ കണ്ണുകളോടെ അച്ചൻ ഞങ്ങളെ നോക്കി.

ഞങ്ങൾ ചോദിച്ച ചോദ്യങ്ങൾക്കെല്ലാം സ്ഫുടമായി ഉത്തരം നൽകി. ഈശോയുടെ പാട്ടു കേൾക്കാൻ അച്ചന് വലിയ ഇഷ്ടമാണ്. ഞങ്ങൾ കുറേ പാട്ടുകൾ പാടി കൊടുത്തു. ഓരോ പാട്ടു കഴിയുമ്പോഴും ഈശോയുടെ സ്നേഹം അനുഭവിച്ച് കൊണ്ട് നല്ല പുഞ്ചിരിയോടെ 'വളരെ ഉപകാരം' എന്ന് പറഞ്ഞിരുന്നു.



ഞങ്ങൾ രണ്ടുപേരും അച്ചന്റെ അനുഗ്രഹവും പ്രാർത്ഥനയും സ്വീകരിച്ചു. അച്ഛൻ ഈശോയെ നേരിൽ കാണുമ്പോൾ ഞങ്ങൾക്കു വേണ്ടി പ്രാർത്ഥിക്കണേ എന്നതിനു 'തീർച്ചയായും' എന്ന ഉത്തരം നൽകി. ഈശോയുടെ അടുത്തേക്ക് പോകുവാൻ ഇഷ്ടമാണോ എന്ന ചോദ്യത്തിന് ഇഷ്ടമാണ്, പക്ഷെ അവിടുത്തെ ഇഷ്ടം, അതു മുഴുവൻ, അതു മാത്രം എന്റെ ഏകജ്വരം, ഏക സന്തോഷം, ഏക സംതൃപ്തി എന്നിങ്ങനെ പല പ്രാവശ്യം പറഞ്ഞു. ഈശോയുടെ അടുത്തു പോകുമ്പോൾ എന്ത് സന്തോഷമായിരിക്കും എന്ന് ഞങ്ങൾ പറഞ്ഞപ്പോൾ വളരെ സന്തോഷത്തോടെ മനോഹരമായി പുഞ്ചിരിച്ചു.

അച്ചന്റെ ആത്മാവ് സ്വർഗ്ഗത്തിൽ പിതാവിന്റെ പക്കൽ ഈശോയിൽ ലയിച്ചിരിക്കുന്നുവെന്ന് വിശ്വസിക്കുന്നു. അച്ചനിലൂടെ അനേകർക്ക് ഇനിയും യേശു സാന്നിധ്യം ലഭിക്കട്ടെയെന്ന പ്രാർത്ഥനയോടെ.

**മോൺ. ജോസ് ഇരിമ്പൻ (Late)**
ഇരിങ്ങാലക്കുട രൂപത, മുൻ വികാരി ജനറാൾ



# അന്ന് മനുഷ്യദാസൻ ഇന്ന് ദൈവദാസൻ



ബഹു കനീസിയൂസ് സി.എം.ഐ അച്ചൻ ഗുരു സാന്നിധ്യത്തിൽ തപസ്സിരുന്ന് ആർജ്ജിച്ചെടുത്ത വിശുദ്ധിയുടെ നിറവിൽ യേശുവിന്റെ കണ്ണുകൾകൊണ്ട് എല്ലാവരേയും കാണുവാനും കാതുകൾകൊണ്ട് എല്ലാവരേയും കേൾക്കുവാനും ഉദാരതയോടെ എല്ലാവരേയും സ്വീകരിക്കുവാനും സാധിച്ച ഒരു ദിവ്യാത്മാവ്. ജീവിത വിശുദ്ധികൊണ്ട് ജീവിച്ചിരിക്കുമ്പോൾ തന്നെ ദൈവത്തെ കാണുകയും ആ കണ്ണുകൾകൊണ്ടു തന്നെ സഹോദരങ്ങളെ കണ്ട് അവരിലൊരുവനാകാൻ ലളിതവും വിനയാന്വിതവുമായ ജീവിതം സ്വന്തമാക്കിയ ഒരു സന്യാസശ്രേഷ്ഠൻ. ഏതു ചെറിയവരേയും ആദരിക്കുകയും അംഗീകരിക്കുകയും ഓരോരുത്തരുടെയും കഴിവുകൾ വളർത്തുവാൻ പ്രോത്സാഹിപ്പിക്കുകയും ചെയ്തിരുന്ന ഒരു മനുഷ്യസ്നേഹി. സമാനതകളില്ലാത്ത വ്യക്തിത്വത്തിന്റെ ഉടമസ്ഥനായ ബഹു കനീസിയൂസച്ചൻ. 'ദൈവേഷ്ടം അതുമാത്രം, അതു മുഴുവൻ' എന്ന ജീവിതശൈലി അധരത്തിലും ഹൃദയത്തിലും കാത്തുസൂക്ഷിച്ചു. അതിൽ സംതൃപ്തി കണ്ടെത്തി. ജീവിതം ദൈവേഷ്ടത്തിന് ഒരു കാണിക്കയായി സമർപ്പിച്ച ബഹു കനീസിയൂസച്ചനെക്കുറിച്ച് കണ്ടും കേട്ടും അറിഞ്ഞ നാൾ മനസ്സിൽ സൂക്ഷിക്കുന്ന ചിന്തകളിൽ ചിലതൊക്കെയാണ് മുകളിൽ പ്രസ്താവിച്ചത്.

അദ്ദേഹം ദൈവദാസനായത് മനുഷ്യരുടെ ദാസനായി ജീവിച്ചതുകൊണ്ടു മാത്രമാണ്. മനുഷ്യരെ സ്നേഹിക്കാൻ അദ്ദേഹത്തിന് കഴിഞ്ഞത് ദൈവത്തെ സ്നേഹിക്കാൻ അദ്ദേഹത്തിന് സാധിച്ചതുകൊണ്ടാണ്.

**MESSAGE**

## ഫാ. ആന്റണി പള്ളിപ്പാടൻ സി.എം.ഐ (Late)



# ജീവിക്കുന്ന വിശുദ്ധൻ

അനാർഭാടമായ കാവി നിറമുള്ള രോമളോഹയാണ് എപ്പോഴും ധരിക്കാറുള്ളത്. കൈകൾ രണ്ടും സ്കാപ്പുള റയുടെ അടിയിൽ പിടിച്ച് കണ്ണുകൾ താഴ്മയോടെ നോക്കി സാവധാനം നടന്നു നീങ്ങുന്ന പ്രകൃതിയാണ്. മന്ദസ്മിതം തൂകുന്ന പോലെയാണ് കാണപ്പെടാറ്. ചെറിയ സ്വരത്തിലേ സംസാരിക്കുകയുള്ളൂ. ചെയ്യുന്ന ഏതൊരു കാര്യവും ഒരു വിശുദ്ധനടുത്ത പുണ്യത്തോ ടെയാണ് ചെയ്യാറ്. അതുകൊണ്ട് അദ്ദേഹം റോമിൽ പഠി ച്ചിരുന്നപ്പോൾ അവിടെയുണ്ടായിരുന്നവർ 'ജീവിക്കുന്ന വിശുദ്ധൻ' എന്ന് അദ്ദേഹത്തെപ്പറ്റി എഴുതി അയക്കാറു ണ്ട്. ആ വാക്കുകൾ എപ്പോഴും സ്വാർത്ഥകമായാണ് തോന്നിയിരുന്നത്. ചെറുപ്പം മുതൽ മരിക്കുന്നതു വരെ അങ്ങനെ ഒരു രീതിയിലാണ് വർത്തിച്ചിരുന്നത്.

**പരിശുദ്ധാരൂപിയിൽ നിറഞ്ഞവൻ–**

അദ്ദേഹത്തിന്റെ സംസാരവും പ്രവർത്തികളും കേട്ടാലും കണ്ടാലും പരിശുദ്ധാരൂപിയാൽ എപ്പോഴും നിറഞ്ഞവ നെന്നേ തോന്നുകയുള്ളൂ.

**സിമ്പിൾ ആൻഡ് ഹമ്പിൾ**

അദ്ദേഹം എപ്പോഴും പറയുമായിരുന്ന ഗോസ്പെൽ സിംപ്ലിസിറ്റി അദ്ദേഹത്തിന്റെ ജീവിതശൈലിയായിരുന്നു. വസ്ത്രത്തിലും നിൽപിലും, ഇരിപ്പിലും, നടപ്പിലും എല്ലാം വെറും സാധാരണക്കാരൻ. എപ്പോഴും കർമ്മലീത്ത വസ്ത്രം ധരിക്കുന്നു.

**സർവ്വോപരി ആരാധനയിൽ ലയിച്ചിരുന്നവൻ**

സമയം കിട്ടിയപ്പോഴെല്ലാം പരി. കുർബ്ബാനയുടെ മുമ്പിൽ, ഓസ്തിയിലേക്കു നോക്കി ആരാധനയിൽ ലയിച്ചിരുന്നു. അതായിരുന്നു അവസാനകാലത്തെ കർത്തവ്യമെന്ന് പുണ്യപുരുഷൻ പറയുമായിരുന്നു. തന്നിലുള്ള പുണ്യപ രിമളം ആരും ദർശിക്കാതെ എളിമയോടെയാണ് കാണ പ്പെടാറ്. ആരെങ്കിലും ഒന്നു കണ്ടാൽ അദ്ദേഹം ഒരു പുണ്യവാനാണെന്ന് മനസ്സിലാകുമായിരുന്നു.



MESSAGE

സി. ക്ലിയോപാട്ര സി.എം.സി (Late)



# സ്നേഹധനനായ ഫാ. കനീസിയൂസ്

വിമല കോളേജിൽ ഞാൻ പഠിച്ചുകൊണ്ടിരിക്കുന്ന കാലം. അപ്പോഴാണ് ഞങ്ങൾക്കായി അച്ചൻ ബൈബിൾ ക്ലാസ്സെടുക്കാൻ വന്നിരുന്നത്. കോളേജിലെ ഒരു ക്ലാസ്സിൽ വിമലയിലെ അതായത് സെന്റ് സേവ്യേഴ്സ് കോൺവെന്റിലെ സിസ്റ്റേഴ്സിന് ബൈബിൾ ക്ലാസ്സെടുക്കാൻ വന്നിരുന്നു.

ക്ലാസ്സെടുക്കുമ്പോഴുള്ള അദ്ദേഹത്തിന്റെ തീക്ഷ്ണതയും സന്തോഷവുമാണ് ഞങ്ങൾ ഏറ്റവും അധികം ശ്രദ്ധിച്ചിരുന്നത്. കൈകൾ കൊട്ടിയും കൂട്ടിത്തിരുമ്മിയുമാണ് അദ്ദേഹം പറയുന്നവ, അദ്ദേഹത്തിൽ അലിഞ്ഞുചേർന്നവ വെളിപ്പെടുത്തിയിരുന്നത്.

ഞാൻ പ്രൊവിൻഷ്യളായി തിരഞ്ഞെടുക്കപ്പെട്ടതിനുശേഷം ഞങ്ങൾ ഒരുമിച്ച് വരുമായിരുന്നു. പ്രൊവിൻഷ്യൽ കൗൺസിലിന് ആവശ്യമായ നിർദ്ദേശങ്ങളെല്ലാം അദ്ദേഹം ഞങ്ങൾക്ക് നൽകിയിരുന്നു. ഞങ്ങളെ നയിച്ചിരുന്നു. അദ്ദേഹത്തിന് രോഗമായിരുന്നപ്പോഴും ഞാൻ പോയി കാണാറുണ്ടായിരുന്നു. ആ ദൈവികമായ ഒരു കാഴ്ചപ്പാട് എപ്പോഴും ഉണ്ടായിരുന്നു. അദ്ദേഹം ഒരു ദൈവിക പുരുഷനായിരുന്നു. ഈശോയെ പോലെ ഹൃദയശാന്തതയും എളിമയുമുള്ളവൻ. എല്ലാവരേയും ഏതവസ്ഥയിലും സ്വീകരിച്ചവൻ. ഓരോരുത്തർക്കും ആവശ്യമുള്ള ഉപദേശം നൽകിയിരുന്നു. രോഗത്തിലും അദ്ദേഹത്തിന്റെ സ്നേഹത്തിനും ദയാവായ്പിനും കുറവുണ്ടായിരുന്നില്ല. ദൈവേഷ്ടം നിറവേറട്ടെ എന്നുമാത്രം ആഗ്രഹിച്ച് ദാഹിച്ച് പ്രാർത്ഥിച്ച ഒരാളായിരുന്നു. അദ്ദേഹത്തിൽ വിളങ്ങിയിരുന്ന എളിമ, ശാന്തത, സേവനസന്നദ്ധത മുതലായവ ഞാനും പഠിച്ച് എന്റെ ജീവിതത്തിൽ അവ വളർത്തിയെടുക്കുവാൻ ശ്രമിക്കുന്നു. അദ്ദേഹം വേഗത്തിൽ വിശുദ്ധ പദവിയിലേക്ക് ഉയർത്തപ്പെടട്ടെ എന്ന് ആഗ്രഹിച്ച് പ്രാർത്ഥിക്കുന്നു.





# അത്ഭുത സാക്ഷ്യങ്ങൾ

**അവന്റെ ശരീരസ്പർശനമേറ്റ തൂവാലകളും അംഗവസ്ത്രങ്ങളും അവർ രോഗികളുടെ അടുത്തു കൊണ്ടുവന്നു. അപ്പോൾ രോഗം അവരെ വിട്ടുമാറുകയും അശുദ്ധാത്മാക്കൾ അവരിൽ നിന്നു പുറത്തുവരികയും ചെയ്തിരുന്നു.**

*അപ്പസ്തോലപ്രവർത്തനങ്ങൾ 19:12*

## 1 മാനസാന്തരം നൽകിയ മദ്ധ്യസ്ഥ ശക്തി

കത്തോലിക്കാ വിശ്വാസിയായ ഒരു കുടുംബനാഥൻ മൂന്നു വർഷമായി കുർബ്ബാന, കുമ്പസാരം തുടങ്ങിയ എല്ലാ തിരുക്കർമ്മങ്ങളിൽ നിന്നും ഒഴിഞ്ഞുമാറി ജീവിക്കുകയായിരുന്നു. ഇത് മനസ്സിലാക്കിയ ഒരു വ്യക്തി കുടുംബനാഥന്റെ മാനസാന്തരത്തിനു വേണ്ടി ദൈവദാസൻ കനീസിയൂസച്ചനോട് നൊവേന ചൊല്ലി പ്രാർത്ഥിച്ചതിന്റെ ഫലമായി ഈ വ്യക്തി ഒരു ധ്യാനത്തിൽ പങ്കെടുക്കുകയും എല്ലാ കൂദാശകർമ്മങ്ങളിലും ദിവ്യബലിയിലും പങ്കെടുക്കുകയും ചെയ്തു വരുന്നു. ഈ വലിയ ദാനത്തിന് നല്ല ദൈവത്തോട് നന്ദി പറയുന്നു.

*ഒരു വിശ്വാസി*




## 2 കരുണാമയനായ പിതാവ്

ദൈവദാസൻ കനീസിയൂസ് പിതാവിനോട് പ്രാർത്ഥിച്ചതിന്റെ ഫലമായി എന്റെ മകൻ പെട്രോ കെമിക്കൽ എഞ്ചിനീയറിങ്ങിന് (Petro Chemical Engineering- 5th Sem)അഞ്ചാം സെമസ്റ്ററിൽ എല്ലാ വിഷയത്തിനും നല്ല മാർക്കോടെ പാസ്സായി. ഒരായിരം നന്ദി.

*ഒരു വിശ്വാസി*

## 3 നന്ദി പറയുവാൻ എനിക്കീ ജീവിതം പോരാ

ദൈവദാസനായ കനീസിയൂസച്ചന്റെ കബറിടത്തിൽ വന്ന് പ്രാർത്ഥിച്ച് എന്റെ ചേട്ടൻ ടെസ്റ്റിന് പോയി. റിസൾട്ട് അനുകൂലമായി. പിതാവേ നന്ദി.

*സോണിയ*

## 4 പരീക്ഷാ വിജയം

എന്റെ പ്ലസ്ടുവിന് പഠിക്കുന്ന മകൻ എൻട്രൻസ് എക്സാമിനു വേണ്ടി കനീസിയൂസ് അച്ചന്റെ പ്രത്യേക സഹായം യാചിച്ചിരുന്നു. എൻട്രൻസ് എക്സാം കഴിഞ്ഞു അതിൽ ഒന്നിന്റെ റിസൾട്ട് വന്നു. അതിന് അവന് 25-ാം റാങ്കുണ്ട്. മാത്രമല്ല കഴിഞ്ഞ ആഴ്ച അവന്റെ ബോർഡ് പരീക്ഷയും കഴിഞ്ഞു. മൂന്നും ദൈവാനുഗ്രഹത്താൽ നല്ല എളുപ്പമായിരുന്നു. ദൈവമേ നന്ദി.

*കൊമ്പിടിയിൽ നിന്നും ഒരു മകൻ*

## 5 വിദേശത്ത് ജോലി

ദൈവദാസനായ കനീസിയൂസച്ചന്റെ മാദ്ധ്യസ്ഥം വഴി എന്റെ മകന് പുതിയ ജോലി ലഭിച്ചതിന് കനീസിയൂസച്ചന് നന്ദി പറഞ്ഞുകൊള്ളുന്നു.

*ഫ്രാൻസിസ്*

## 6 അലർജി

ഫാ കനീസിയൂസച്ചന്റെ പക്കൽ പ്രാർത്ഥിച്ചതിന്റെ ഫലമായി അലർജി പൂർണ്ണമായും വിട്ടുമാറി. അതോടൊപ്പം എന്റെ അമ്മയ്ക്കുണ്ടായിരുന്ന പുറം വേദനയും മാറിക്കിട്ടി. കനീസിയൂസച്ചന് ആയിരമായിരം നന്ദി അർപ്പിക്കുന്നു.

*റോസ് മേരി*

## 7 സ്വന്തമായി ഭവനം ലഭിച്ചു

ഞാനും അമ്മയും ഭാര്യയും രണ്ടു മക്കളും അടങ്ങുന്നതാണ് എന്റെ കുടുംബം. ഞങ്ങൾക്ക് താമസിക്കാൻ വീടുണ്ടായിരുന്നില്ല. ഞങ്ങളുടെ ഇടവകയിൽപെട്ട ഒരു സഹോദരന്റെ കുടുംബം ഞങ്ങൾക്കു വേണ്ടി കനീസിയൂസച്ചനോട് മാദ്ധ്യസ്ഥം അപേക്ഷിച്ചു. പ്രാർത്ഥിച്ച കാര്യം എന്നോടു പറയുകയുണ്ടായി. കുറച്ചു ദിവസങ്ങൾക്കു ശേഷം ഞങ്ങൾക്ക് വീട് ശരിയായി.

*ആന്റണി ഒ.എഫ്, ഒളാട്ടുപുറത്ത്, ഗോതുരുത്ത്*

## 8 ഈശോ സ്പർശിച്ചു

ദൈവദാസനായ കനീസിയൂസ് അച്ചന്റെ മാദ്ധ്യസ്ഥം വഴി, എന്റെ ചേട്ടന്റെയും ചേച്ചിയുടെയും അമേരിക്കയിലേക്ക് പോകുവാനുള്ള ഇന്റർവ്യൂ ആദ്യ തവണ തന്നെ പാസ്സാകുവാനുള്ള അനുഗ്രഹം ലഭിച്ചു.

*നിർമ്മൽ മൈക്കിൾ, മുളൻകൊമ്പിൽ ഹൗസ്, മരോട്ടിച്ചാൽ*

## 9 ഉപേക്ഷിക്കാത്ത സ്നേഹം

ദൈവദാസനായ കനീസിയൂസ് അച്ചനോട് പ്രാർത്ഥിച്ചതിന്റെ ഫലമായി മകളുടെ വിവാഹതടസ്സം മാറുകയും വിവാഹം മംഗളമായി നടക്കുകയും ചെയ്തു. ഇതിന് പ്രത്യേകം നന്ദി പറയുന്നു.

*തോമസ് പി.കെ, പടയാട്ടി ഹൗസ്, പുത്തൻവേലിക്കര*

## 10 തളർന്ന കാലിന് ശക്തി

2010 എനിക്ക് ഒരു അസുഖം ബാധിച്ചിരുന്നു. എന്റെ രണ്ടു കാലുകളും തളർന്നുപോയി. എന്റെ ആന്റി ഇവിടെ അസുഖത്തിൽ നിന്ന് മോചനം ലഭിച്ചാൽ ദൈവദാസൻ കനീസിയൂസച്ചന്റെ കുഴിമാടത്തിൽ വന്ന് പ്രാർത്ഥിക്കാമെന്ന് നേർന്നിരുന്നു. ഇപ്പോൾ എന്റെ അസുഖം മാറിയതിന്റെ സൂചനയായി ഇവിടെ വന്ന് പ്രാർത്ഥിക്കുന്നു.

*ആവിൻ ജോൺ, തന്നാടൻ ഹൗസ്*

## 11 ആണിരോഗം മാറി

ദൈവദാസനായ കനീസിയൂസ് പിതാവിന്റെ മദ്ധ്യസ്ഥം തേടി പ്രാർത്ഥിച്ചതിന്റെ ഫലമായി എന്റെ മകന്റെ കാലിൽ ഉണ്ടായിരുന്ന ആണിയുടെ അസുഖം മാറികിട്ടി. ദൈവദാസനായ കനീസിയൂസ് പിതാവിന് ആയിരമായിരം നന്ദി.

*ഫാ ഗിൽസൻ പയ്യപ്പിള്ളി, പയ്യപ്പിള്ളി ഹൗസ്, മാള, കാവനാട്*

## 12 ഫലസമൃദ്ധി

കഴിഞ്ഞ വർഷം ഞങ്ങളുടെ കശുമാവിൻ തോപ്പിൽ മാവ് പൂത്ത ശേഷം പൂവെല്ലാം കരിഞ്ഞുപോയതിനാൽ കാര്യമായ ഫലം ഉണ്ടായില്ല. ഈ വർഷവും മാവ് പൂത്തപ്പോൾ കശുവണ്ടി വിരിയാൻ സമയമെടുക്കുന്നതായി തോന്നി. ഞങ്ങൾ കനീസിയൂസ് അച്ചന്റെ പടം പലയിടങ്ങളിലായി കെട്ടിത്തൂക്കുകയും ഹന്നാൻ വെള്ളം തളിച്ച് ഇടയ്ക്ക് പ്രാർത്ഥിക്കുകയും ചെയ്തിരുന്നു. അതിന്റെ ഫലമായി ഞങ്ങൾ വിചാരിച്ചതിലും അധികമായി ഫലം ലഭിക്കുകയും വിലയിൽ വർദ്ധനവ് ഉണ്ടാവുകയും ചെയ്തു. ദൈവത്തിന് നന്ദി.

*സിസ്റ്റർ സുപ്പീരിയർ, കാർമ്മൽ മൗണ്ട് കോൺവെന്റ്, ലക്കിടി, മംഗലം ഡാം പി.ഒ, പാലക്കാട്*

## 13 ശക്തിയുള്ള നാമകരണജപം

സ്നേഹപിതാവായ കനിസിയൂസ് പിതാവിന് ഒരായിരം നന്ദി. എന്റെ മകൾ ഒരു ദിവസം സൈക്കിളിൽ ട്യൂഷന് പോകുന്ന വഴി ഒരു പ്രാണി കടിക്കുകയും അഞ്ച് മിനിറ്റിനുള്ളിൽ ശരീരമാകെ ചുമന്ന് തടിക്കുകയും നീരു വരികയും ചെയ്തു. ഡോക്ടറെ കാണിച്ച് കുത്തിവെയ്പും മരുന്നും ചെയ്തെങ്കിലും കുറവൊന്നും ഉണ്ടായില്ല. ഈ സമയം കനീസിയൂസ് പിതാവിന്റെ നാമകരണ ജപം ചെല്ലുകയും കൃതജ്ഞത എഴുതിയിടാം എന്ന് നേരുകയും ചെയ്തു. അത്ഭുതമെന്ന് പറയട്ടെ, മണിക്കൂറുകൾക്കുള്ളിൽ ചൊറിച്ചിൽ മാറുകയും ചെയ്തു. ഇത്രയും വലിയ അനുഗ്രഹം സാധ്യമാക്കിയ കനീസിയൂസ് പിതാവിന് നന്ദിയർപ്പിക്കുന്നു.

*ലൈസി ജോസ്*

## 14 ഇടവിടാതെ പ്രാർത്ഥിച്ചപ്പോൾ

ഞാൻ വളരെ നാളായി വിദേശത്ത് പോകുവാൻ ആഗ്രഹിക്കുന്നു. കനീസിയൂസ് അച്ചനോട് എന്റെ കടങ്ങൾ മാറ്റുവാൻ എന്തെങ്കിലും ഒരു വഴി കാണിക്കണമെന്ന് മനമുരുകി പ്രാർത്ഥിക്കുകയും പ്രാർത്ഥനാസഹായം തേടുകയും ചെയ്തു. അതിന്റെ ഫലമായി വ്യാഴാഴ്ചയിലെ പ്രാർത്ഥനയിൽ മൂന്ന് ദിവസം പങ്കെടുക്കുകയും പ്രാർത്ഥനാസമയം തേടുകയും ചെയ്തു. അതിന്റെ ഫലമായി എനിക്ക് ഇറ്റലിയിലേക്കുള്ള വിസ ശരിയായി ഇറ്റലിക്ക് പോകുവാൻ സാധിച്ചു. അവിടെ നല്ലൊരു ജോലി ലഭിക്കാനും എന്റെ കടങ്ങൾ വീട്ടാനും സഹായിച്ച കനീസിയൂസ് അച്ചനോട് ഉരുകിയ മനസ്സുമായി നന്ദി അർപ്പിക്കുന്നു.

*ലൈജി, തുറവശ്ശേരി, കുഴൂർ*






15

**(കനീസിയൂസച്ചന്റെ മദ്ധ്യസ്ഥശക്തിയാൽ ആനി മാർട്ടിന് രോഗശാന്തി ലഭിച്ച വിവരം അറിയിച്ചുകൊണ്ട്, അമ്പഴക്കാട് ആശ്രമ പ്രിയോർ ഫാ. ജോൺ കൊള്ളന്നൂരിന് അയച്ച കത്ത്)**

കോട്ടമുറി, മാള

4.9.2010

ബഹുമാനപ്പെട്ട പ്രിയോരച്ചാ,

കൊവേന്തയ്ക്ക് അടുത്ത് കോട്ടമുറിയിലാണ് എന്റെ വീട്. വീട്ടുപേര് പ്ലാശ്ശേരി. ഭർത്താവിന്റെ പേര് മാർട്ടിൻ. എന്റെ പേര് ആനി. ഞാൻ രണ്ട് ആൺകുട്ടികളുടെ അമ്മയാണ്. എനിക്ക് ഇപ്പോൾ വയസ്സ് 40. വയറ്റിൽ ഉണ്ടായ വലിയ വേദനകൊണ്ടും അസ്വസ്ഥതകൾ കൊണ്ടും ഞാൻ കുറേ നാളായി വളരെ വിഷമിക്കുകയായിരുന്നു. ഒടുവിൽ, മാളയിലെ ബി.സി.എം ഹോസ്പിറ്റലിലെ ഡോ. മറിയം റോയിയെ ചെന്നുകണ്ടു.

അവർ നിശ്ചയിച്ചതനുസരിച്ച് അവിടെ തന്നെ സ്കാനിംഗ് നടത്തി. അപ്പോൾ മനസ്സിലായി യൂട്രസ്സിൽ ഒരു വലിയ തടിപ്പുണ്ടെന്ന്. അവിടെ നിന്ന് പ്രത്യേക മരുന്നൊന്നും ലഭിച്ചില്ല. വിദഗ്ദ്ധ ചികിത്സ വേണമെന്ന് മാത്രം അവർ നിർദ്ദേശിച്ചു. സംഭവം അറിഞ്ഞതു മുതൽ ഞാൻ വലിയ സങ്കടത്തിലായി. സമാധാനമില്ലാതായി. ഞാൻ കൊവേന്തപ്പള്ളിയിൽ ചെന്ന് അമ്മ ത്രേസ്യ പുണ്യവതിയോട് പ്രാർത്ഥിച്ചു. ബ. കനീസിയൂസച്ചന്റെ കബറിടത്തിൽ മുട്ടുകുത്തി പ്രാർത്ഥിക്കാൻ തുടങ്ങി. വീട്ടിൽവെച്ചും ബ കനീസിയൂസച്ചന്റെ മാദ്ധ്യസ്ഥസഹായം തേടി അപേക്ഷിച്ചു.

ഒരു മാസം അങ്ങനെ കഴിഞ്ഞു. ഞാൻ തൃശൂർ മെഡിക്കൽ കോളേജിൽ ചെന്നു. ഡോ. ഷൈമയെയാണ് കണ്ടത്. അവരും സ്കാനിംഗ് ചെയ്യണമെന്ന് നിർദ്ദേശിച്ചു. പരിശോധനാഫലം കണ്ടപ്പോൾ ഡോക്ടർ പറഞ്ഞു നിങ്ങളുടെ ഗർഭാശയത്തിൽ ഇപ്പോൾ തടിപ്പോ മറ്റ് പ്രശ്നങ്ങളോ ഒന്നുമില്ല. അസുഖം പൂർണ്ണമായും മാറിക്കഴിഞ്ഞിരിക്കുന്നു.

എനിക്കുണ്ടായ സന്തോഷത്തിന് അളവില്ല. ഞാൻ ആരോഗ്യവതിയായി. ദൈവത്തിന് സ്തുതി.

പ്രത്യേകമായ ചികിത്സകളോ ഓപ്പറേഷനോ കൂടാതെയാണ് എന്റെ രോഗം സുഖപ്പെട്ടത്. ബ. കനീസിയൂസച്ചന്റെ കബറിടത്തിലെ പ്രാർത്ഥനയായിരുന്നു എന്റെ ശക്തമായ മരുന്ന്. അദ്ദേഹത്തിന്റെ മാദ്ധ്യസ്ഥശക്തി കൊണ്ടാണ് എന്റെ രോഗം പൂർണ്ണമായി മാറിയത് എന്ന് ഞാൻ ഉറച്ചു വിശ്വസിക്കുന്നു. ആ പുണ്യപിതാവിനോടും ദൈവപിതാവിനോടും ഞാൻ നന്ദി പറയുന്നു.

അസുഖം ഉണ്ടെന്ന് കണ്ട സ്കാനിംഗും അസുഖം മാറിയെന്ന് സ്ഥിരീകരിച്ച സ്കാനിംഗിന്റെ കോപ്പിയും സൂക്ഷിച്ചുവച്ചിട്ടുണ്ട്. ബ. അച്ചൻ എനിക്കു വേണ്ടിയും എന്റെ കുടുംബത്തിനു വേണ്ടിയും പ്രത്യേകം പ്രാർത്ഥിക്കണമെന്ന് ഞാൻ അപേക്ഷിക്കുന്നു.

ദൈവത്തിന് ആയിരം സ്തോത്രം ചൊല്ലിക്കൊണ്ട്,

*ആനി മാർട്ടിൻ, പ്ലാശ്ശേരി വീട്*

---

"ആരുടെയയെല്ലാം അപൂർണ്ണതകൾ കാണാൻ കർത്താവ് എനിക്കിടവരുത്തുന്നുവോ അവരാണ് ഞാൻ അവിടുത്തോടു കൂടി രക്ഷിക്കേണ്ട ആത്മാക്കളെന്ന രഹസ്യം മനസ്സിലാക്കുക."

## 16 (എറണാകുളത്തെ ജേക്കബ് ജോസിന്റെ അസുഖം മാറിയപ്പോൾ റവ.ഫാ. ജോസഫ് ഏലിയാസിന് എഴുതിയത്)

22.09.2010


പ്രിയപ്പെട്ട ഏലിയാസ് അച്ചാ,
നമ്മുടെ പ്രിയങ്കരനായ കനീസിയൂസച്ചന്റെ മാദ്ധ്യസ്ഥം വഴി ദൈവത്തോട് ഞാനും, എന്റെ കുടുംബാംഗങ്ങളും ബന്ധുക്കളും പ്രാർത്ഥിച്ചപ്പോൾ ലഭിച്ച രോഗസൗഖ്യത്തെ ക്കുറിച്ച് അങ്ങയോട് പങ്കുവയ്ക്കുവാൻ സന്തോഷമുണ്ട്.



2005 ൽ എന്റെ മകൻ ജേക്കബ് ജോസ് പ്ലസ്ടുവിന് പഠിക്കുമ്പോൾ റെക്കറന്റ് റെസ്പിറേറ്ററി ഇൻഫക്ഷൻ (Recurrent Respiratory Infection) ഉണ്ടായി. കനീസിയൂസച്ചന്റെ മാദ്ധ്യസ്ഥസഹായം തേടുകയും എറണാകുളം ഇന്ദിരാഗാന്ധി ഹോസ്പിറ്റലിലെ പ്രശസ്തനായ ഡോ. ക്ലെമന്റ് കള്ളിയത്തിനെ ചെന്നു കാണുകയും ചെയ്തു. രോഗം പെട്ടെന്ന് ഭേദമായി. ഈ അനുഗ്രഹം കനീസിയൂസച്ചന്റെ മദ്ധ്യസ്ഥസഹായത്താൽ ദൈവത്തിൽ നിന്നും ലഭിച്ചതാണെന്ന് ഞങ്ങൾ ഉറച്ചുവിശ്വസിക്കുന്നു.
വർഷങ്ങൾ പിന്നിട്ട് 2010 ൽ മദ്രാസ് ലെയോളയിൽ മകൻ എം.എസ്.ഡബ്ള്യൂന് പഠിക്കുകയായിരുന്നു. അപ്പോൾ അവന് ഡെങ്കിപ്പനി ബാധിച്ച് വളരെ അവശനിലയിലായി. വീണ്ടും ഞങ്ങൾ കനീസിയൂസച്ചന്റെ മാദ്ധ്യസ്ഥം തേടി പ്രാർത്ഥിക്കുകയും വീണ്ടും ഡോ. ക്ലമന്റ് കള്ളിയത്തിനെ സമീപിക്കുകയും ചെയ്തു. പ്രതീക്ഷിച്ചതിനേക്കാൾ വേഗത്തിൽ മകൻ ആരോഗ്യം വീണ്ടെടുത്ത് പഠനം തുടർന്നു. ഇത് കനീസിയൂസച്ചന്റെ പ്രത്യേക ഇടപെടൽ മൂലമാണെന്ന് ഞാനും എന്റെ കുടുംബവും വിശ്വസിക്കുന്നു. ആ പുണ്യപിതാവിന് പ്രത്യേകം നന്ദി.
എന്ന്,
*സി.സി. ജോസ്, കരിക്കാമുറി, എറണാകുളം*

---

"വീട്ടപ്പെടാത്ത വല്ല കടവും ശുദ്ധീകരിക്കപ്പെടാത്ത വല്ല കറയും ശേഷിക്കുന്നുവെങ്കിൽ ദിവ്യനാഥനതെല്ലാം ദിവ്യപൂജയുടെ അനന്തശക്തിയിൽ കഴുകിക്കളഞ്ഞ് അദ്ദേഹത്തെ നിത്യാശേഷത്തിലേക്ക് സ്വീകരിക്കണമെ എന്ന പ്രാർത്ഥനയോടെ മൂന്ന് ദിവ്യപൂജ സമർപ്പിക്കാം."


നാം എല്ലാവരും, പിതൃഭവനത്തിൽ ഒന്നിച്ചുചേരുന്നദിവസം മു
ന്നിൽകണ്ടുകൊണ്ട്, ജീവിതായോധനത്തിൽ പൂർണ്ണവിജയത്തിനായി, നമുക്ക്
ധീരധീരം പോരാടാം. അതിനായി നമുക്ക്, പ്രാർത്ഥനകൊണ്ട്, പരസ്പ
രം സഹായിക്കാം. യാത്ര!

C.S.R., PARIYARAM,
TRICHUR – 680 721
KERALA.

Canisius, C.M.I.
(FR. CANISIUS, C.M.I.)
21 – 11 – 1990.

Rc. 21/11/1991. 12/4/92.
Rc. 1/1/1993. Rc 2/6/93

To THE CARMELITES OF MARY IMMACULATE,
C/o REV. FR. THOMAS MAMPRA, C.M.I.
PRIOR GENERAL,
PRIOR GENERAL'S HOUSE,
COCHIN, KERALA – 682 011.

# മൊഴിമുത്തുകൾ

**ദൈവദാസനായ കനീസിയൂസച്ചന്റെ കൃതികളിലും കത്തുകളിൽനിന്നും മറ്റും സമാഹരിച്ച സൂക്തങ്ങൾ**

☞ ദൈവത്തോടുള്ള ബന്ധത്തെ മനുഷ്യൻ പല വിധത്തിൽ വാക്കുകൊണ്ടും ആചാരങ്ങൾകൊണ്ടും പ്രകടിപ്പിക്കുന്ന പ്രക്രിയയാണ് ആരാധന.


☞ പ്രാർത്ഥന ബാഹ്യമായ ചൊല്ലിക്കൂട്ടലോ ഒച്ചവെയ്ക്കലോ അല്ല. മറിച്ച് അത് ആന്തരീകമാണ്. ശരിക്ക് പ്രാർത്ഥനയുടെ അരൂപിയിലുള്ള ഒരാൾ ഇന്ന നേരം എന്നില്ലാതെ ഓരോ നിമിഷവും പ്രാർത്ഥനയിലാണ് ചിലവഴിക്കുക.

☞ തിരുസഭാപ്രവർത്തനങ്ങൾ ഉന്നം വയ്ക്കുന്ന ഉച്ചകോടി, ആരാധനയാണ്. അതേസമയം, അവളുടെ ശക്തിയെല്ലാം പ്രവഹിക്കുന്ന ഉറവിടവും അതാണ്.

☞ കർത്താവിന്റെ ഹൃദയശാന്തതയും എളിമയും അവിടുന്ന് തന്നെ തന്നാലെ അവ നമുക്ക് സ്വായത്തമാകൂ.

☞ നഷ്ടപ്പെടുന്നുവെന്നത് തോന്നൽ മാത്രമാണ് മിക്കപ്പോഴും. യാഥാർത്ഥ്യമാണെങ്കിൽത്തന്നെ താല്ക്കാലികമാണ്, ആ നഷ്ടം. ഒരു പടി കൂടി കടന്ന് ആലോചിച്ചാൽ നഷ്ടം ഈ ലോകത്തിൽ മാത്രമാണ്.

- നമുക്കെപ്പോഴും നിർദ്ദേശങ്ങൾ നൽകിക്കൊണ്ടിരിക്കുന്ന അവിടുത്തെ നാമം സ്തുതിക്കപ്പെടട്ടെ.
- ക്ഷമയാണ് രോഗാവസ്ഥയിലെ ഏറ്റവും വലിയ ഔഷധം.
- കുരിശിൽ കിടന്നുകൊണ്ട് സ്വന്തം ഘാതകർക്കു വേണ്ടി പിതാവിനോട് ക്ഷമ യാചിക്കുന്ന ദൈവസുതന്റെ സുന്ദര രൂപം നമ്മുടെ മനസ്സിൽ മായാമുദ്ര പതിക്കട്ടെ.
- മാതാവിനെപ്പോലെ ഹൃദയത്തിൽ സംഗ്രഹിക്കാൻ പഠിക്കണം. മിതത്വ സ്വാഭവത്തിന്റെ അടിസ്ഥാനമിതാണ്.
- മനുഷ്യന് ദൈവത്തോടുള്ള ബന്ധം സംബന്ധിച്ച അറിവിന്റെ ശ്രോതസ്സ്, ദൈവവും മനുഷ്യനുമായുള്ള ഉടമ്പടികളുടെ ചരിത്രം ഉൾക്കൊള്ളുന്ന വിശുദ്ധ ഗ്രന്ഥമാണ്.
- നമുക്ക് ഈ ലോകത്തിൽ നിർവ്വഹിക്കുവാനുമുള്ള ഏകകാര്യം! പിതാവിന്റെ ഇഷ്ടം അത് മുഴുവൻ അത് മാത്രമായിരിക്കണം.
- പിതാവിന്റെ തിരുചിത്തനിർവ്വഹണമായിരിക്കണം എന്റെ ഭക്ഷണം എന്ന നിഷ്ഠയാണ് അനുസരണവ്രതത്തിന്റെ അന്തഃസത്ത.
- കർത്താവിന്റെ കാര്യങ്ങൾ നടക്കുന്നത് പ്രേഷിതവൃത്തിയിലൂടെയാണ്.
- മാംസമോ രക്തമോ എന്തു പറയുന്നുവെന്ന് നോക്കാതെ കർത്താവിന്റെ ഇഷ്ടം മാത്രം നോക്കി ജീവിക്കുവാൻ നമുക്ക് പ്രാർത്ഥിക്കാം.
- സഹനത്തിന്റെ വിനാഴികകൾ ഒന്നും നഷ്ടപ്പെടാതിരിക്കുവാൻ സർവ്വാത്മനാ യത്നിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യാം.
- പിതാവെ ക്ഷമിക്കണമെ എന്നുള്ള പ്രാർത്ഥനയുമായി പിതാവായ ദൈവത്തെ സമീപിക്കുന്ന ഒരുവൻ, ക്രൂശിതനായ മിശിഹായുടെ അഭിമാനപാത്രമായിരിക്കും.
- വിശുദ്ധ സ്ഥലത്തെ തുലാസ്സിൽ അളക്കുന്ന നിത്യവിധിയാളന്റെ മുമ്പിൽ ദയ കണ്ടെത്തുവാൻ നമുക്ക് പ്രാർത്ഥിക്കാം.
- ദൈവം വിശ്വസ്തനാണെന്ന് നാളിതുവരെയുള്ള ചരിത്രവും, സുബുദ്ധിയും ഉറപ്പു നൽകുന്നു.
- അവിടുത്തെ തിരുവിഷ്ടത്തിന് പൂർണ്ണമായും നമ്മെ വിട്ടുകൊടുക്കാം. ദൈവതിരുമനസ്സ് പൂർണ്ണമായും നിറവേറട്ടെ.
- തിന്മയ്ക്ക് വഴങ്ങുകയില്ല, വഴിപ്പെടുകയില്ല, വിട്ടുകൊടുക്കുകയില്ല, അംഗീകാരം നൽകില്ല, കൂട്ടുനിൽക്കില്ല എന്ന ഉറച്ച പ്രശാന്തമായ നിലപാടാണ് ക്രിസ്ത്യാനിയുടെ ജീവിതനിഷ്ഠ.
- ആർക്കെങ്കിലും നമ്മോട് കടങ്ങളുണ്ടെങ്കിൽ അവയേവയാണെന്ന് ദൈവസമക്ഷം കണ്ടുപിടിച്ച് ദൈവം സാക്ഷിയായിരിക്കെ, അവയെല്ലാം എഴുതിത്തള്ളുക. വ്യവസ്ഥകളൊന്നും വയ്ക്കാതെ.
- പ്രശാന്തമായി പ്രസന്നമുഖത്തോടെ സസന്തോഷം ദൈവകരങ്ങളിൽ നിന്നും സ്വീകരിക്കുന്ന സഹനത്തിന്റെ ഓരോ നിമിഷത്തിനുമുള്ള വില അനേക കോടി തങ്കക്കട്ടികളാണെന്ന യാഥാർത്ഥ്യം ലോകത്തിന് മനസ്സിലാവുകയില്ല.
- ദൈവത്തിനുവേണ്ടി ജോലി ചെയ്ത് തളർന്നുവീഴുന്നത് എത്രയോ ആനന്ദകരം.
- കേരളമേ, നിന്റെ ദൗത്യം ഭാരതത്തിന്റെ ആരാമീകരണം.
- സഹോദരങ്ങൾ ചോദിക്കുന്ന സേവനങ്ങൾ ഓരോരുത്തരുടെയും ഉപരിനന്മയ്ക്കുതകത്തക്ക വിധം സത്വരമായും സന്തോഷത്തോടും കൂടിയും നിസ്വാർത്ഥമായും ചെയ്തുകൊടുക്കണം.
- സത്യസന്ധത അന്യൂനമായി പാലിക്കണമെങ്കിൽ, സുഖസൗകര്യാദികളും മനുഷ്യപ്രീതിയും, ലൗകികപ്രഭാവവും നാം തൃണവത്ക്കരിച്ചേ തീരൂ.




## കനീസിയൂസ് ഗുരുകാവ്യ ചരിതം

നല്ലകവിത എപ്പോഴും സുന്ദരമാണ്. കാവ്യ ഭാവന ഒരു വ്യക്തിയുടെ ഹൃദയത്തിൽ നിന്നും വിരിയുന്ന മനോഹര പുഷ്പമാണ്. ഒരു വ്യക്തിയുടെ ജീവിതചരിത്രം കാവ്യാത്മ കമായി അവതരിപ്പിക്കുക ശ്രമകരമായ ജോലിതന്നെ. പക്ഷെ, ഹൃദയഹാരിയായ ഒരു കവിത പോലെ, കാവ്യഭംഗിയോടെ ഈ ലോകത്ത് ജീവിച്ച് സുകൃത പുഷ്പമാ യിത്തീർന്ന ദൈവദാസൻ കനീസിയൂസച്ചന്റെ ജീവിതം കവിതാരൂപത്തിലാക്കുന്നത് അഭി മാനത്തിന് വകനൽകുന്നു. താൻ അടുത്ത റിഞ്ഞ കനീസിയൂസച്ചനെ ഏറെ സുന്ദരമായ ശൈലിയിൽ ബഹു. ജോസഫ് വിതയത്തില ച്ചൻ അവതരിപ്പിച്ചിരിക്കുന്നത് ശ്ലാഘനീയമാ ണ്. കവിതയുടെ സമാപനത്തിൽ കനീസിയൂ സച്ചനെക്കുറിച്ച് ഉദ്ദരിച്ചിരിക്കുന്നത് ഇപ്രകാ രമാണ്.

"ദിവ്യജ്യോതിസ്സായ് കനീസിയൂസച്ചൻ
ദേവലോകേ ജ്വലിക്കട്ടെ നിത്യവും"

## ത്രിമുഖ ജപമാല


ദൈവദാസനായ കനീസിയൂസച്ചൻ ജപമാല ഭക്തനാണ്. കനീസിയൂസച്ചന്റെ സമർപ്പണ ജീവിതത്തിൽ മാതൃകയും മാതാവും മുന്നോ ടിയും പ. കന്യകാ മറിയമായിരുന്നു. കനീ സിയൂസച്ചൻ കുറിച്ചു വയ്ക്കുന്നു. 'അങ്ങ യുടെ ഇളയ മക്കളായ ഞങ്ങളും ഗതിവിഗ തികളെല്ലാം അചഞ്ചല വിശ്വാസത്തോടെ അഭിമുഖീകരിച്ച് തീർത്ഥയാത്രയിൽ വിജയം കൈവരിക്കാൻ പ. മറിയമെ തമ്പുരാന്റെ അമ്മേ, പാപികളായ ഞങ്ങൾക്കുവേണ്ടി ഇപ്പോഴും ഞങ്ങളുടെ മരണ സമയത്തും തമ്പുരാനോട് അപേക്ഷിക്കണമെ '. ഈ ജപ മാല പ്രാർഥനയ്ക്ക് കനീസിയൂസച്ചൻ പേരി ട്ടിരിക്കുന്നത് 'ത്രിമുഖ ജപമാലയെന്നാണ്.' ഓരോ ദശകങ്ങളിലും മൂന്നു ഉപമകങ്ങൾ വീതം ധ്യാനത്തിനും പ്രാർഥനയ്ക്കുമായി സമർപ്പിച്ചിക്കുന്നു. ഈശോയിലേയ്ക്ക് വള രാൻ ആഗ്രഹിക്കുന്നവർക്ക് ദൈവദാസനായ കനീസിയൂസച്ചൻ എഴുതി തയ്യാറാക്കിയ ഈ ജപമാല ഏറെ ഉപകരിക്കും.




### ആത്മഭാഷണങ്ങൾ

ദൈവദാസൻ കനീസിയൂസ് അച്ചൻ സഹോദരി സർസീലക്കെഴുതിയ കത്തുകളുടെ സമാഹാരം

ഒരു വ്യക്തിയുടെ എഴുത്തുകൾ ആ വ്യക്തിയുടെ വ്യക്തിത്വത്തെ വെളിപ്പെടുത്തുന്നു എന്നുവേണം കരുതാൻ. അതും സ്വന്തം സഹോദരിക്കുള്ള എഴുത്തുകളാകുമ്പോൾ കൂടുതൽ ഹൃദയഭാവങ്ങൾ വെളിപ്പെട്ടുകിട്ടുന്നു. ദൈവദാസനായ കനിസീയൂസച്ചൻ സ്വന്തം സഹോദരിക്കയച്ച എഴുത്തുകൾ നാമകരണ നടപടിയുടെ ഭാഗമായി പ്രസിദ്ധീകരിക്കുകയാണ്. വി. ബെനഡിക്ട് സ്വന്തം സഹോദരിയായ വി. സ്കൊളാസ്റ്റിക്കയുമായി ആത്മീയ സംഭാഷങ്ങൾ നടത്തിയിരുന്നതായി ചരിത്രകാരന്മാർ രേഖപ്പെടുത്തുന്നുണ്ട്. അതിൽനിന്നും ഒട്ടും വിഭിന്നമല്ല ഈ എഴുത്തുകളുടെ സമാഹാരം. ദൈവദാസനായ കനീസീയൂസച്ചൻ സ്വന്തം സഹോദരി സി. സർസീലയ്ക്കുള്ള എഴുത്തുകൾ ആത്മാവിന്റെ വെളിപ്പെടുത്തലുകളായെ നിർവ്വചിക്കാനാകൂ. വെറും സുഖവിവരങ്ങൾ അന്വേഷിക്കുകയായിരുന്നില്ല ദൈവദാസനായ കനീസിയൂസച്ചന്റെ എഴുത്തുകളുടെ ലക്ഷ്യം. ദൈവദർശനങ്ങളുടെ വെളിപ്പെടുത്തലുകൾ കൂടി ഈ എഴുത്തുകളിൽ പ്രകടമാണ്. ഈ എഴുത്തുകളിലൂടെ ദൈവേഷ്ടം നിറവേറ്റുന്നതിനെക്കുറിച്ചും, ജീവിതവിശുദ്ധിയെക്കുറിച്ചുമുള്ള നേർക്കാഴ്ചകൾ ഈ എഴുത്തുകളിൽ നിന്ന് വായിച്ചെടുക്കാവുന്നതാണ്. സ്വന്തം സഹോദരിക്ക് എഴുതിയിട്ടുള്ള എഴുത്തുകൾ വ്യക്തിപരമാണെങ്കിലും അതിൽനിന്ന് വിശുദ്ധ ജീവിതത്തെക്കുറിച്ചുള്ള ഉൾപാഠങ്ങൾ നമുക്ക് മനസ്സിലാക്കിത്തരുന്നുണ്ട്. വിശുദ്ധ ജീവിതം നയിക്കുന്നതിനുള്ള ഒരു ഉൾവിളി ഈ ആത്മസംഭാഷണങ്ങളിൽ നിന്ന് ഉരുത്തിരിഞ്ഞ് ഇതു വായിക്കുന്ന ഓരോരുത്തർക്കും സംലഭ്യമാകും.




### ഭരണസേവനവും പ്രാർത്ഥനാജീവിതവും

ദൈവദാസൻ കനീസിയൂസ് തെക്കേക്കര സി.എം.ഐ.


ജീവിതം മുഴുവൻ ആത്മാവിൽ ജ്വലിച്ച്, മന്ദോഷ്ണനാകാതെ, കർത്താവിനടുത്ത ശുശ്രൂഷ നിർവ്വഹിച്ച പുണ്യാത്മാവാണ് ദൈവദാസനായ കനീസിയൂസച്ചൻ. സി.എം.ഐ സഭയിൽ ഉന്നതാധികാര ശ്രേണിയിൽ വ്യാപരിച്ചപ്പോഴും തനിക്കുള്ള ദൗത്യം കർത്താവിനെ ശുശ്രൂഷിക്കലാണെന്ന് തിരിച്ചറിഞ്ഞ മഹത് വ്യക്തിത്വമാണ് കനീസിയൂസച്ചന്റേത്, സഭയിൽ നിന്ന് ലഭിച്ച അധികാരങ്ങളെല്ലാം ശുശ്രൂഷയ്ക്കുള്ള ഉപാധികളാണെന്ന് അദ്ദേഹം മനസ്സിലാക്കി. ഭരണം സേവനമാണെന്നും, പ്രാർത്ഥനാ ജീവിത ബന്ധിയാകണമെന്നും അദ്ദേഹത്തിന് നിർബന്ധമുണ്ടായിരുന്നു. ഈ ഉൾവെളിച്ചത്തിൽനിന്നാണ് അദ്ദേഹം സ്വന്തം ജീവിതത്തിൽ നടപ്പിലാക്കിയതും നടപ്പിലാക്കിയതും, കാലാകലങ്ങളിൽ ശുശ്രൂഷ ദൗത്യത്തിനായി തിരഞ്ഞെടുക്കപ്പെടുന്നവർക്കും വേണ്ടി വേണ്ടി ഒരു ചെറുപുസ്തകം തയ്യാറാക്കിയത്. അതിന്റെ തലക്കെട്ടുതന്നെ അദ്ദേഹത്തിന്റെ ഉൾക്കാഴ്ചകൾ വിളിച്ചോതുന്നുണ്ട്: "ഭരണസേവനവും, പ്രാർത്ഥനാജീവിതവും." കാലങ്ങൾ ഏറെ പിന്നിട്ടെങ്കിലും, ഈ ആധുനിക കാലത്ത് അദ്ദേഹത്തിന്റെ സദുപദേശങ്ങൾ ശുശ്രൂഷാദൗത്യത്തിലേക്ക് തിരഞ്ഞെടുക്കപ്പെട്ടവർക്ക് ഉപകാരപ്രദമാണ്.




### കനീസിയൂസച്ചൻ കുടുംബങ്ങളോട്

ദൈവദാസനായ ബഹു. കനീസിയൂസച്ചൻ കുടുംബങ്ങൾക്കെഴുതിയ സന്ദേശങ്ങളുടെ സമാഹാരം

കുടുംബബന്ധങ്ങൾ ഏറ്റവും നിർമ്മലതയോടെ കാത്തുസൂക്ഷിച്ച വ്യക്തിയാണ് കനീസിയൂസച്ചൻ. കുടുംബാംഗങ്ങൾക്ക് മാത്രമല്ല, താൻ പരിചപ്പെട്ട കുടുംബങ്ങളിലേക്കും ഒരു സ്നേഹദൂതനായി എഴുത്തുകളിലൂടെ കനീസിയൂസച്ചൻ കടന്നുവന്നു. കുടുംബങ്ങൾക്ക് എഴുതിയ എഴുത്തുകളെല്ലാം പരമാവധി ശേഖരിക്കുവാൻ സാധിച്ചിട്ടുണ്ട്. അതെല്ലാം ഒരു സമാഹാരമായി പ്രസിദ്ധീകരിക്കുവാൻ ഏറെ സന്തോഷമുണ്ട്. ഇതുവഴിയായി കുടുംബങ്ങളോടും വ്യക്തികളോടുമുള്ള കനീസിയൂസച്ചന്റെ കാഴ്ചപ്പാടുകൾ വായനക്കാർക്ക് എളുപ്പം മനസ്സിലാക്കാൻ സാധിക്കും. ഇത് പുണ്യചരിതനായ കനീസിയൂസച്ചന്റെ പരിമളം കൂടുതൽ അടുത്തറിയാൻ ഇടവരുത്തും.




## കനീസിയൂസച്ചൻ സി.എം.ഐ മക്കളോട്


ദൈവദാസനായ ബഹു. കനീസിയൂസച്ചൻ സി.എം.ഐ സഭാംഗങ്ങൾക്കെഴുതിയ സന്ദേശങ്ങളുടെ സമാഹാരം

ദൈവദാസനായ കനിസീയൂസച്ചൻ സി.എം.ഐ. സഭയുടെ ജനറാളച്ചനായിരുന്ന 1966-1972 കാലഘട്ടത്തിൽ "കർമ്മല സന്ദേശം" മാസികയിൽ എഴുതിയിരുന്ന സന്ദേശങ്ങൾ നാമകരണ നടപടിയുടെ ഭാഗമായി വീണ്ടും പ്രസിദ്ധീകരിക്കുകയാണ്. ഇത് ഒരു പുനർവായനയ്ക്കും, വിചിന്തനത്തിനും, കനീസിയൂസച്ചന്റെ പുണ്യവഴികൾ തിരിച്ചറിയുന്നതിനും, സി.എം.ഐ. സഭയുടെ നവീകരണത്തിനും, നാമകരണനടപടികൾ ത്വരിതപ്പെടുത്തുന്നതിനും പുതിയ ആത്മീയവഴികൾ വെട്ടിത്തുറക്കുന്നതിനും ഏറെസഹായകമാകും എന്നതിൽ സംശമില്ല.




## മൊഴികൾ

ദൈവദാസനായ കനീസിയൂസച്ചന്റെ കൃതികളിലും കത്തുകളിൽനിന്നും മറ്റും സമാഹരിച്ച സൂക്തങ്ങൾ




## കനീഷ്യസച്ചനെക്കുറിച്ച്

ബ. ഫാ. കനീഷ്യസ് തെക്കേക്കര പൊതപറമ്പിൽ സി.എം.ഐ സുകൃതസമ്പന്നതയുടെ സുഗന്ധവാഹകനായി മനുഷ്യമനസ്സുകളിൽ മരിക്കാതെ ജീവിക്കുന്നു. ബ. കനീഷ്യസച്ചൻ എന്ന സാത്വിക തേജോപുഞ്ജത്തെ, അതിന്റെ അനന്യതയിൽ തന്നെ ബ. ഫാ. ജോർജ്ജ് നേരെപ്പറമ്പിൽ സി.എം.ഐ വളരെ ആകർഷകവും, ആസ്വാദ്യകരവും പ്രചോദനാത്മകവും ആയിട്ടുള്ള രീതിയിൽ അനുവാചകരുടെ മുമ്പിൽ ഇതിലൂടെ അവതരിപ്പിച്ചിരിക്കുന്നു. കനീഷ്യസ്- സംഭവങ്ങളോട് ചേർത്ത് നിറുത്തി ആരെയും മഹത്വരിക്കാനുള്ള പാഴ്പ്രവർത്തനങ്ങളോ, ഒളിസേവനങ്ങളോ ബാദ്ധ്യതാബന്ധ തിരുകിക്കയറ്റലുകളോ ജോർജ്ജച്ചന്റെ 'കനീഷ്യസച്ചനെ'ക്കുറിച്ച് എന്നതിൽ തീരെ ഇല്ല എന്നുള്ളത് പ്രത്യേകം പ്രസ്താവ്യമാണ്. ബ. കനീഷ്യസച്ചന്റെ പരിപാവനമായ ചരിത്രത്തെ മറയും മാധ്യമവുമാക്കി സ്വന്തം ആദർശാശയങ്ങൾ കുത്തി നിറച്ച്, വെളിച്ചം കാണിച്ച് അവയെ വിശുദ്ധവൽക്കരിക്കാനും സാമാന്യവൽക്കരിക്കുവാനും ഉള്ള വില കുറഞ്ഞ വ്യാമോഹങ്ങളും ഇതിൽ തീരെ ഇല്ല എന്നുള്ളതും ശ്ലാഘനീയമാണ്. 'കനീഷ്യസച്ചനെക്കുറിച്ച് കനീഷ്യസച്ചനെക്കുറിച്ച് മാത്രമാണ്.





## പ്രഘോഷണവേദിയിലെ കനീസിയൂസച്ചൻ ദൈവദാസനായ ബഹു. കനീസിയൂസച്ചന്റെ സന്ദേശങ്ങളുടെ സമാഹാരം

വചനോപാസകനാണ് ദൈവദാസനായ കനീസിയൂസച്ചൻ. വചനത്തെ ധ്യാനിച്ച് ജീവിതചര്യയാക്കി തന്റെ അനുവാചകർക്ക് പകർന്നുകൊടുക്കുക ജീവിതദർശനമാക്കിയ വത്സല പിതാവ്. ദൈവവചന പഠനത്തിൽ ആഴമായ അവഗാഹമുണ്ടായിരുന്ന കനീസിയൂസച്ചൻ ലളിതമായ ഭാഷയിൽ തന്നെ ശ്രവിക്കുന്നവർക്ക് വചനം പങ്കുവെച്ച് കൊടുക്കുമായിരുന്നു. ഓരോ വചനസന്ദേശത്തിനും മുമ്പ് പ്രാർത്തിച്ചൊരുങ്ങി ചിന്തകൾ എഴുതി പങ്കുവെയ്ക്കുന്ന ശീലമാണുണ്ടായിരുന്നത്. അദ്ദേഹത്തിന്റെ വചന ചിന്തകൾക്ക് ആഴവും വ്യാപ്തിയുമുണ്ടായിരുന്നു എന്നു മാത്രമല്ല വചന ചിന്തകൾക്ക് വ്യക്തമായ ആഖ്യായന ശൈലിയുമുണ്ടായിരുന്നു. തന്റെ ജീവിതകാലത്ത് എഴുതി തയ്യാറാക്കിയിരുന്ന 40 ഓളം വചന സന്ദേശങ്ങളും ആശംസകളുമാണ് ഇപ്പോൾ പുസ്തക രൂപത്തിലാക്കുന്നത്. ദൈവദാസൻ കനീസിയൂസച്ചനെ അടുത്തറിയാനും, അദ്ദേഹത്തിന്റെ സന്ദേശങ്ങൾ ഉൾക്കൊള്ളാനും ഇത് വായിക്കുന്നവർക്ക് സഹായകമാകട്ടെ.

---


"പ്രാർത്ഥന, നമസ്കാരം, കുർബ്ബാന, കുമ്പസാരം, സൽസ്വഭാവം ഇവയിൽ പരമാവധി അതായത് സാധിക്കുന്നിടത്തോളം ശ്രദ്ധ പതിക്കുക."




**ദൈവദാസൻ കനീസിയൂസച്ചന്റെ ഡയറിക്കുറിപ്പുകൾ**


ജീവിതത്തിലുണ്ടാകുന്ന എല്ലാ അനുഭവങ്ങളും, ചിന്തകളും എഴുത്തുകളിലൂടെയും, ഡയറിക്കുറിപ്പുകളിലൂടെയും കുറിച്ചുവയ്ക്കുന്ന പതിവ് കനീഷ്യസച്ചനുണ്ടായിരുന്നു. ദൈവദാസൻ കനിസീയൂസച്ചൻ സൂക്ഷിച്ചുവെച്ചിരുന്ന വസ്തുക്കളിൽ അദ്ദേഹത്തിന്റെ ഡയറിക്കുറിപ്പുകളും ഉൾപ്പെടും. ഒരു വ്യക്തിയുടെ സ്വകാര്യത സൂക്ഷിക്കുന്ന ഇടമായി കാണണം ഡയറിക്കുറിപ്പുകൾ. കനിസീയൂസച്ചന്റെ സ്വകാര്യസ്വത്തായിരുന്ന ഡയറിക്കുറിപ്പുകൾ പ്രകാശപൂരിതമാകുകയാണ്. കനീസിയൂസച്ചനെന്ന വ്യക്തിയുടെ നേർരൂപം തുറന്നു കാട്ടുവാൻ സഹായിക്കുന്നതാണ് ഡയറിക്കുറിപ്പുകൾ. തന്റെ സ്വകാര്യജീവിതത്തിന്റെ ആവിഷ്കാരം മാത്രമല്ല, ഡയറിക്കുറിപ്പുകളിലുള്ളത്. അതിനേക്കാൾ ഉപരിയായി, അനുദിന വിചിന്തനങ്ങളും, ക്ലാസ് നോട്ടുകളും, ചെറുപ്രസംഗക്കുറിപ്പുകളും ആരാധനയ്ക്ക് ഉപയോഗിച്ചിരുന്ന പ്രാർത്ഥനകളും എല്ലാം കനീസിയൂസച്ചന്റെ ഡയറിക്കുറിപ്പുകളിൽ നിന്ന് കണ്ടെത്താനാകും.

"മരണം മൂലം വേർപെട്ടുപോയ നമ്മുടെ മാതാപിതാക്കന്മാരേയും സഹോദരീസഹോദരന്മാരേയും അനുസ്മരിക്കുക, അവർക്കുവേണ്ടി പ്രാർത്ഥിക്കുക."





**കനീസിയൂസച്ചനും കർമ്മലൂത്തസഭയും**

പുണ്യചരിതനായ ബ. കനീസിയൂസച്ചന്റെ ജീവിതവഴികൾ പുനരാലേഖനം ചെയ്യുന്നതിനുള്ള പ്രശംസനീയമായ ഒരു പരിശ്രമമാണ് ഫാ. ജോസ് ചുങ്കൻ സി.എം.ഐ രചിച്ച 'കനീസിയൂസച്ചനും കർമ്മലീത്തസഭയും' എന്ന ഗ്രന്ഥം. എണ്ണൂറ്റിയമ്പതോളം പുറങ്ങളിൽ വിസ്തൃതമായിക്കിടക്കുന്ന ഗ്രന്ഥഭൂമികയിൽ, വർണ്യപുരുഷന്റെ ജീവിതസന്ധികളെ വിശദമായി ആഖ്യാനം ചെയ്യുന്നതോടൊപ്പം അദ്ദേഹവുമായി ബന്ധപ്പെട്ട നിരവധി അനുബന്ധ വിഷയങ്ങളും ഔചിത്യ ദീക്ഷയോടെ ഇണക്കിച്ചേർത്തിരിക്കുന്നു.




**ജീവിക്കുന്ന വിശുദ്ധൻ ഫാ. കനീസിയൂസ്**

കനീസിയൂസച്ചനും കർമ്മലീത്തസഭയും എന്ന ബൃഹദ് ഗ്രന്ഥത്തിന്റെ സംഗ്രഹിത പ്രസിദ്ധീകരണമല്ല ഇത്. പുനരാലേഖനവും അല്ല. 2012 മെയിൽ ജന്മനാടായ ആനന്ദപുരത്ത് പുണ്യപുരുഷനായ കനീസിയൂസച്ചന്റെ 98-ാം ജയന്തി ആഘോഷിച്ചപ്പോൾ, ജനപ്രതിനിധിയായ ഒരു ഹൈന്ദവസഹോദരൻ അഭിപ്രായപ്പെട്ടു. 'ഇത്ര മഹാനും ദിവ്യനുമാണ് അച്ചൻ എന്ന് ഇന്നത്തെ തലമുറയ്ക്ക് അറിഞ്ഞുകൂടാ. ഞങ്ങളെപ്പോലുള്ളവർക്ക് അദ്ദേഹത്തെ പരിചയപ്പെടുത്തുന്ന ചെറിയ പുസ്തകങ്ങളോ മറ്റോ പ്രസിദ്ധീകരിച്ചിരുന്നെങ്കിൽ...' ഈ അഭ്യർത്ഥന ഒരു ലഘുജീവചരിത്രഗ്രന്ഥം എഴുതുവാൻ എന്നെ നിർബന്ധിതനാക്കി.





**മൊഴിമുത്തുകൾ**

**പോൾ കല്ലുവീട്ടിൽ സി. എം. ഐ**

ദൈവദാസനായ കനീസിയൂസച്ചന്റെ കൃതികളിലും കത്തുകളിൽനിന്നും മറ്റും സമാഹരിച്ച് പോൾ കല്ലുവീട്ടിൽ സി. എം.ഐയുടെ നേതൃത്വത്തിൽ അണിയിച്ചൊരുക്കിയ സൂക്തങ്ങൾ

"നമ്മുടെ പ്രയാസങ്ങളെല്ലാം കണ്ടുകൊണ്ടിരിക്കുന്ന നമ്മുടെ കർത്താവിന്റെ മുമ്പിൽ കുഞ്ഞുങ്ങൾക്കടുത്ത മനോശരണത്തോടെ എല്ലാം നമുക്ക് സമർപ്പിക്കാം."




**ദൈവദാസൻ കനീസിയൂസച്ചന്റെ നേർമൊഴികൾ**

**ഫാ ജോസ് ചുങ്കൻ സി. എം. ഐ**

ബ. കനീസിയൂസച്ചന്റെ മാർഗനിർദ്ദേശങ്ങൾ, ഉപദേശങ്ങൾ, പ്രസംഗങ്ങൾ, കത്തുകൾ, നാനാജാതി വിഷയങ്ങളെക്കുറിച്ചും സുകൃതങ്ങളെക്കുറിച്ചും നൽകിയ ആശയങ്ങൾ, വിശദീകരണങ്ങൾ എന്നിവയെല്ലാം, ഈ ഗ്രന്ഥത്തെ അർത്ഥപൂർണ്ണമാക്കിയിരിക്കുന്നു. ഗ്രന്ഥകർത്താവായ ജോസ് ചുങ്കനച്ചന് ഊഷ്മളമായ അഭിനന്ദനങ്ങൾ




**ഫാ. കനീസിയൂസ് ദൈവത്തിന്റെ ഇഷ്ടത്തിന്നടിയറവെച്ച ഉത്തമ സന്യാസി**

**ഫാ ഐസക് ആലപ്പാട്ട് പി.**

ധന്യമായ ജീവിതം എപ്പോഴും പ്രചോദനാത്മകമാണ്; ദൈവത്തിന്റെ മാർഗ്ഗത്തിലൂടെ മുന്നോട്ടുപോകാൻ ഉത്തേജിപ്പിക്കുന്നതാണ്. ബ. കനീസിയൂസച്ചന്റെ ജീവചരിത്രം ശ്രദ്ധാപൂർവ്വം വായിക്കുന്ന ഒരാൾക്ക് ധാരാളം ഉൾക്കാഴ്ചകൾ ലഭിക്കുമെന്ന് എനിക്കുറപ്പുണ്ട്. നല്ല ഉൾക്കാഴ്ചകൾ മെച്ചപ്പെട്ട ഒരു ലോകം കെട്ടിപ്പടുക്കാൻ സഹായിക്കുമെന്ന് ഞാൻ വിശ്വസിക്കുന്നു. ആ വിശ്വാസമാണ് ഇങ്ങനെയൊരു പുസ്തകമെഴുതാൻ എന്നെ പ്രേരിപ്പിച്ചത്.




**വി. ചാവറയച്ചനും ദൈവദാസൻ കനീസിയൂസച്ചനും**

ദൈവദാസനായ കനീസിയൂസച്ചൻ വി. ചാവറയെക്കുറിച്ച് എഴുതിയ ലേഖനങ്ങളുടെയും കുറിപ്പുകളുടെയും സമാഹാരം ചാവറയച്ചനെക്കുറിച്ച് ആഴത്തിൽ പഠിച്ച്, ജീവിച്ചറിഞ്ഞ്, ജീവിതാനുഭവങ്ങൾ ചേർത്തുവെച്ചൊരുക്കിയതാണ് തന്റെ തൂലികയിലൂടെ പുറത്തുവന്നിരിക്കുന്ന ലേഖനങ്ങളും കുറിപ്പുകളും. ചാവറയച്ചൻ എന്ത് ചെയ്തു എന്നു പറയുന്നതിനേക്കാൾ, ചാവറയച്ചന്റെ കറതീർന്ന ആദ്ധ്യാത്മിക ജീവിതം വേർതിരിച്ച് തന്റെ തൂലികയിലൂടെ പ്രകാശിപ്പിക്കുകയാണ് ദൈവദാസൻ കനീസിയൂസച്ചൻ. തന്റെ ആദ്ധ്യാത്മിക ജീവിതത്തിലെ കെടാനക്ഷത്രമായി, മാതൃകയായി ദൈവദാസൻ കനീസിയൂച്ചൻ തെരഞ്ഞെടുത്തിരിക്കുന്നത് ചാവറ പിതാവിനെത്തന്നെയാണെന്ന് കൂടുതൽ മനസ്സിലാക്കാൻ ഈ ലേഖനങ്ങളും, കുറിപ്പുകളും ഏറെ സഹായിക്കുന്നുണ്ട്.





**വി. കുര്യാക്കോസ് ഏലിയാസ് ചാവറയുടെ സുകൃതവഴികൾ**

**ദൈവദാസൻ കനീസിയൂസ് തെക്കേക്കര സി. എം. ഐ.**

ചാവറ ആത്മീയതയുടെ അന്തഃസത്ത ജീവിച്ച ദൈവദാസൻ കനീഷ്യസച്ചന്റെ വാക്കുകൾ മറ്റാരേക്കാളും കൂടുതൽ ബലവും പ്രചോദനവും പകരുന്നു. 'ദൈവതിരുമനസ്സ് അത് മുഴുവൻ, അത് മാത്രം' ജീവിതമന്ത്രമാക്കിയ ദൈവദാസൻ കനീഷ്യസച്ചന്റെ ഈ ആധികാരികഗ്രന്ഥം ചാവറ ആത്മീയവിരുന്നനുഭവിക്കാനുള്ള കുറുക്കുവഴിയാണ്. കേരളസഭാസമുദ്ധാരകൻ എന്ന പേരിൽ നാല് പുസ്തകങ്ങളായി 1990ൽ പ്രസിദ്ധീകരിച്ച വി ചാവറ കുര്യാക്കാസ് ഏലിയാസ് പിതാവിന്റെ ജീവിതവും ആത്മീയതയും വ്യക്തമായി അവതരിപ്പിക്കുന്ന ഈ കൃതി ഒറ്റ പുസ്തകമായി 'വിശുദ്ധ കുര്യാക്കോസ് ഏലിയാസ് ചാവറയുടെ സുകൃതവഴികൾ' എന്ന പേരിൽ അവതരിപ്പിച്ചിരിക്കുന്നു.


“സ്വയം മറന്ന് മനുഷ്യനെ കൈകൊടുത്തുയർത്തുവാൻ സ്വയം മനുഷ്യനായ ദൈവസുതനെ കാണുന്ന ആരാണ് അപരന്റെ നന്മയെ വെറുക്കുന്ന അസൂയയിൽ നിന്ന് ഒരു മാരക ദീനത്തിൽ നിന്നെന്നപോലെ ഒഴിഞ്ഞുമാറാതിരിക്കുക? ”




**The Living Saint :** Fr Canisius is a biographical work on the servant of God Fr. Canisius written by Fr Jose Chunkan CMI, and translated by Prof. C.V Francis. This book presents the lovely and pius growth of a little boy by name Ouseph from the remote village of Annadpuram to a Veteranh spiritual leader with deep God-experience and to the status of servant of God in the Catholic Church. The golden words, 'Golden Virtues' and heavenly intercessions which are described in this book offer a good harvest for the spiritual minds.

---

"നമ്മൾ ഏറ്റെടുക്കുന്ന സഹനങ്ങൾ കൊണ്ടാണ് മിശിഹായുടെ സഭ വളർച്ച പ്രാപിക്കുകയെന്ന സത്യം ഏറെ ആനന്ദിപ്പിക്കുന്നു"




ചിത്രകഥ



# യാത്രാമൊഴി


















# ONLINE PORTALS

## WEBSITE

Canisiuscmi.com, a website is designed to know and promote the life and devotions of Servant of God Fr Canisius CMI. It is a virtual platform explains the saga of a great spiritual person Fr Canisius. This website contains various features to explore the Life of Fr Canisius. Here you will find a short Biography, his letters and words, including the Holy Face Rosary which he prayed every day. It has a photo gallery consists of images related to Fr Canisius. This website has to be subscribed by the user in order to know the frequent changes that occurs in the website. This website is connected with all other forms of social networks. It provides a prayer request box where the user can send intercessions and testimonies to document them regularly.



## MOBILE APP

"In all your ways acknowledge him, and he will make straight your paths." Proverbs 3:6


The Canisium App "Canisium" is an android application that consists of a digital data collection about Servant of God Fr. Canisius Thekkekkara CMI. It is created as a user friendly without any restrictions for accessing the data. The user would have at least one notification daily for the Canisius words to meditate upon. The content in the application is divided into five parts; namely life history, Gallery, Prayers, Prayer Requests, and More. Life history shows a brief description of the life events in which Fr. Canisius has gone through. Images can be downloaded from the Gallery section and hear the audio of letters by Fr. Canisius. In the prayer section we see three parts, here the Canisius Mozhikal is shown and it is a sharable and downloadable image resource updating daily and includes the Rosary. The prayer requests are sent through the next option safely and it is collected in prayer-box in the cloud with a Firebase secure connection. We have established the works of Fr. Canisius around 15 platforms that can be accessed by the icon in the section More and also the official website of Fr. Canisius can be accessed through the application. One of the most effective features of this application is the daily notification with Canisius Words.

## MEDIA PLATFORMS

Servant of God Fr. Canisius Thekkekkara CMI was a man of prayer. He had a deep relationship with God. This relationship enhanced his thoughts and deeds. These thoughtful and prayerful words enrich lot of people including religious priests and nuns. Now we are trying to reach out his letters, sayings and articles to everyone through the help of different platforms in the modern world both visual and audio.

# ONLINE PORTALS

- Anchor
- Breaker
- Facebook
- Google Prodcast
- Instagram
- Mobile Application 
- Pintrest
- Pocket casts
- Radiopublic
- Sportify
- Twiter
- Website
- Wikipedia
- Youtube



**Vice Postulator, Servant of God Canisus Thekkekara CMI**
Devamatha Provincial House, Thiruvambadi P.O., Patturaikkal, Thrissur- 680 022, Kerala, India
Mob: 9447694975, Ph: 0487 2334430 Email: sgfrcanisiuscmi@gmail.com